അധികാരം ജനങ്ങളിലേക്ക്

ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്

വികസന റിപ്പോർട്ട്

ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്
വികസന റിപ്പോർട്ട് - 1996

ഉള്ളടക്കം

I ആമുഖം

II ഇന്നലെയുടെ വെല്ലുവിളിയും ഇന്നിന്റെ പ്രശ്നങ്ങളും

III ഭൂപ്രകൃതിയും വിഭവങ്ങളും

IV വികസന മേഖലകൾ

1. കൃഷിയും ജലസേചനവും

2 മൃഗസംരക്ഷണം, മത്സ്യബന്ധനം

3. വിദ്യാഭ്യാസം

4. ആരോഗ്യം, കുടിവെള്ളം

5. വ്യവസായം

6. ഊർജ്ജം, റോഡ്, മാർക്കറ്റ്

7. പാർപ്പിടം, കുടുംബക്ഷേമം

8. സംസ്കാരം

9. വനിത

10. സഹകരണം

11. പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം

12. വിഭവസമാഹരണം

കേരളസംസ്ഥാനത്തിന്റെയും ആസൂത്രണ പ്രക്രിയയുടേയും ചരിത്രത്തിൽ ഒരു പുതിയ അനുഭവമായി മാറാൻ പോകുന്ന ജനകീയാസൂത്രണപ്രസ്ഥാനത്തിന് നാം വിജയകരമായ തുടക്കം കുറിച്ചിരിക്കുന്നു.

ഗ്രാമസഭകൾ, പഠന പര്യടനം എന്നിവയിലൂടെ സമാഹരിയ്ക്കാൻ കഴിഞ്ഞ, ഇടമുളയ്ക്കൽ പഞ്ചായത്തിന്റെ ചരിത്രവും സ്ഥിതിവിവരകണക്കുകളും, വികസന നിർദ്ദേശങ്ങളും അടങ്ങിയതാണ് ഈ റിപ്പോർട്ട്.

വരും നാളുകളിലെ നമ്മുടെ നാടിന്റെ വികസന പദ്ധതികളുടെ രൂപികരണവും, നടത്തിപ്പും പൂർണ്ണമായും ജനപങ്കാളിത്തത്തോടെയാവണം എന്നതാണ് ജനകീയാസൂത്രണം കൊണ്ട് ഉദ്ദേശിക്കുന്നത്. ജനകീയാസൂത്രണ പരിപാടിയിലെ കേന്ദ്രബിന്ദുവാണ് പഞ്ചായത്ത് വികസന സെമിനാർ. ഈ സെമിനാറിൽ നടക്കുന്ന ചർച്ചയിലൂടെ ഉരുത്തിരിയുന്ന വികസന നിർദ്ദേശങ്ങളാവും നമ്മുടെ പഞ്ചായത്തിന്റെ പുരോഗതിയെ സഹായിക്കുന്ന ഘടകം.

ആ അർത്ഥത്തിൽ ഈ റിപ്പോർട്ടിന് അതിന്റേതായ പ്രധാന്യമുണ്ട്. ഇത് തയ്യാറാക്കുന്നതിൽ പഞ്ചായത്ത് ഭരണസമിതിയോടൊപ്പം ആവേശപൂർവ്വം സഹകരിച്ചവർ നിരവധിയാണ്. ഏവരേയും നന്ദിയോട് സ്മരിച്ചുകൊണ്ട് അഭിമാനപൂർവ്വം ഞങ്ങൾ സമ്മർപ്പിക്കുന്നു.

P. അനിൽ

(കൺവീനർ, D. R. P)

ഭാഗം I ആമുഖം

ഗ്രാമപഞ്ചായത്തിന്റെ പേര്	:	ഇടമുളയ്ക്കൽ
ഉൾപ്പെടുന്ന വില്ലേജുകൾ	:	അറയ്ക്കൽ, ഇടമുളയ്ക്കൽ
ബ്ലോക്ക് പഞ്ചായത്ത്	:	അഞ്ചൽ
ബ്ലോക്ക് പഞ്ചായത്ത്	:	ഇടമുളയ്ക്കൽ A, ഇടമുളയ്ക്കൽ B,
ഡിവിഷനുകൾ		
താലൂക്ക്	:	പത്തനാപുരം
അസംബ്ലി മണ്ഡലം	:	പുനലൂർ
വിസ്തീർണ്ണം	:	38.73 ച:കി:മീ:
അതിരുകൾ	:	വടക്ക് വെട്ടിക്കവല, കരവാളൂർ ഗ്രാമപഞ്ചായത്തുകളും, കിഴക്ക് അഞ്ചൽ, ഇട്ടിവ ഗ്രാമപഞ്ചായത്തുകളും, തെക്ക് ചടയമംഗലം ഗ്രാമപഞ്ചായത്തും പടിഞ്ഞാറ് ഇളമാട്, ഉമ്മനൂർ ഗ്രാമപഞ്ചായത്തുകളും.
ജനസംഖ്യ	:	35978 (1991-ലെ സെൻസസ്)
വാർഡുകൾ	:	13 (പതിമൂന്ന്)
പ്രസിഡന്റിന്റെ പേര്	:	ശ്രീമതി. സരോജാവിദ്യാധരൻ
വൈസ് പ്രസിഡന്റെ പേര്	:	ശ്രീ. M. രാജേന്ദ്രൻ

1952-ൽ രൂപികരിച്ച് 1953 മുതൽ പ്രവർത്തനമാരംഭിച്ച പഞ്ചായത്താണ് ഇടമുളയ്ക്കൽ. തുടക്കത്തിൽ ഇടമുളയ്ക്കൽ വില്ലേജ് മാത്രമേ ഉണ്ടായിരുന്നുള്ളു. വിസ്തൃതമായ ഇടമുളയ്ക്കൽ വില്ലേജിനെ 1956-ൽ റവന്യൂ ഭരണസൗകര്യാർത്ഥം രണ്ടായി വിഭജിച്ചു അറയ്ക്കൽ വില്ലേജ് കൂടി രൂപികരിച്ചു. ഇതോടെ നമ്മുടെ പഞ്ചായത്ത് രണ്ട് വില്ലേജുകൾ ഉൾപ്പെട്ട അപൂർവ്വം ചില പഞ്ചായത്തുകളിലൊന്നായി മാറി. കിഴക്കൻ മലനാടുകളോടടുത്ത് കിടക്കുന്ന ഒരു കാർഷിക മേഖലയാണ് പ്രകൃതിരമണീയമായ ഇടമുളയ്ക്കൽ പഞ്ചായത്ത്.

ഭാഗം II

ഇന്നലെയുടെ നേട്ടങ്ങളും ഇന്നിന്റെ വെല്ലുവിളികളും

ചരിത്രത്തിന്റെ ഏടുകളിലൊന്നും ഒരിയ്ക്കൽ പോലും പ്രത്യക്ഷപ്പെടാതിരുന്ന ഈ പ്രദേശം, പഴയ കാലത്തെ റവന്യൂ ഭരണ സമ്പ്രദായപ്രകാരം ഇടമുളയ്ക്കൽ പകുതി എന്ന പേരിൽ അറിയപ്പെട്ടിരുന്നു. തിരുവിതാംകൂർ രാജാവായിരുന്ന ശ്രീമൂലം തിരുനാളിന്റെ ഭരണത്തിൻ കീഴിൽ ഉൾപ്പെട്ടിരുന്ന ഇടമുളയ്ക്കൽ പകുതി അക്കാലത്ത് തന്നെ തെങ്ങ്, നെല്ല്, കുരുമുളക്, അടയ്ക്കാ എന്നീ കാർഷികവിളകളാൽ സമൃദ്ധമായിരുന്നു. പ്രവൃത്തിയാരും, പിള്ളയും, മാസപ്പടിയുമായിരുന്നു ജനങ്ങളുമായി നേരിട്ടിടപെട്ടിരുന്ന സർക്കാർ ജീവനക്കാർ. രണ്ടാം ലോകമഹായുദ്ധത്തിന് മുമ്പ് ബർമ്മ, സിലോൺ, സിംഗപ്പൂർ, മലേഷ്യാ തുടങ്ങിയ വിദേശരാജ്യങ്ങളിൽ തൊഴിൽ തേടിപ്പോയി, മലയാളിയുടെ തനതായ ജീവിതസാഹസികത പ്രകടിപ്പിച്ച നിരവധിയാളുകൾ ഇവിടുണ്ടായിരുന്നു.

സവർണ ജന്മി നാടുവാഴി മേധാവിത്വം, ശക്തമായ തോതിലല്ലങ്കിൽകൂടി നമ്മുടെ നാട്ടിലും നിലമിന്നിരുന്നു. 1925 (കൊല്ലവർഷം 1101)-ൽ തടിക്കാട്ടിൽ മുഹമ്മദൻസ് സ്ക്കൂൾ എന്ന പേരിൽ ഒരു വിദ്യാലയം ആരംഭിച്ചതും, ഏതാണ്ട് അതേ സമയത്ത് തന്നെ പെരുമണ്ണൂർ പൊരുന്നയിൽ എൽ. പി. സ്ക്കൂൾ ആരംഭിച്ചതുമാണ് ഔപചാരിക വിദ്യാഭ്യാസരംഗത്തുള്ള ആദ്യ ചുവടുവയ്പ്പ്. നാടിന്റെ മറ്റു ചില ഭാഗങ്ങളിൽ അനൗചാരികവിദ്യാഭ്യാസ രംഗത്തും ഒറ്റപ്പെട്ട ചിലനീക്കങ്ങൾ നടക്കുകയുണ്ടായി. ഉതേ തുടർന്ന് ദേശീയ പ്രസ്ഥാനങ്ങളെയും, സ്വാതന്ത്ര്യസമരപരമ്പരകളെയും കുറിച്ച് ജനങ്ങളിൽ പുത്തൻ ഉണർവ് ഉണ്ടാവുകയും മാറ്റത്തിന് വേണ്ടിയുള്ള അഭിവാഞ്ഛ ഉടലെടുക്കുകയും ചെയ്തു. സ്വാതന്ത്യത്തിനുവേണ്ടിയുള്ള ജനകീയ മുന്നേറ്റങ്ങളിൽ നാമമാത്രമായ ചില സംഭാവനകൾ ചെയ്യാൻ നമുക്കും കഴിഞ്ഞിട്ടുണ്ട്. സുഭാഷ് ചന്ദ്രബോസിന്റെ നേതൃത്വത്തിൽ രൂപികരിച്ച I N A യിൽ അംഗങ്ങളായി ചേരുകയും ബ്രീട്ടിഷുകാരോട് പൊരുതി ജയിൽവാസം അനുഷ്ഠിക്കുകയും ചെയ്ത കുറേ ധീരന്മാർ നമ്മുടെ പഞ്ചായത്തിൽ നിന്നുള്ളവരാണ്. കടയ്ക്കൽ, കല്ലറ-പാങ്ങോട് സമരപരമ്പരകളിൽ പങ്കെടുത്തവരും ഒനിരവധിയാണ്.

സ്വാതന്ത്യാനന്തരകാലത്തും ജന്മികുടിയാൻ വ്യവസ്ഥയും അയിത്താചരണവും ഇവിടെ നിലനിന്നുരുന്നു. ഭൂമിയുടെ നല്ലൊരുപങ്കും മനകളും മഠങ്ങളും, ഇല്ലങ്ങളും ചില പ്രമുഖതറവാടുകളും കൈവശം വച്ചിരുന്നു. ഭൂരിപക്ഷവും കുടിയാന്മാരും കർഷകതൊഴിലാളികളുമായിരുന്നു. ചരിത്രത്തിന്റെ അഭിശപ്തമാക്കപ്പെട്ട വ്യവസ്ഥകളെ തൂത്തെറിയാൻ പ്രവർത്തിച്ച പുരോഗമനപ്രസ്ഥാനങ്ങളുടെ വേലിയേറ്റത്തോട് ചെറുത്തുനിൽക്കാതെ, മാറ്റത്തിന് വഴങ്ങിക്കൊടുത്ത് മുന്നോട്ടുകുതിച്ച പാരമ്പര്യമാണ് നമ്മുടെ പഞ്ചായത്തിനുള്ളത്. തിരുവിതാംകൂർ രാഷ്ട്രീയത്തിലെ പ്രമുഖനേതാക്കളായിരുന്ന M. N.ഗോവിന്ദൻനായർ, P. T. പുനൂസ്, T. M. വർഗ്ഗീസ് തുടങ്ങിയവരുടെ പ്രവർത്തന കേന്ദ്രങ്ങളിലൊന്നായിരുന്നു. നമ്മുടെ ുഞ്ചായത്ത്. ബഹുജനപ്രസ്ഥാനങ്ങളുടേയും നേതാക്കളുടേയും വരവോടുകൂടി ഭൂരിപക്ഷം വരുന്ന ഭൂരഹിതകർഷകരിലും കുടിയാന്മാരിലും അവകാശത്തെപ്പറ്റിയുള്ള ബോധം ഉണർന്നു. അക്കാലത്ത് 15% പേർക്ക്പോലും സ്വന്തമായി ഭൂമിയുണ്ടായിരുന്നില്ല. കേരളത്തിലുടനീളം ബഹുജനപ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ ഭൂമിയ്ക്ക് വേണ്ടിയുള്ള സമരങ്ങളുടെ ഫലമായി 1957 മുതൽ 1971 വരെയുള്ള കാലഘട്ടത്തിൽ വിവിധഭൂപരിഷ്കരണനിയമങ്ങൾ രൂപം കൊണ്ടു.

തൽഫലമായി സമ്പന്നവിഭാഗം കൈയാളിയിരുന്ന വൻഭൂസ്വത്തുക്കൾ കൈവശക്കാർക്കും കുടികിടപ്പുകാർക്കുമായി വിഭജിയ്ക്കപ്പെട്ടു. ഭൂരഹിതരായിരുന്നവർ സ്വന്തം ഭൂമിയ്ക്ക് ഉടമസ്ഥരായി. കിടക്കാൻ സ്വന്തമായി ഒരിടം കിട്ടിയ കർഷകതൊഴിലാളികളുടെ വിലപേശൽ ശക്തി ഉയർന്നു. ഭൂഉടമാബന്ധത്തിൽ വന്ന മാറ്റം സവർണ്ണ മേധാവിത്വത്തിന്റെ അടിത്തറ തോണ്ടി. ആയൂർ, ഇടമുളയ്ക്കൽ പ്രദേശങ്ങളിൽ കൂടി ഇതിനോടകം പുതിയ വിദ്യാലങ്ങലുയർന്നു. ക്ഷേത്രപ്രവേശനവിളംബരത്തോട് കൂടി അയിത്താചരണത്തിലും പ്രകടമായ മാറ്റങ്ങൾ ഉണ്ടായി. സ്വാതന്ത്യത്തിന്മുമ്പും, സ്വാതന്ത്യാനന്തരവും ഭാരതത്തിന്റെ മിക്കഭാഗങ്ങളിലും വർഗ്ഗീയകലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടപ്പോഴും മതസൗഹാർദ്ദം കണ്ണിലെ കൃഷ്ണമണിപ്പോലെ കാത്തുസൂക്ഷിക്കാൻ നമ്മുടെ പഞ്ചായത്തിന് കഴിഞ്ഞു എന്നത് അഭിമാനകരമാണ്. അക്കാലയളവിൽ സാക്ഷരത നേടി പുരോഗതിയിലേയ്ക്ക് കുതിയ്ക്കാൻ ജനങ്ങളെ സഹായച്ചതിൽ നിശ്ചയമായും ബഹുജനപ്രസ്ഥാനങ്ങളുടെ പങ്ക് അനിഷേധ്യമാണ്.

1952-ൽ രൂപികൃതമാവുമ്പോൾ നമ്മുടെ പഞ്ചായത്തിന്റെ ആസ്ഥാനം തടിക്കാട്ടിലായിരുന്നു. പിന്നീട് പാലമുക്കിലും, പനച്ചവിളയിലുമായി ആസ്ഥാനം മാറി. 1960-ൽ 500 രൂപാ വിലയ്ക്ക് പനച്ചവിളയിൽ വസ്തുവാങ്ങി പഞ്ചായത്താഫീസിന് സ്വന്തമായി കെട്ടിടം ഉണ്ടായി. തുടർന്ന് 1986-ൽ വിപുലമായ നിലയിൽ ഇപ്പോഴത്തെ കെട്ടിടം നിർമ്മിച്ച് ഓഫീസ് മാറ്റി സ്ഥാപിച്ചു. ഇപ്പോൾ നമ്മുടെ പഞ്ചായത്ത് സ്പെഷ്യൽ ഗ്രേഡ് പഞ്ചാത്താണ്. യശ:ശരീരനായ അബ്ദുൾ ഖാദർ ആയിരന്നു ആദ്യത്തെ പഞ്ചായത്ത് പ്രസിഡന്റ്. പരേതനായ N. P. ഗോപാലൻ നായർ രണ്ടാമത്തെ പ്രസിഡന്റായി. മുന്നാമത് ശ്രീ. R. ബാലകൃഷ്ണപിള്ള പ്രസിഡന്റ് ആയി. രണ്ടുതവണകളിലായി ഇരുപത്തിമുന്നു വർഷക്കാലം അദദേഹം പ്രസിഡന്റ് സ്ഥാനത്ത് തുടർന്നു. നമ്മുടെ പഞ്ചായത്തിന്റെ ഇന്നുവരെയുള്ള പുരോഗതിയിൽ മുൻഭരണസമിതികൾ വഹിച്ച പങ്ക് അഭിനന്ദനീയമാണ്.

നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ച് നാം നേരിടുന്ന പ്രശ്നങ്ങളെയും വെല്ലുവിളികളേയും മനസ്സിലാക്കി പുതിയ പഞ്ചാത്തീരാജ് നിയമ സംവിധാനത്തിന്റെ പിൻബലത്തോടെ, ജനകീയ ശക്തിയെ കൈമുതലാക്കി, ജനങ്ങൾക്ക് കൈമാറിക്കിട്ടിയ അധികാരം ഉപയോഗിച്ച് പുരോഗതിയിലേയ്ക്ക് കടക്കാനുള്ള ശ്രമം നമ്മുക്കാരംഭിക്കാം.

കാർഷികമേഖലയുടെ ദയനീയാവസ്ഥയും താഴ്ന്ന ഉത്പാദനക്ഷമതയുമാണ് മുഖ്യപ്രശ്നം. രൂക്ഷമായ തൊഴിലില്ലായ്മ യുവാക്കളിൽ നിരാശ പടർത്തിയിരിക്കുന്നു. ആരോഗ്യ, വിദ്യാഭ്യാസരംഗങ്ങളിൽ നില അൽപ്പം മെച്ചമാണെങ്കിൽ കൂടി ഗുണനിലവാരം മികച്ചതാണെന്ന് കരുതുവാൻ വയ്യ. പൊതുക്ഷേമസൗകര്യങ്ങളുടെ കുറവും, സാമ്പത്തിക, സാമൂഹ്യരംഗങ്ങളിൽ സ്ത്രീകളുടെ അദൃശ്യതയും കുറവുകളായി അവശേഷിക്കുന്നു.

ഭാഗം III

ഭൂപ്രക്രതിയും വിഭവങ്ങളും

ആമുഖം

കൊല്ലം ജില്ലയിലെ അഞ്ചൽ ബ്ളോക്കിൽ വടക്ക് പടിഞ്ഞാറായി ഉത്തര അക്ഷാംശം 80 58' 35' നും പൂർവലേഖാംശം 76° 50' 52"– 76° 54' 22" നും ഇടയിലാണ് ഇടമുളക്കൽ ഗ്രാമപഞ്ചായത്തിന്റെ സ്ഥാനം. 3873 ഹെക്റ്റർ വിസ്തൃതിയുള്ള ഈപഞ്ചായത്തിന്റെ വടക്കായി വെട്ടിക്കവല, കരവാളൂർ പഞ്ചായത്തുകളും, പടിഞ്ഞാറായി ഉമ്മന്നൂർ, ഇളമാട് പഞ്ചായത്തുകളും തെക്കുഭാഗത്തായി ചടയമംഗലം ഇട്ടിവപഞ്ചായത്തുകളും കിഴക്കായി അഞ്ചൽ പഞ്ചായത്തും സ്ഥിതി ചെയ്യുന്നു. (ചിത്രം 3.1) ഭൂമി ശാസ്ത്രപരമായി മധ്യസമതലത്തിൽ സ്ഥിതിചെയ്യുന്ന ഈപഞ്ചായത്തിന്റെ വടക്ക് ഭാഗത്ത് കടുവപ്പാറ – കോക്കാട് തോടും. പടിഞ്ഞാറ് ഭാഗത്ത് കുളഞ്ഞിതോടും തെക്ക്ഭാഗത്ത് ഇത്തിക്കര ആറും. കിഴക്ക് ഭാഗത്ത് വട്ടമൺ – മണിയാർ തോടുകളും പ്രകൃതിദത്ത അതിർത്തികളായി വർത്തിക്കുന്നു. കുന്നുകളും, സമതലങ്ങളും, ചരിവുകളും, താഴ്വരകളും, തോടുകളും, പുഴകളും ഉൾക്കൊള്ളുന്ന ശാന്തസുന്ദരമായ ഈഭൂവിഭാഗം ജില്ലയുടെ മറ്റു പ്രദോശങ്ങളുമായി റോഡു മാർഗ്ഗം ബന്ധപ്പെട്ടുകിടക്കുന്നു. സംസ്ഥാന പാത 1 ആയ എം. സി റോഡ് ഈ പഞ്ചായത്തിൽ ആയൂർ പ്രദേശത്തുകൂടെ കുറച്ചു ദൂരം കടന്നു പോകുന്നു. അഞ്ചൽ–ആയൂർ, പനച്ചിവിള–തടിക്കാട്, തടിക്കാട്–പൊടിയാട്ടുവിള, അറയ്ക്കൽ–പറത്തക്കാട്ട്, മതുരപ്പ–കമ്പംകോട് മുതലായ റോഡുകൾ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നു (ചിത്രം.32). ശരാശരി സമുദ്ര നിരപ്പിൽ നിന്നു 35 മീറ്റർ മുതൽ (ഇത്തിക്കര ആർ) 189 മീറ്റർ വരെ (ഇരുമ്പുഴികുന്ന്) ഉയരങ്ങളിൽ സ്ഥിതിചെയ്യുന്ന പ്രദേശങ്ങളിൽ 41.31% പ്രദേശത്ത് (1600 ഹെ) നദി ജന്യ എക്കലും ബാക്കിയുള്ള 58.68% പ്രദേശത്ത് (2273 ഹെ) ചെമ്മണ്ണും കാണപ്പെടുന്നു. ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിന്റെ തെക്കും മധ്യഭാഗത്തുമുള്ള ഭാഗങ്ങൾ താരതമേന്യ ചരിവു കുറഞ്ഞതും (10° താഴെ) വടക്കും, വടക്കുകിഴക്കുമുള്ള പ്രദേശങ്ങൾ ചരിവ് കൂടിയും കാണുന്നു (10°–27° വരെ). വറ്റുന്നതും വറ്റാത്തതുമായ തോടുകളും പുഴകളും ഉള്ള ഈ പഞ്ചായത്തിലെ 90% സ്ഥലവും ഇത്തിക്കര ആറിന്റെ വൃഷ്ടി പ്രദേശം ആയി വർത്തിയ്ക്കുന്നു. 1974–ൽ കേന്ദ്രകൃഷിവകുപ്പ് കേരളസംസ്ഥാനത്തെ 13 കാർഷീക കാലാവസ്ഥ മേഖലകളായി (Agro climatic zone) തരം തിരിച്ചതിൽ മലനാട് (High land) എന്ന മേഖലയിലാണ് ഈ പഞ്ചായത്തിന്റെ സ്ഥാനം. തികച്ചും ഒരു കാർഷീക ഗ്രാമമായ ഈ പ്രദേശത്തിന്റെ ആകെ വിസ്തീർണ്ണം 57.76% പ്രദേശത്ത് റബ്ബറും (2237 ഹെ) 33.78% പ്രദേശത്ത് മിശ്രിതവിളകളും (1308 ഹെ) 6% പ്രദേശത്ത് നെല്ലും (231 ഹെ) കൃഷി ചെയ്യുന്നു.

ആയൂർ, പെരുങ്ങള്ളൂർ, ഇടമുളയ്ക്കൽ, ചെമ്പകരാമനല്ലൂർ, പടിഞ്ഞാറ്റിൻകര, മതുരപ്പ, തടിക്കാട്, ഇടയം, പൊടിയാട്ടുവിള, വാളകം, പെരുമണ്ണൂർ, മലമേൽ, അറയ്ക്കൽ, അസുരമംഗലം, കൈപ്പള്ളി, ഒഴുകുപാറയ്ക്കൽ എന്നിവയാണ് പഞ്ചായത്തിലെ പ്രധാനസ്ഥലങ്ങൾ.

ഭൂപ്രകൃതി (Land form)

ഭൂപ്രകൃതി ഒരു പ്രദേശത്തിലെ ഭൂമിയുടെ ഉപരിതല സവിശേഷതകളായ വിവിധ ഭൂപ്രകൃതി ഘടകങ്ങൾ, അവയിലെ ചരിവ്, ചരിവിന്റെ ദിശ എന്നിവ കാണിയ്ക്കുന്നു. വിവിധ തരത്തിലുള്ള ഭൂവിനിയോഗ പ്രവർത്തനങ്ങൾ എതേതിടങ്ങളിൽ നടപ്പാക്കണം, മണ്ണൊലിപ്പിന് ഇരയായിട്ടുള്ളതും, സാധ്യതയുള്ളതുമായ പ്രദേശങ്ങൾ, ഭൂമിയുടെ ക്ഷമതാനിർണ്ണയം എന്നിവയ്ക്ക് ആ സ്ഥലത്തിന്റെ ഭൂപ്രകൃതിയെ കുറിച്ച് വ്യക്തമായ ധാരണ ഉണ്ടായിരിക്കണം.

ഭൂപ്രകൃതിയനുസരിച്ച് ഇടമുളയ്ക്കൽ പഞ്ചായത്തിനെ 6 മേഖലകളായി തരം തിരിയ്ക്കാം. ഓരോ മേഖലയുടെയും വിവരണവും വിസ്തീർണ്ണവും താഴെ കൊടുക്കുന്നു)


DIA. 3.1

കൊല്ലം ജില്ല

പഞ്ചായത്തുകൾ



Source : PRM Programme. CESS


EDAMULAKKAL PANCHAYAT
ADMINISTRATIVE MAP
8°58'31"
Vettikavala Panchayat
Karavaloor Panchayat.
N
Ummannur Panchayat
Anchal Panchayat
Elamad panchayat
Ittiva panchayat
8°53'
Chadayamangalam panchayat
8°53'
(SOURCE- PRM, CESS)
76°50'52"
76°54'22"

(Source PRM, CESS)

പട്ടിക 1

ക്രമ നമ്പർ	ഭൂപ്രകൃതി മേഖല	ഭൂപ്രകൃതി മേഖല മണ്ണിന്റെ തരം	ഭൂപടത്തിലെ ചിഹ്നം	വിസ്തീർണ്ണം ഹെക്ടർ	ആകെ ശതമാനം
1.	കുന്നിന്റെ മുകൾ ഭാഗത്തെപരന്ന പ്രദേശം അഥവാ ഉയർന്ന സമതലം ചരിവ് 5° യോ അതിൽ കുറവോ	ആഴം കുറഞ്ഞ ചെമണ്ണ് പാറ, ഗ്രാവല്ലി, ലോം	T	12700	3.28
2.	കുന്നിന്റെ ചരിവ് - 5° യോ അതിൽ കുറവോ മാത്രം ചരിവുള്ള പ്രദേശങ്ങൾ	ആഴം കുടിയ ചെമണ്ണ് സാന്റി, ലോം	S_1	408.00	10.58
3.	കുന്നിന്റെ ചരിവ്-5° മുതൽ 10° വരെ ചരിവുള്ള പ്രദേശങ്ങൾ		S_2	1049.00	27.08
4.	കുന്നിന്റെ ചരിവ്-10° മുതൽ 18° വരെ ചരിവുള്ള പ്രദേശങ്ങൾ	ആഴം കുറഞ്ഞതും കുടിയതുമായ ചെമ്മണ്ണ് സാന്റി ലോം ഗ്രാവല്ലിലോം	S_3	383.00	9.90
5.	കുന്നിന്റെ ചരിവ് -18° മുതൽ 27° വരെ ചരിവുള്ള പ്രദേശങ്ങൾ	ആഴം കുറഞ്ഞതും കുടിയതുമായ ചെമ്മണ്ണ് ഗ്രാവല്ലി, ലോം, പാറ	S_4	311.00	8.03
6.	തോടുകളോടും പുഴയോടും അനുബന്ധിച്ചുകാണുന്ന നിരന്ന പ്രദേശം അഥവാ താഴ്വര)	നദീജല ഏക്കൽ സാന്റി ക്ലേ, സിൽറ്റി ക്ലേ	V	1595.00	41.18
				3873.00	100.00

ഭൂപ്രകൃതി മേഖലയിലെ ഒന്നാമത്തെ ഭൂവിഭാഗമായ കുന്നിന്റെ മുകളിലെ നിരന്ന പ്രദേശം താരതമ്യേന കുറഞ്ഞ വിസ്തീർണ്ണത്തിലെ ഇവിടെ കാപ്പെടുന്നുള്ളു. ആനപുഴയ്ക്കൽ, ഭാഗ്യകുന്ന്, പെരുങ്ങള്ളൂർ,കീഴാറ്റൂർ, വാളകം, പറത്തിക്കാട്, ചെമ്പകമരാമനല്ലൂർ തുടങ്ങിയ സ്ഥളങ്ങളിൽ ഇത്തരത്തിലുള്ള ഭൂവിഭാഗം കാണപ്പെടുന്നു.

പഞ്ചായത്തിലെ ചരിഞ്ഞപ്രദേശങ്ങളെ മൊത്തത്തിൽ വിലയിരുത്തുമ്പോൾ തെക്കുള്ള ഭാഗങ്ങൾ വടക്ക് പ്രദേശങ്ങളെക്കാൾ താരതമ്യേന ചരിവ് കുറഞ്ഞതാണ്. മദ്ധ്യ ഭൂവിഭാഗങ്ങൾ ഈ രണ്ടു പ്രദേശങ്ങളുടെയും മിശ്രിത സ്വഭാവം കാണിയ്ക്കുന്നു. ഇത്തിക്കര ആറിനോടുനുബന്ധിച്ചുള്ള തെക്കൻ പ്രദേശങ്ങൾ ആയ കീഴാറ്റൂർ, ഇടമുളയ്ക്കൽ, പനച്ചിവിള, നീറായിക്കോട്, പെരിങ്ങള്ളൂർ എന്നിവയും വടക്ക് പടിഞ്ഞാറൻ പ്രദേശങ്ങൾ ആയ പുല്ലംകോട്, വാളകം മുതലായവയും 5° താഴെ ചരിവുള്ള ഭൂവിഭാഗത്തിൽ ഉൾപ്പെടുന്നു. ആയൂർ, ചെമ്പകരാമനെല്ലൂർ, ആനപ്പുഴയ്ക്കൽ, പാലറ, വയയ്ക്കൽ, ഭാഗ്യകുന്ന്, തേവർതോട്ടം, ഇടയം, തടിക്കാട്, പറത്തകാട്, മുതലായ പ്രദേശങ്ങൾ 5° മുതൽ 10° വരെ ചരിവുള്ള ഭൂവിഭാഗത്തിൽ പെടുന്നു. പൊടിയാട്ടുവിള, കടുവാപ്പാറ, കമ്പംകോട്, തുടങ്ങിയ പ്രദേശങ്ങൾ 10° മുതൽ 18° വരെ ചരിവുള്ളതും, കനകകുന്ന്, ഇരുമ്പഴികുന്ന്, കൊമ്പേറ്റിമല, അറയ്ക്കൽ തുടങ്ങിയ പ്രദേശങ്ങൾ 18° മുതൽ 27° വരെ ചരിവുള്ളതുമാണ്. പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണത്തിന്റെ 17.93% സ്ഥലം (694 ഹെ) 18°–27° വരെ ചരിവുള്ളവായാണ്. ഈ ഭൂപ്രദേശങ്ങൾ എല്ലാം തന്നെ മണ്ണൊലിപ്പുള്ളതോ അതിന് സാധ്യതയുള്ളതോ ആണ്. ഭൂപ്രകൃതി മേഖലയിലെ ഒന്നാം വിഭാഗത്തിലും , നാലും, അഞ്ചും വിഭാഗങ്ങളിലും, ആണ് പഞ്ചായത്തിലെ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ ഉൾപ്പെടുന്നത്. താഴ്വര പ്രദേശങ്ങൾ പഞ്ചായത്തിലെ പ്രധാനപുഴയായ ഇത്തിരിക്കരആറിനോടും തോടുകളുമായ, കുളഞ്ഞിതോട്, വട്ടമൺതോട്, മീനുണ്ണൂർതോട്, നെടുങ്ങോട്ടുകോണം തോട്, കടുവപ്പാറതോട്, പാലറതോട്, എന്നിവയോടനുബന്ധിച്ചു കാണപ്പെടുന്നു. നെൽവയലുകൾ ഈ ഭൂവിഭാഗത്തിലാണ് സ്ഥിതിചെയ്യുന്നത്. വളരെ നല്ലഫലപുഷ്ടിയുള്ള മണ്ണും, താരതമ്യേന നല്ല ജലലഭ്യതയും 1595 ഹെക്ടർ (41.18%) വിസ്തൃതി വരുന്ന ഈ ഭൂവിഭാഗത്തിന്റെ പ്രത്യേതകളാണ്.

കാലാവസ്ഥ


കാലാവസ്ഥാപരമായി കേരള സംസ്ഥാനം മൊത്തം സമശീതോഷ്ണ മേഖലയിൽ ഉൾപ്പെടുന്നു. എന്നാൽ ഇടമുളയ്ക്കൽ പഞ്ചായത്തിലെ കാലാവസ്ഥ വിശകലനം ചെയ്യുമ്പോൾ കേരളത്തിലെ മറ്റു പ്രദേശങ്ങളിൽ നിന്നും ചെറിയ തോതിൽ വ്യത്യസ്തമായൊരു ചിത്രം നമുക്ക് കാണാൻ കഴിയുന്നു. പശ്ചിമഘട്ട മലനിരകളിലെ ചെങ്കോട്ട പ്രദേശത്തെ ചെറിയ വിടവ് ഈ പ്രദേശങ്ങളിലെ (പ്രത്യേകിച്ച് അഞ്ചൽ ബ്ലോക്കിലെ) കാലാവസ്ഥയിൽ സാമാന്യം മോശമല്ലാത്ത സ്വാധീനം ചെലുത്തുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. ഓരോപ്രദേശങ്ങളിൽ നടത്തിവരുന്ന കൃഷിയേയും, അവിടെ നിലനിൽക്കുന്ന കാലാവസ്ഥ ചക്രത്തേയും ആസ്പദമാക്കി കേരളത്തെ 13 കാർഷിക-കാലാവസ്ഥ മേഖലകളായി തരം (Agro climate zones) തിരിച്ചിട്ടുണ്ട്. അതിൽ മലനാട്ടിലാണ് (High labnd) ഈ പഞ്ചായത്തിന്റെ സ്ഥാനം. ഈ പ്രദേശത്തെ പൊതുവായ കാലാവസ്ഥ താഴെ കൊടുക്കുന്നു.

പട്ടിക 2

ക്രമ നമ്പർ	ഋതുക്കൾ (Seasons)	സമയം (period)
1 .	മഞ്ഞുകാലം	നവംബർപകുതി മുതൽ - ഫെബ്രുവരി ആദ്യം വരെ
2.	വേനൽ കാലം	മാർച്ച് ആദ്യം മുൽ - മെയ് അവസാനം വരെ
3.	മഴ കാലം	ജൂൺ ആദ്യം മുതൽ - ഒക്ടോബർ വരെ

1. വർഷപാതം

കേരളം പോലുള്ള ഒരു സംസ്ഥാനത്തിലെ കാർഷികമായും, വ്യവസായികവുമായ അഭിവൃദ്ധി മഴയെ ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ടുതന്നെ മഴയുടെ ലഭ്യത സമ്പദ് വ്യവസ്ഥയെ സ്വാധീനിയ്ക്കുന്നു.


EDAMULAKKAL PANCHAYAT
LANDFORM
N
INDEX
Karavaloor
Vettikavala
Ummannur
Anchal
Elamad
Ittiva
Chadayamangalam
8°58'31"
8°53'
76°50'52"
76°54'22"

സംസ്ഥാനത്ത് വർഷത്തിൽ ശരാശരി 3063 മി.മി.റും കൊല്ലം ജില്ലയിൽ 2554 മി.മി.റും മഴ ലഭിയ്ക്കുന്നു. മഴയെ സംബന്ധിച്ചു അഞ്ചൽ, ജില്ലാകൃഷി ഫാമിൽ നിന്നും, പുനലൂർ കാലാവസ്ഥാ നിരീക്ഷണകേന്ദ്രത്തിൽ നിന്നും കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ ലഭ്യമായ വിവരങ്ങൾ വച്ച് ഈ പ്രദേശത്തെ വിശകലനം ചെയ്യുമ്പോൾ സാമാന്യം പെറിയതോതിൽ സംസ്ഥാനത്തെ മറ്റു ഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായൊരു ചിത്രം നമുക്ക് കാണാൻ കഴിയും. ഓരോ വർഷത്തിലും ഏപ്രിൽ മുതൽ നവംബർ അവസാനം വരെ മഴ ലഭിയ്ക്കുന്നുണ്ടെങ്കിലും വർഷത്തിൽ ആകെ ലഭിച്ച മഴയുടെ ഓരോ മാസത്തിലേയും ശരാശരി കാണുമ്പോൾ സംസ്ഥാന ശരാശരിയേക്കാളും, ജില്ലാ ശരാശരിയേക്കാളും താഴെയാണ് ഈ പ്രദേശത്തെ മഴയുടെ ലഭ്യത എന്നു നമുക്ക് കാണാം. (പട്ടിക 3) മാത്രമല്ല. ഈ പ്രദേശത്ത് ആകെ ലഭിയ്ക്കുന്ന മഴയുടെ 55 മുതൽ 60 ശതമാനം വരെ ജൂൺ, ജൂലായ്, ഒക്ടോബർ മാസങ്ങളിലായി ലഭിയ്ക്കുന്നു. ഡിസംബർ, ജനുവരി മാസങ്ങളിൽ തീരെ മഴ ലഭിക്കുന്നില്ലെന്നും കാണാം.

പട്ടിക 3

ക്രമ നമ്പർ	വിവിധ തലങ്ങൾ	ലഭിച്ച പ്രതിമാസ ശരാശരി മഴ മില്ലീമീറ്ററിൽ						
		1990	1991	1992	1993	1994	1995	1996
1	സംസ്ഥാന ശരാശരി	231.66	258.83	279.41	235.00	N.A.	N.A.	N.A.
2	ജില്ലാ ശരാശരി	213.25	228.75	202.5	241.6	N.A.	N.A.	N.A.
3	ഇടമുളയ്ക്കൽ പഞ്ചായത്ത് ശരാശരി	189.09	205.00	268.78	188.95	212.82	196.65	183.26

(അവലംബം D. A. F. അഞ്ചൽ)


1990 ജനുവരി 1-ാം തീയതി മുതൽ 1996 ഒക്ടോബർ 13-ാം തീയതി വരെ ഇടമുളയ്ക്കൽ പഞ്ചായത്ത് പരിധിയിൽ ലഭിച്ച മഴയുടെ വിവരങ്ങൾ

പട്ടിക 4 (ലഭിച്ച മഴ മി. മീറ്ററിൽ)

മാസങ്ങൾ	1990	1991	1992	1993	1994	1995	1996
ജനുവരി	40.20	7.60	2.20	0.00	0.00	26.00	16.60
ഫെബ്രുവരി	0.00	0.00	0.00	84.60	128.80	0.00	38.20
മാർച്ച്	48.70	116.80	0.00	19.30	11.20	136.401	59.60
ഏപ്രിൽ	19.70	115.80	45.80	185.60	160.00	216.40	66.00
മെയ്	476.62	94.00	379.60	267.60	181.00	292.20	377.20
ജൂൺ	366.40	892.70	614.60	480.80	561.00	284.40	299.20
ജൂലൈ	410.40	386.40	465.20	384.40	352.00	435.40	223.40
ഓഗസ്റ്റ്	124.80	148.60	242.40	89.60	440.60	253.40	215.00
സെപ്റ്റംബർ	65.40	66.00	319.00	61.40	189.20	260.00	364.46
ഒക്ടോബർ	422..30	237.60	688.00	415.30	436.40	211.60	73.50
നവംബർ	280.40	394.40	468.00	250.30	143.80	250.20	N.A.
ഡിസംബർ	2.20	0.00	0.00	28.00	10.00	0.00	N.A.
ആകെ	2257.00	2459.90	3225.40	2267.00	2254.00	2360.00	1833.1
പ്രതിമാസ ശരാശരി	188.00	205.00	268.78	188.95	212.821	96.65	192.95

EDAMULAKKAL PANCHAYAT

Comparative study of rainfall received in the area - in the years 1990 & 1995



(PROCESSED BY PRM, CESS) (source DAF Anchal)

താപനില (Temperature)

താപനിലയുടെ വ്യതിയാനത്തിലും ഈ പ്രഗേശത്തിന്റെ വ്യത്യസ്ഥമായ ഒരു മുഖമാണ് നമുക്ക് കാണാൻ കഴിയുന്നത്. സംസ്ഥാനത്തിന്റെ മറ്റ് ഭാഗങ്ങളെ അപേക്ഷിച്ച് (പാലക്കാട് ഒഴിച്ച്) താപനില അല്പം കൂടുതലായാണ് കണ്ടുവരുന്നത്. ഏപ്രിൽ മാസത്തിലാണ് ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്നത്. ച്ല വർഷങ്ങളിൽ അത് 37.5° ഇ വരെ എത്തിയിട്ടുണ്ട്. മെയ് മാസം മുതൽ താപനിലയിൽ പടിപടിയായി കുറവ് അനുഭവപ്പെടുന്നു. ആ കുറവ് ഡിസംബർ – ജനുവരി മാസങ്ങൾ വരെ തുടരുന്നു. (പട്ടിക 5) ചില വർഷങ്ങലിൽ താപനില 19.6° ഇ വരെ കുറയാറുണ്ട്. അത് കഴിഞ്ഞാൽ വീണ്ടും പടിപടിയായി ചൂടു വർഗ്ഘിക്കുകയും ഈ കാലാവസ്ഥ ചക്രം ആവർത്തിക്കുകയും ചെയ്യുന്നു.

പട്ടിക 5

ഇടമുളയ്ക്കൽ പഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശങ്ങളിൽ 1994–ൽ രേഖപ്പെടുത്തിയ പ്രതിമാസ ശരാശരി (ഡിഗ്രി സെൽഷ്യസിൽ)

മാസം വർഷം	താപനില	ജന	ഫെ	മാർ	ഏപ്രി	മെ	ജൂ	ജൂ	ഓഗ	സെ	ഒക്	നവം	ഡി
1994	കൂടിയ താപനില	34.00	35.9	37.1	35.4	33.6	30.7	30.3	30.6	32.7	31.9	32.4	34.2
	കുറഞ്ഞ താപനില	19.6	20.4	22.0	23.7	23.7	23.4	22.3	23.1	22.9	22.8	22.5	21.6

ഈർപ്പം

അന്തരീക്ഷത്തിലെ ഈർപ്പത്തിന്റെ അളവും കാലാവസ്ഥ നിർണ്ണയത്തിലെ ഒരു പ്രധാനപ്പെട്ട ഘടകമാണ്.

അന്തരീക്ഷ ഊഷ്മാവും ഈർപ്പിന്റെ അളവും വർഷപാതവും കാറ്റും എല്ലാം പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു. ഇടമുളയ്ക്കൽ പഞ്ചായത്തിലെ ഈർപ്പത്തിന്റെ അളനിനെക്കുറിച്ച് ലഭ്യമായ വിവരങ്ങൾ പഠിക്കുമ്പോൾ ജൂലൈ, ഓഗസ്റ്റ്, ഒക്ടോബർ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ ഈർപ്പം അന്തരീക്ഷത്തിൽ എന്ന് കാണാൻ കഴിയും. ചില വർഷങ്ങളിൽ ഈർപ്പത്തിന്റെ അളവ് 95% വരെ കൂടാറുണ്ട്. ഡിസംബർ, ജനുവരി മാസങ്ങളിൽ ഈർപ്പത്തിന്റെ അളവ് ഏറ്റവും കുറഞ്ഞതായി രേഖപ്പെടുത്തുന്നു. ചില വർഷങ്ങളിൽ ഈ മാസങ്ങൾ അതിയായ ഈർപ്പത്തിന്റെ അളവ് 41% വരെ കുറയാറുണ്ട്. (ചിത്രം 37, പട്ടിക 6)


പട്ടിക 6

മാസം വർഷം	സമയം	ജന	ഫെ	മാർ	ഏപ്രി	മെ	ജൂ	ജൂലൈ	ഓഗ	സെ	ഒക്	നവം	ഡി
	0830 IST	90	92	92	91	88	94	94	95	93	93	91	88
1994	1730 IST	60	61	57	69	70	79	82	78	69	82	71	89

ഇടമുളയ്ക്കൽ പഞ്ചായത്തുൾപ്പെടുന്ന പ്രദേശങ്ങളിൽ 1994–ൽ രേഖപ്പെടുത്തിയ പ്രതിമാസ ശരാശരി ആപേക്ഷിക ഈർപ്പത്തിന്റെ അളവ് (ശതമാനത്തിൽ)

EDAMULAKKAL PANCHAYAT

BAR DIAGRAM SHOWS FLUCTUATION OF HUMIDITY (1994)



(Source - Observatory station, Punalur)

(PROCESSED BY PRM CESS)

നിമ്നനോന്നത മേഖലകൾ

ഇതിൽ പഞ്ചായത്തിലെ ഓരോ പ്രദേശങ്ങളുടെയും ശരാശരി സമുദ്ര നിരപ്പിൽ നിന്നുള്ള (Mean sea level) ഉയരവും അതിനോടെപ്പം നിമ്നനോന്നതാവസ്ഥയും കാണിക്കുന്നു. ഈ പ്രദേശത്തെ മൊത്തത്തിൽ വിലയിരുത്തുമ്പാൾ വടക്കൻ ഭൂമിഭാഗങ്ങൾ തെക്കൻ പ്രദേശത്തേക്കാൾ കൂടിയ നിമ്നനോന്നതാവസ്ഥ കാണിക്കുന്നു. ശരാശരി സമുദ്ര നിരപ്പിൽ നിന്ന് 189 മീറ്റർ ഉയരമുള്ള ഇരുമ്പുഴികുന്നാണ് പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ സ്ഥലം.
നിമ്നനോന്നതാവസ്ഥയനുസരിച്ച് പഞ്ചായത്തലെ പ്രദേശങ്ങളെ അഞ്ച് വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു. ഓരോ മേഖലയുടെ വിവരണവും വിസ്തീർണ്ണവും താഴെ കൊടുക്കുന്നു. (ചിത്രം 3.8)

പട്ടിക 7

(SOURCE; PRM, CESS)


ക്രമനമ്പർ	നിമ്നന്നോന്നതമേഖലകൾ	വിസ്തീർണ്ണം ഹെക്ടറിൽ	ആകെ വിസ്തീർണ്ണത്തിന്റെ ശതമാനം
1	40 മീ. താഴെ ഉയരമുള്ള പ്രദേശങ്ങൾ	221.00	5.70
2	40 മീ. മുതൽ 60 മീ. വരെ ഉയരമുള്ള പ്രദേശങ്ങൾ	1055.00	27.24
3	60 മീ. മുതൽ 80 മീ. വരെ ഉയരമുള്ള പ്രദേശങ്ങൾ	1053.00	27.19
4	80 മീ. മുതൽ 100 മീ. വരെ ഉയരമുള്ള പ്രദേശങ്ങൾ	1059.00	27.34
5	100 മീ. കൂടുതൽ ഉയരമുള്ള പ്രദേശങ്ങൾ	454.00	11.72

മേൽ വിവരിച്ച നിമ്നനോന്നത മേഖലകൾ അനുസരിച്ച് ഇത്തിക്കര ആർ ശരാശരി സമുദ്ര നിരപ്പിൽ നിന്ന് 35 മീ. ഉയരത്തിപും പഞ്ചായത്തിലെ ഭൂരിഭാഗം വയൽപ്രദേശങ്ങൾ 40 മീറ്ററിനും 60 മീറ്ററിനും ഇടയിലായും സ്ഥിതി ചെയ്യുന്നു. കീഴാറ്റൂർ, നീറായികോട്, ആയൂർ, ആറാപ്പുഴയ്ക്കൽ, ഇടമുളയ്ക്കൽ, കമ്പംകോട്, വായക്കൽ, പറത്തിക്കാട, പുല്ലംകോട്, ഇടയം, പെരുമണ്ണൂർ, വാളകം, കടുവപ്പാറ എന്നീ പ്രദേശങ്ങൾ ശരാശരി സമുദ്രനിരപ്പിൽനിന്നും 60 മീ.നും 100 മീ.നും ഇടയിലായി സ്ഥിതി ചെയ്യുന്നു. 100 മീ.ൽ കൂടുത്ൽ ഉയരത്തിലായി സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളാണ് ചെമ്പകരാമനെല്ലൂർ, കൊമ്പേറ്റിമല, ഭാഗ്യകുന്ന്, മധുരപ്പ, ഇരുമ്പഴികുന്ന്, കനകകുന്ന്, അറയ്ക്കൽ, തേവർതോച്ചം, പൊടിയാട്ടുവിള, കോക്കാട് എന്നിവ. ഈ പ്രദേശങ്ങളിലെല്ലാം തന്നെ ജലലഭ്യത താരതമ്യേന കുറവും മണ്ണൊലിപ്പ് കൂടുതലാണ്.

നിർമറിപ്രദേശങ്ങളും നിർവാർച്ചാതോടുകളും

ഒരു പ്രദേശത്തിന്റെ വികസന പ്രവർത്തനം ആസൂത്രണം ചെയ്യുമ്പാൾ ആ പ്രദേശത്തെ അടിസ്ഥാന വിഭവങ്ങളായ മണ്ണ്, ജലം, സസ്യജാലം എന്നിവയ്ക്ക് അർഹമായ പ്രാധാന്യം നൽകേണ്ടതുണ്ട്. സൂക്ഷമതലത്തിൽ ആസൂത്രണപ്രക്രിയ നടത്തുമ്പോൾ ഭൂവിഭാഗങ്ങളെ "നീർമറി" അടിസ്ഥാനത്തിൽ തരംതിരിക്കുന്നതായിരിക്കും ഉചിതം. ഏതെങ്കിലും ഒരു അരുവിയിലേക്കു അഥവാ തോട്ടിലേക്കു അല്ലങ്കിൽ നദിയിലേക്കോ പുഴയിലേക്കോ എത്രമാത്രം പ്രദേശത്തെ പെയ്തേക്കുന്ന വെള്ളം എത്തിച്ചേരുന്നുവോ അത്രയും പ്രദേശങ്ങൾ ആ ജലവാഹിനിയുടെ "നിർമറി" അഥവാ ആവാഹക പ്രദേശം എന്നു പറയുന്നു. ഇടമുളയ്ക്കൽ പഞ്ചായത്തിലെ നിർമറിയേയും നിർവാർച്ചയേയും ഇത്തിക്കര ആറുമായി ബന്ധപ്പെടുത്തിയെ വിശകലനം ചെയ്യാൻ കഴിയു. പഞ്ചായത്തിലെ ആകെ പ്രദേശത്തെ 5 പ്രധാന നിർമറികളായും 15 ഉപനിർമറിക്ളായും തരംതിരിക്കാം. 5 പ്രധാന നിർമറികൾ താഴെ

Pg-15 DIA 3.8


EDAMULAKKAL PANCHAYAT
RELIEF & DRAINAGE
N
INDEX
Karavaloor
Vettikavala
Anchal
Ummannur
Elamad
Ittiva
Chadayamangalam
8°58'31"
8°53'
76°50'52"
76°54'22"
(SOURCE - PRM CESS)

കൊടുത്തിരിക്കുന്നവയാണ്. (ചിത്രം 3.8)

(SOURCE PRM, CESS)

പട്ടിക 8

ക്രമനമ്പർ	പ്രധാന നിർമ്മറി പ്രദേശങ്ങൾ	വിസ്തീർണ്ണം ഹെക്ടറിൽ	ഉൾപ്പെടുന്ന ഭൂമിയുടെ ശതമാനം
I	കുളഞ്ഞിതോടിന്റെ നിർമറിപ്രദേശങ്ങൾ	2215.00	54.62
II	ഇത്തിക്കര ആറിന്റെ നിർമറിപ്രദേശങ്ങൾ	1274.00	32.89
III	വട്ടമൺതോടിന്റെ നിർമറിപ്രദേശങ്ങൾ	127.00	3.28
IV	കനകകുന്ന്- മണിയാർതോടിന്റെ നിർമറിപ്രദേശങ്ങൾ	210.00	5.42
V	കടുവാപ്പാറതോടിന്റെ നിർമറിപ്രദേശങ്ങൾ	147.00	3.78

കുളഞ്ഞിതോടിന്റെ നിർമറി പഞ്ചായത്തിന്റെ ആകെ വിസാതീർണ്ണത്തിന്റെ 54.62% (2115.00 ഹെ.) ഉം ഇത്തിക്കര ആറിന്റെ നിർമറി 32.89 % (1274.00 ഹെ.) പ്രദേശവും ഉൾപ്പെടുന്നു. വട്ടമൺ തോടിന്റെയും കനകകുന്ന് മണിയാർ തോടിന്റെയും കടവുപ്പാറ്റതോടിന്റെയും നിർമറി പ്രദേശങ്ങൾ വിസ്തീർണ്ണം കുറഞ്ഞവയാണ്. ഓരോ പ്രധാന നിർമറികളുടെ ഉപനിർമറികളും അവയുടെ വിസ്തീർണ്ണവും ഉൾപ്പെടുന്ന സ്ഥലങ്ങളും നിർവാർച്ചതോടുകളും അവയുടെ നീളവും താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 9

(Source prm, cess)

പ്രധാന നിർമറികൾ	നിർമറിയുടെ പേര്	ഉപനിർമറി നമ്പർ മാപ്പിൽ രേഖപ്പെടുത്തിയത്	വിസ്തീർണം ഹെക്ടറിൽ	നീർവാഴ്ച്ച തോടിന്റെ നീളം കി.മി.	ജലവാഹിനിയുടെ ആവാഹകപ്രദേശങ്ങൾ
I	കുളഞ്ഞിതോട്		2115.00	12.56	
	കനകകുന്ന്- അറയ്ക്കൽ തോട്	3	219.00	3.15	കനകകുന്ന്, [illegible]
	പെരുമണ്ണൂർ തോട്	4	286.00	2.05	പെരുമണ്ണൂർ, വാളകം, ഇരുമ്പുഴികുന്ന്
	മീനുണ്ണൂർ തോട്	5	1021.00	9.70	പറത്തിക്കാട്, ഇടയം, തടിക്കാട്, മധുരപ്പ, തേവർതോട്ടം.
	കമ്പംകോട് തോട്	6	217.00	1.75	കമ്പംകോട്, വയയ്ക്കൽ,
	നീറായിക്കോട് തോട്	7	189.00	0.62	നീറായിക്കോട്.
	പുല്ലം കോട്തോട്	14	183.00	2.82	പുല്ലംകോട്, ഇരുമ്പുഴികുന്ന് അറയ്ക്കൽ.
II	ഇത്തിക്കര ആർ		1274.00	10.83	
	കീഴാറ്റൂർ തോട്	8	153.00	1.25	കീഴാറ്റൂർ
	ആയൂർതോട്	9	150.00	1.26	ആയൂർ.
	വടക്കൻ ആയൂർകതോട്	10	169.00	1.00	വടക്കൻ ആയൂർ
	പാലരതോട്	11	426.00	2.81	പാലര, ഇടമുളയ്ക്കൽ
	നെടുങ്ങോട്ട്കോണംതോട്	12	317.00	5.88	ഇടമുളയ്ക്കൽ, ഭാഗൃക്കുന്ന്
	ആനാപ്പുഴയക്കൽ തോട്	15	59.00	1.00	ചെമ്പകരാമനെല്ലൂർ, ആനപ്പുഴയ്ക്കൽ, മധുരപ്പ, പനച്ചിവിള.
III	കനകകുന്ന്-മണിയാർതോട്	2	127.00	2.00	കനകകുന്ന്, അറയ്ക്കൽ, തടിക്കാട്
IV	വട്ടമൺതോട്	13	210.00	3.67	ചെമ്പകരാമനെല്ലൂർ, മധുരപ്പ ഇടമുളയ്ക്കൽ, ഭാഗൃകുന്ന്
V	കോക്കാട്-കടുവപ്പാറതോട്	1	147.00	2.41	കോക്കോട്, കടുവപ്പാറ

പഞ്ചായത്തിലെ നീർവാർച്ചതോടുകളിൽ പ്രധാനപ്പെട്ടത് ഇത്തിക്കര ആറാണ്. ഗ്രാമത്തിന്റെ വടക്കൻ അതിർത്തിയിലൂടെ 10.83 കീ. മീ. നീളത്തിൽ ഒഴുകുന്ന ഇത്തിക്കര ആറ്റിലേക്കാണ് പഞ്ചായത്തിന്റെ പരിധിയിൽ ലഭ്യമായ 90% ജലവും ഒഴുകിയെത്തുന്നത്. ഇത്തിക്കര ആറിന്റെ ഒരു പ്രധാന കൈവഴിയായ കുലഞ്ഞിതോട് ഇരുമ്പഴികുന്നിന്റെ വടക്കുപടിഞ്ഞാറെ ചരുവിൽനിന്ന് ഉത്ഭവിച്ച് പഞ്ചായത്തിന്റെ പടിഞ്ഞാറൻ അതിർത്തിയിലൂടെ 12.56 കി. മീ. സഞ്ചരിച്ച് കീഴാറ്റൂരിൽ വച്ച് ഇത്തിക്കര ആറുമായി ചേരുന്നു. കുളഞ്ഞിതോട്ടിൻറെ ഒരു കൈവഴിയായ പെരുങ്ങാലൂർതോട്, പെരുങ്ങാലൂർ, വള്ളക്കം, ഇരുമ്പുഴികുന്നിന്റെ പടിഞ്ഞാറ് ഭാഗം എന്നീ പ്രദേശങ്ങളിലേയും പുല്ലംകോട്തോട്, പുല്ലംകോട്, ഇരുമ്പുഴികുന്നിന്റെ ഒരു ഭാഗം അറയ്ക്കൽ എന്നീ പ്രദേശങ്ങളിലെയും വെള്ളം കുളഞ്ഞിതോട്ടിലെത്തിക്കുന്നു. കുളഞ്ഞിതോട്ടിന്റെ പ്രധാന കൈവഴിയായ മീനത്തൂർതോട് പഞ്ചായത്തിന്റെ മറ്റു പ്രദേശങ്ങളായ തേവർതോട്ടം, തടിക്കാട്, അറയ്ക്കൽ, ഇരുമ്പുഴികുന്നിന്റെ കിഴക്കു ഭാഗം ഇടയും, മധുരപ്പ, പരത്തിക്കാട് തുടങ്ങി 1201.00 ഹെ. പ്രദേശത്തെ നിർവാർച്ചതോടായി വർത്തിക്കുന്നു. വായയ്ക്കൽതോട്, കമ്പംകോട് തോട്, നിർളകോട് തോട് എന്നിവയും നിർവർച്ചയിൽ അവയുടേതായ പങ്ക് വഹക്കുന്നു.

ഇത്തിക്കര ആറിന്റെ പുഷ്ടിപ്രദേശത്ത് ഉൾപ്പെടുന്ന മറ്റു രണ്ട് കൈവഴികളാണ് പാലറതോടും നെടുങ്ങോട്ടുകോണം തോടും. ഇവ രണ്ടും പാലറ, ഇടമുളയ്ക്കൽ, മധുരപ്പയുടെ പടിഞ്ഞാറുഭാഗം, ഭാഗ്യകുന്ന്, ചെമ്പകരാമനെല്ലൂർ തുടങ്ങിയ പ്രദേശങ്ങളിലെ നിർവാർച്ച തോടായി പ്രവർത്തിക്കുന്നു. വട്ടമൺതോട് (2 കി. മീ.) പഞ്ചയത്തിന്റെ കിഴക്കേ അതിർത്തിയിൽ പടിഞ്ഞാറോട്ടൊഴുകി ആനപ്പുഴയ്ക്കൽ വച്ച് ഇത്തിക്കര ആറുമായിചേരുന്നു. പഞ്ചയത്തിന്റെ വടക്കേ അതിർത്തിയിലൂടെ ഒഴുകവന്ന കടുവപ്പാറ, കോക്കാട് തോട് പടിഞ്ഞാറോട്ടൊഴുകി വടക്കുപടിഞ്ഞാറെ അതിർത്തിയിൽ വച്ച് കിഴക്കോട്ടു തിരിഞ്ഞൊഴുകുന്നു. കനകകുന്ന്, മണിയാർ തോട്കനകകുന്ന്, തടിക്കാട്ട് പ്രദേശത്തുനിന്ന് ഉത്ഭവിച്ച് പഞ്ചായത്തിന്റെ വടക്കുകിഴക്കേ അതിർത്തിയിലൂടേ തെക്കോട്ടൊഴുകി കരവാളൂർ പഞ്ചായത്തിൽ പ്രവേശിക്കിന്നു.

പഞ്ചായത്തിലെ നിലവിലുള്ള പ്രകൃതിദത്ത നീർചാലുകൾ വിശകലനം ചെയ്യുമ്പോൾ ഒരു ഹെക്ടർ പ്രദേശത്തിന് ഏകദേശം 20 മീ. നീളത്തിൽ നീർചാലുകൾ ഉള്ളതായി കണക്കാക്കുന്നു.

മണ്ണ്, ഉപരിതലവസ്തുക്കൾ

കേരള സംസ്ഥാന സോയിൽ സർവ്വേ ഓർഗനൈസേഷൻ 1993-ൽ നടത്തിയ പഠനം അനുസരിച്ച് കൊല്ലം ജില്ലയിലെ പ്രത്യേകിച്ച് കിഴക്കൻ മേഖലകളിലെ ദക്ഷിണ സഹ്യാദ്രി മേഖലയിലെ മൺവിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കുന്നുകളും ചരിവുകളും താഴ്വരകളും അരുവികളും നിറഞ്ഞ ഈ പ്രദേശത്തെ മണ്ണിന്റെ രൂപീകരണത്തിൽ കാനാവസ്ഥയും പ്രകൃതിയും സസ്യവർണ്ണവും കാര്യമായി സ്വാദീനിക്കുന്നു.

ഇടമുളയ്ക്കൽ പഞ്ചായത്തിലെ മണ്ണിനെ പൊതുവായി രണ്ടായി തരമതിരിക്കാം. 1. ചെമ്മണ്ണ് 2. ജദീജന്യ എക്കൽ കൂടാതെ ഇരുമ്പുഴികുന്ന്, കനകകുന്ന്, തടിക്കാട്, അറയ്ക്കൽ, ആയൂർ, കുത്തുബാപാറ എന്നിവിടങ്ങളിൽ പാറ ഉപരിതലത്തിൽ കാണപ്പെടുന്നുണ്ട്. ഓരോ വിഭാഗം ഉപരിതല വസ്തുക്കളുടെ വിവരണവും വിസ്തീർണ്ണവും താഴെ കൊടുക്കുന്നു. (ചിത്രം 3.9)

(SOURCE PRM, CESS)

പട്ടിക 10


ക്രമ നമ്പർ	മണ്ണ്, ഉപരി തലവസ്തുക്കൾ തരം	വിസ്തീർണ്ണം ഹെക്ടറിൽ	വിസ്തീർണ്ണത്തിന്റെ ശതമാനം	സംഘടന (Texture)	PH മൂല്യം	നീർവാഴ്ച	പാറ തരം
1	ചെമ്മണ്ണ് (Laterite)	2273.00	58.68	സാന്റിലോം ഗ്രാവല്ലി ലോം	5-7	നീർവാഴ്ച കൂടിയത്	
2	നദീജന്യ എക്കൽ (Alluvivm)	1600.00	41.31	സാന്റിക്ലേ സിൽറ്റിക്ലേ	5-6	നീർവാഴ്ച കുറഞ്ഞത്	
3	പാറ (Rock)						ഫൊണൊലൈറ്റ് ചാർണൊക്കൈറ്റ്

1. ചെമ്മണ്ണ്

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണത്തിൽ 56.68% പ്രദേശത്തും (2273.00 ഹെ.) മഞ്ഞകലർന്ന തവിട്ടോ ചുവപ്പോ നിറത്തോടുകൂടിയ ഇത്തരത്തിലുള്ള മണ്ണ് കാണപ്പെടുന്നു. മഴയും വേനലും ഇടവിട്ട് അനുഭവപ്പെടുന്ന മൺസൂൺ കാലാവസ്ഥയുള്ള പ്രദേശങ്ങളിൽ മാത്രമാണ് ചെമ്മണ്ണ് കണ്ടുവരുന്നത്. ഈ കാലാവസ്ഥയിൽ പിതൃശിലരാസ, ഭൗതീക, അപക്ഷയങ്ങൾക്കു വിധേയമായി പൊടിയുകയും ഇങ്ങനെ മാറ്റം നടക്കുമ്പോൾ പിതൃശിലയിലെ ലോഹാംശങ്ങൾ (ഇരുമ്പ്, അലുമിനിയം ഒഴികെ) ജലം വഴി നഷ്ടപ്പെടുകയും ചെയ്യുന്നു. പിതൃശില സാവധാനം മാറി ലാറ്ററൈറ്റ് അഥവാ ചെങ്കല്ലായിമാറുന്നു. ലാറ്ററൈറ്റൈസേഷൻ പൂർണ്ണമായ സ്ഥലങ്ങളിൽ വ്യത്യസ്ഥ രാസ, ഭൗതിക ഘടനകൾ കാണിക്കുന്ന പാളികൾ കാണാം. എന്നാൽ ഇവിടെ ഭൂരിഭാഗം പ്രദേശത്തും ലാറ്ററൈറ്റൈസേഷൻ പൂർണ്ണമായതിന്റെ മുന്നപാളികൾക്കു പകരം രണ്ടു പാളികൾ മാത്രമാണ് കാണുന്നത്. ഇതിൽനിന്ന് പാറയിൽനിന്നുള്ള ചെങ്കല്ലിന്റെ രൂപീകരണം ഈ പ്രദേശങ്ങളിൽ പ്രാരംഭഘട്ടത്തിലാണെന്നു മനസിലാക്കാം. അതുകൊണ്ടു തന്നെ ചെരുവുകളെ അപേക്ഷിച്ച് മുകൾ ചെരുവുകളിലും കുന്നിന്റെ മണ്ടയിലും താരതമ്യേന ആഴം കുറഞ്ഞ മണ്ണാണ് കാണുന്നത്. മാത്രമല്ല, മിക്കവാറും ഈ ഭൂപ്രകൃതി വിഭാഗങ്ങളിൽ പാറ ഉപരിതലത്തിൽ കാണപ്പെടുന്നു.

ഇവിടത്തെ ചെമ്മണ്ണിന്റെ സംഘടന പരിശോധിക്കുമ്പോൾ ചെരുവിന്റെ താഴ്ഭാഗങ്ങളിലെയും താരതമ്യേന ചെരുവ് കുറഞ്ഞ പ്രദേശങ്ങളിലും (5 ഡിഗ്രിയിൽ താഴെ) ഉള്ള മണ്ണ് സാന്റിലോം വിഭാഗത്തിൽ ഉൽപ്പെടുന്നു എന്നു കാണാം. എന്നാൽ ചെരുവിന്റെ മുകൾ ഭാഗങ്ങളിലും കുന്നിന്റെ മുകൾ ഭാഗത്തും ചെരുവ് കൂടിയ പ്രദേശങ്ങളിലും ഗ്രാവലിന്റെ അംശം കൂടുതലാണ്. അതുകൊണ്ട് ആ വിഭാഗം മണ്ണിനെ ഗ്രാമല്ലിലോം വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പൊതുവായി ഇവിടെ കാണപ്പെടുന്ന ചെമ്മണ്ണ് നീർവാർച്ചയുള്ളതും ആഴം കുറഞ്ഞതു മുതൽ ആഴം കൂടിയ വിഭാഗത്തിൽ ഉൾപ്പെതുന്നതുമാണ്. (0.5 മീ. മുതൽ 3 മീ. ആഴം കാണുന്നു). വാർഡ് 10-ലെയും 13-ലെയും ചില പ്രദേശങ്ങളിൽ കാണുന്ന ചെമ്മണ്ണിൽ ജൈവകാംശം കൂടുതൽ ഉള്ളതുകൊണ്ട് നിറം കൂടുതൽ ഇരുണ്ടതായി കാണുന്നു.

DIA 3.9


EDAMULAKKAL PANCHAYAT
SOIL, SURFACE MATERIAL &
WATER AVAILABILITY
N
INDEX
8°58'31"
Karavaloor
Vettikavala
Ummannur
Anchal
Elamad
Ittiva
Chadayamangalam
8°53'
70° 50'52"
70°54'22"
(SOURCE - PRM CESS)

2. നദീജന്യ എക്കൽ

കുന്നിന്റെ മുകൾ ഭാഗങ്ങളിലും ചെരുവുകളിലും ഉള്ള മണ്ണ് ലവണങ്ങളും മറ്റു വസ്തുക്കളും മഴയുടെയും മറ്റു ആന്തരിക പ്രവർത്തനങ്ങളുടെയും ഫലമായി താഴ്വാരങ്ങളിൽ നിക്ഷേപിക്കപ്പെടുന്നു. അങ്ങനെ ഉണ്ടാവുന്നതാണ് എക്കൽ മണ്ണ്. ഇടമുളയ്ക്കൽ പഞ്ചായത്തിലെ എല്ലാ താവരപ്രദേശങ്ങളിലും വയലുകളിലും ഇത്തരത്തിലുള്ള മണ്ണാണ് കാണുന്നത് (1600 ഹെ.).

സംഘടനയനുസരിച്ച് ഇവ മണൽ കലർന്ന ചെളിമണ്ണും സിൽറ്റ് കലർന്ന ചെളിയുമാണ്. ഇരുണ്ട നിറം മുതൽ നരച്ച ഇരുണ്ട നിറം വരെ കാണപ്പെടുന്ന ഈ വിഭാഗം മണ്ണ് താരതമ്യേന നീർവാർച്ച കുറഞ്ഞതും 0.5 മീ. മുതൽ 1.5 മീ. വരെ ആഴത്തിൽ ഉള്ളതുമാണ്. ഉയർന്ന പ്രദേശങ്ങളിൽ നിന്നുള്ള ജൈവവസ്തുക്കളും ലവണങ്ങളും അടങ്ങിയിരിക്കുന്നതുകൊണ്ട് ഈ മൺതരം നല്ല ഫലഭൂഷ്ടിയുള്ളതാണ്.

P. H. മൂല്യം

ഒരു പ്രദേശത്തെ അല്ലങ്കിൽ ഒരു ഭൂവിഭാഗത്തിലെ മണ്ണിന്റെ അമ്ളത അല്ലെങ്കിൽ ക്ഷാരത കണക്കാക്കുന്നതാണ് P. H. മൂല്യം. P.H. മൂല്യം 7-ൽ കുറവായാൽ അമ്ളതയെയും 7 മുതൽ 14 വരെയായണെങ്കിൽ ക്ഷാരതയെയും 7 ആണെങ്കിൽ സംതുലിതാവസ്ഥയെയും കാണിക്കുന്നു. മണ്ണിന്റെ അമ്ളത - ക്ഷാരത അവിടെയുള്ള സസ്യജാലങ്ങളുടെ വളർച്ചയെ സ്വാധീനിക്കുന്നതുകൊണ്ട് ശരിയായ സസ്യപരിപാലനത്തിന് ആ സ്ഥലത്തെ മണ്ണിന്റെ P. H. മൂല്യം അറഞ്ഞിഞ്ഞിരിക്കേണ്ടതുണ്ട്.

ഇടമുളയ്ക്കൽ പഞ്ചായത്തിലെ മണ്ണിന്റെ P. H. മൂല്യനിർണ്ണയ പഠനത്തിൽ നിന്ന് ഇവിടത്തെ പൊതുവായ P. H. മൂല്യ 5 മുതൽ 6.5 വരെയാണ് എന്നു കാണുന്നു. ഇതിൽ താഴ്വരകളിലും നെൽവയലുകളിലുമുള്ള എക്കൽ മണ്ണിന്റെ P. H. മൂല്യം 5 മുതൽ 6 വരെ കാണുമ്പോൾ ചരിവുകളിലും കുന്നിന്റെ മുകൾ ഭാഗത്തുമുള്ള ചെമ്മണ്ണിന്റെ P. H. മൂല്യം 5 മുതൽ 7 വരെയാണെന്നു കാണാം. കുന്നിൻ ചരിവുകളിൽനിന്നും കുന്നിൻമുകളിൽനിന്നുള്ള ലവണങ്ങളും ജൈവാംശംങ്ങളും താഴവരകളിൽ നിക്ഷേപിക്കപ്പെടുന്നതുകൊണ്ട് താവരകളിലെ എക്കൽ ണണ്ണിന് കുന്നിൻചരുവുകളിലെ ചെമ്മണ്ണിനേക്കാൾ അമ്ളത കൂടിയിരിക്കുന്നതായി കാണുന്നു.

3. പാറ

ഈ പഞ്ചായത്തിൽ പാറ ലഉപരിതലത്തിൽ കാണുന്ന പ്രദേശങ്ങളാണ് കനകകുന്ന്, ഇരുമ്പുഴികത്ത്, തടിക്കാട്, ആയൂർ, കുത്തുബാപാറ മുതലായവ. ഇതിൽ തടിക്കാട്, ആയൂർ, കുത്തുബാപാറ എന്നീ പ്രദേശങ്ങളിൽനിന്ന് പാറ നിർമ്മാണ ആവശ്യങ്ങൾക്കുവേണ്ടി പൊട്ടിച്ചെടുക്കുന്നുണ്ട്. ഇവരടെ കാണുന്ന പാറ പ്രധാനമായും രണ്ടു വിഭാഗത്തിൽ പെടുന്നു.

1. വെളുത്ത തവിട്ടുപുള്ളികളോടുകൂടിയ പാറ - ഖോണ്ടലൈറ്റ്.
2. കറുത്ത പാറ - ചാർണക്കൈറ്റ്.

ചാർണക്കൈറ്റ് വിഭാഗത്തിൽപെട്ട പാറയാണ് ആയൂരും അതിനടുത്ത സ്ഥലങ്ങളിൽനിന്നും ലഭിക്കുന്നത്. ബാക്കി പഞ്ചയത്ത് അതിർത്തിക്കുള്ളിൽ കാണപ്പെടുന്ന പാറ എല്ലാംതന്നെ ഖോണ്ടലൈറ്റ് വിഭാഗത്തിൽ പെടുന്നവയാണ്.

ജലലഭ്യത

ഒരു പ്രകദേശത്തിന്റെ വികസനപ്രവർത്തനങ്ങളിൽ വളരെ സൂക്ഷ്മതളത്തിൽ സ്വാധീനിക്കുന്ന മറ്റൊരു ഘടകമാണ് ജലം. ഇതിന്റെ വ്യത്യാസം വളരെ സൂക്ഷ്മതലത്തിൽപോലും വ്യത്യാസപെട്ടിരിക്കുന്നു എന്നു നമുക്ക് കാണാം. മനവ്യസംസ്ക്കാര രൂപീകരണത്തിന്റെ അടിസ്താന ഘടകമായ ജലവും അതിൻരെ ലഭ്യതയും വിതരണവും സൂക്ഷ്മതല ആ,സൂത്രണത്തിന്റെ അടിസ്ഥാന ശിലയാണ്.

അധികം ഉയരം ഇല്ലാത്ത കുന്നുകളും ചരിവുകളും താഴവരകളും അരുവികളും പുഴകളും കുളങ്ങളും കിണറുകളും നിറഞ്ഞ ഈ പഞ്ചായത്തിൽ ശരാശരി 2520 മി.മീ. മഴ ലഭിക്കുന്നു. എന്നിട്ടും നല്ലൊരു ശതമാനം പ്രദേശത്തും വേനൽകാലത്ത് കുടിവെള്ളക്ഷാമം അനുഭവത്തെടുന്നു. സൂക്ഷമതൽത്തിലുള്ള ജലപരിപാലന വിതരണവിനിയോഗ രീതികൾ അവലംബിച്ചാൽ ഇവിടത്തെ ജനങ്ങൾക്ക് ജലക്ഷാമത്തിൽനിന്ന് ശാശ്വതമായും മുക്തി നേടാൻ ആകും.

പഞ്ചയത്തിലെ ജലവുമായി ബന്ധപ്പെട്ട പ്രധാന ആസ്തികൾ വറ്റാത്ത പുഴകളും തോടുകളും കുളങ്ങളും കിണറുകളും ഉറവകളുമാണ്. ഓരോ വിഭാഗത്തിൽപ്പെട്ടവരെക്കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു. (ചിത്രം 3.9)

A. പുഴകളും തോടുകളും (വറ്റാത്തവ)

(SOURCE PRM, CESS)

പട്ടിക 11

ക്രമനമ്പർ	വറ്റാത്ത പുഴ/ തോട്	നീളം കി.മി.
1	ഇത്തിക്കര ആർ	10.83
2	കുളഞ്ഞിതോട്	10.17
3	വട്ടമൺ തോട്	3.67
4	പാലറതോട്	2.81
5	നെടുങ്ങോട്ട്കോണം തോട്	5.89

B. ഉറവ

		വാർഡ് നമ്പർ
1	കനകകുന്ന് ഉറവ	10

C. കുഴൽക്കിണർ

വാർഡ് നമ്പർ	കുഴൽകിണറുകളുടെ എണ്ണം	വാർഡ് നമ്പർ	കുഴൽകിണറുകളുടെ എണ്ണം
I	1	VIII	1
II	-	IX	3
III	1	X	7
IV	1	XI	-
V	4	XII	3
VI	2	XIII	-
VII	3		ആകെ 26 കുഴൽ കിണറുകൾ

D. കുളങ്ങൾ

ക്രമനമ്പർ	കുളങ്ങളുടെ പേര്	വാർഡ് നമ്പർ
1	കണ്ടൻ ചിറ	I
2	കീഴാറ്റൂർ ചിറ	I
3	നെടുങ്ങോട്ട്കോണം ചിറ	IV
4	നെടുങ്ങോട്ട്കോണം ഏലചിറ	V
5	കളരിക്ഷേത്രം കുളം	VI
6	പൊട്ടൻചിറകുളം	VI
7	കൊച്ചുവിളകോണം കുളം	VI
8	പറണംകോട് ചിറ	VI
9	തുപ്പോട്ട് ചിറ	VII,
10	നെടുങ്ങോട്ട് ചിറ	VII
11	കളത്തൂർകോണം	VII
12	അസുരമംഗലം ചിറ	VII
13	തടിക്കാട് P.H.സെന്റർ കുളം	VIII
14	വലിയ ചിറ	XII
15	അറയ്ക്കൽ ചിറ	XIII
16.	കോലറചിറ	XII
17	തണ്ടളത്തു ചിറ	XII
18	പെരുമണ്ണൂർ ചിറ	XIII
19	പാലമുക്ക് കുളം	VII
20	പുല്ലംകോട് കുളം	XIII
21	ചിറതലയ്ക്കൽ കുളം	XIII

പഞ്ചായത്തിലെ ജലസ്രോതസ്സുകളെ വിലയിരുത്തുമ്പോൾ ഏകദേശം 34 കി. മീ. നീളത്തിൽ വറ്റാത്ത പുഴകളും തോടുകളും പഞ്ചായത്തിലും അതിർത്തിയിലുമായി കാണുന്നു. കൂടാതെ 21 കുളങ്ങളും 3 വറ്റാത്ത ഉറവകളും (കനകകുന്ന്) ഏകദേശം 2 കുടുംബങ്ങൾക്ക് ഒരു കിണർ എന്ന രീതിയിലും ശുദ്ധജലം ലഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ നിലവിലുണ്ട്. ഇത്തിക്കര ആറിലെ വെള്ളം സസ്യജലവിതരണത്തിന് ഉപയോഗിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിലെ എല്ലാ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിലും വെള്ളമെത്തിക്കാൻ കഴിഞ്ഞിട്ടില്ല. ഈ പ്രദേശത്തെ ജലലഭ്യതയെക്കുറിച്ച് പഠനം നടത്തിയതിൽനിന്ന് ഏകദേശം 703 ഹെ. (18.15%) പ്രദേശത്ത് ഏപ്രിൽ, മെയ് മായങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതായി കാണാം. (ചിത്രം 3.9). കോക്കാട് കനകകുന്നിന്റെ പടിഞ്ഞാറു ഭാഗം, ഇരുമ്പുഴികുന്ന്, കൊച്ചേറ്റിമല, അറയ്ക്കൽ, തേവർതോട്ടം, ഭാഗ്യകുന്ന്, ഇടയം (വടക്ക്) കമ്പംകോട് (കിഴക്ക്) പെരുങ്ങള്ളൂർ (കിഴക്ക്) ആയൂർ (ചില ഭാഗങ്ങൾ), ആനപ്പുഴയ്ക്കൽ, പനച്ചിവിള മുതലായ പ്രദേശങ്ങളിലാണ് ജലക്ഷാമം അനുഭവപ്പെടുന്നത്. ഈ പ്രദേശങ്ങിലെല്ലാം തന്നെ ഭൂപ്രകൃതി, മണ്ണ്, ജല, വിനിയോഗപരിപാലനത്തിൽ പുതിയ സമീപനം ഉണ്ടാവേണ്ടതുണ്ട്. ഭൂഗർഭ ജലശ്രോതസുകളും ഈ പ്രദേശങ്ങളിൽ ഉപയോഗപ്പെടുത്താം.

ഭൂഗർഭ ജല ലഭ്യത

1993–ൽ സംസ്ഥാന ഭൂഗർഭ ജലവകുപ്പ് ഈ പഞ്ചായത്തുൾപ്പെടുന്ന അഞ്ചൽ ബ്ലോക്കിൽ പടനം നത്തിയതിന്റെ വിശദാംശങ്ങൾ അനുസരിച്ച് ലഭ്യമായ ഭൂഗർഭ ജലത്തിൽ 8.73 ദശലക്ഷം ഘന മീ. മാത്രമേ ഉപയോഗിക്കുന്നുള്ളൂ (ചിത്രം 3.10). വർഷത്തിൽ ആകെ പുനർശേഖരണം നടത്തുന്ന ഭൂഗർഭ ജലത്തിന്റെ അളവ് 93.65 ദശലക്ഷം ഘനമീ. ആണ്. ഭൂഗർഭ ജലവികസനത്തിന്റെ കാര്യത്തിൽ 1995–ൽ 21.58 % മാത്രമേ ആയിട്ടുള്ളൂ, മാത്രമല്ല ഈ പ്രദേശം "വൈറ്റ്" വിഭാഗത്തിൽ ഉൾപ്പെടുകയും ചെയ്യുന്നു. ഈ പ്രദേശത്തെ ഭൂഗർഭ ജലവികസനത്തിന്റെ ഘട്ടം പരിശോധിയ്ക്കുമ്പോൾ വികസനം 65 % – ൽ താഴെയും ഭാവിയിൽ കൂടുതൽ വികസനത്തിന് യാതൊരു തടസ്സവും ഇല്ല എന്നു കാണാം.
തിരുവനന്തപുരത്തെ ഭൂമിശാസ്ത്ര പഠന കേന്ദ്രം (C. E. S.S.) തയ്യാറാക്കിയ ഭൂഗർഭ ജലപ്രവിശ്യ ഭൂപടം അനുസരിച്ച് ഇടമുറയ്ക്കൽ പഞ്ചായത്തുകളിൽപെടുന്ന പ്രദേശം വ്യാസം കൂടിയ കിണറുകൾ കുഴിക്കാൻ യോഗ്യമാണ്. മാത്രമല്ല, അച്ചൻകോവിൽ ഭ്രംശരേഖയും അതിനു സമാന്തരമായും ലംബമായും ഭ്രംശരേഖകളും ഉള്ളതിനാൽ ഈ പ്രദേശത്ത് ഭൂഗർഭ ജലം ലഭിക്കാനുള്ള സാധ്യത കൂടുതലാണ്.

ഭൂമിവിനിയോഗം

ഒരു പ്രദേശത്തെ ഭൂമി ഏതെല്ലാം വിധത്തിൽ വിനിയോഗിക്കപ്പെട്ടിരിക്കുന്നു എന്നതാണ് ഭൂമി വിനിയോഗം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. 1995–ൽ തിരുവന്തപുരത്തെ ഭൂമിശാസ്ത്ര പഠന കേന്ദ്രം സന്നദ്ധസേവകരുടെ സഹായത്തോടെ തയ്യാക്കിയ ഭൂമി നിയോഗ ഭൂപടത്തിലെ കണക്കനുസരിച്ച് പഞ്ചായത്തിലെ നിലവിലുള്ള ഭൂമി വിനിയോഗം താഴെ കാണുന്ന രീതിയിലാണ് (ചിത്രം 3.11 പട്ടിക 12).

പട്ടിക -12

ക്രമനമ്പർ	ഭൂവിനിയോഗം	വിസ്തീർണ്ണം ഹെക്ടറിൽ	വിസ്തീർണ്ണത്തിന്റെ ശതമാനം	ഉദ്പാദനം കി.ഗ്രാം/ഹെ.
1	റബ്ബർ	2237.67	57.76	127
2	മിശ്രിതകൃഷി(തെങ്ങ്, കമുക് കുരുമുളക്, വാഴ, ജാതി മുതലായവ)	1308.44	33.78	
3	നെല്ല് (ഇരുപ്പു കൃഷി)	231.52	6.00	3050
4	മിശ്രിതമരങ്ങൾ	88.24	2.28	
5.	* തരിശുഭൂമി	7.16	0.18	
	* ഉപയുക്തമായ തരിശുഭൂമി	5.08		
	തരിശുഭൂമി	2.08		

കേരളത്തിലെ 13 കാർഷിക കാലാവസ്ഥ മേഖലകളിൽ മലനാട് എന്ന മേഖലയിൽ ഉൾപ്പെടുന്ന ഇടമുളയ്ക്കൽ പഞ്ചായത്ത് തികച്ചും ഒരു കാർഷീക അധിഷ്ഠിത ഗ്രാമമാണ്. ആകെ വിസ്തീർണ്ണത്തിൻരെ 57.76 % (2237.67 ഹെ.) പ്രദേശത്ത് ഇപ്പോൾ റബർ കൃഷി ചെയ്യുന്നു. പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും റബർ കൃഷി ചെയ്യുന്നുണ്ടെങ്കിലും പാലറ, കമ്പംകോട്, ഇടമുളയ്ക്കൽ, തേവർതോട്ടം, മധുരപ്പ, ഇരുമ്പുഴികുന്ന്, പൊടിയാട്ടുവിള, പുന്നക്കാട് ,കനകകുന്ന് എന്നിവിടങ്ങളിൽ മുഴുവനായും റബർ തോട്ടങ്ങൾ കാണുന്നു. ജനാധിവാസം കൂടുതൽ ഉള്ള ആയൂർ, പനച്ചിവിള, തടിക്കാട്, പറത്തിക്കാട്, ഇടയം എന്നിവിടങ്ങളിലാണ് തെങ്ങ്, കവുങ്ങ്, വാഴ, ജാതി മുതലായവ മിശ്രിത കൃഷിയായി ചെയ്യുന്നത്. കൂടാതെ, ചെറിയതോതിൽ മിശ്രിത മരങ്ങളും തരിശ് ഭൂമിയും കാണുന്നുണ്ട് (ചിത്രം 3.11 പട്ടിക). നെൽവയലുകളെല്ലാം തന്നെ താഴ്വരകളിലാണ് കാണുന്നത്. 231.52 ഹെ. (6%) പ്രദേശത്ത് നെൽക്കൃഷി ചെയ്യുന്നുണ്ട്. വിരുപ്പ്, മുണ്ടകൻ തുടങ്ങിയ ഇരുപ്പു കൃഷികൾക്കുശേഷം നെൽവയലുകൾ മൂന്നാംവിളയുടെ സമയത്ത് തരിശിടുകയാണ് ചെയ്യുന്നത്.


1960-ശേഷം പഞ്ചായത്തിലെ ഭൂവിനിയോഗരീതിയിൽ സ്ഥായിയായ ഒരു മാറ്റം ദർശിക്കാൻ കഴിയും. നെൽകൃഷി ചെയ്തിരുന്ന വയലുകളുടെ വിസ്തീർണ്ണം പടിപടിയായി കുറയുകയും റബർ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം പടിപടിയായി വർദ്ധിക്കുന്നതും കാണാൻസാധിക്കും. 1960-കളിൽ 490.75 ഹെ. വിസ്തൃതി ഉണ്ടായിരുന്ന നെൽവയലുകൾ ഇന്നു 231.52 ഹെ. ആയി കുറഞ്ഞിരിക്കുന്നു. കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ 259.23 ഹെ. (52.82%) നെൽവയൽ മറ്റു കൃഷികൾക്കും വീട് വയ്ക്കാനുംവേണ്ടി നികത്തിയെടുത്തിരിക്കുന്നതായും കാണാൻ കഴിയും. റബറും തെങ്ങും നെല്ലുമാണ് ഇവിടത്തെ പ്രധാന കൃഷികൾ എങ്കിലും ഇവയിലെ ഉത്പാദനം സംസ്ഥാന ശരാശരിയേക്കാൾ താഴയാണെന്ന കാര്യം ശ്രദ്ധേയമാണ്. (പട്ടിക 13) ഇടമുളയ്ക്കൽ പഞ്ചായത്തിലെ കൃഷി ഭവനിൽ നിന്ന് ലഭ്യമായ വിവരങ്ങൾ അനുസരിച്ച് ഓരോ വിഭാഗം കൃഷിയും അവയുടെ ഉത്പാദനക്ഷമതയും താഴെ കൊടുക്കുന്നു.

പട്ടിക 13

ക്രമ നമ്പർ	ഭൂവിനിയോഗം	വിസ്തീർണ്ണം ഹെക്ടറിൽ	വിസ്തീർണ്ണത്തിന്റെ ശതമാനം	ഉദ്പാദനം
1	നെല്ല്- വിരുപ്പ്	346.00	8.93	3100 കി.ഗ്രാം/ഹെ
2	നെല്ല് മുണ്ടകൻ	280.00	7.23	3000 കി.ഗ്രാം/ഹെ
3.	നെല്ല്- നാടൻ വിത്ത്	66.00	1.70	2803കി.ഗ്രാം/ഹെ
4.	കമുക്	93.00	2.40	13500കി.ഗ്രാം/ഹെ
5.	കുരുമുളക്	102.00	2.63	3മെട്രിക്/ ഹെ
6.	വാഴ	100.00	2.58	14 മെട്രിക്/ ഹെ
7.	പച്ചക്കറി	12.00	0.31	210 കി.ഗ്രാം/ ഹെ
8.	മരച്ചീനി	366.00	9.45	15 മെട്രിക്/ ഹെ
9.	തെങ്ങ്	930.00	24.00	7200 തേങ്ങ
10.	റബ്ബർ	1492.00	38.52	127 കി.ഗ്രാം
11	പയറുവർഗ്ഗങ്ങൾ	30.00	0.77	300 കി. ഗ്രാം
12.	ഇഞ്ചി	30.00	0.77	330 കി. ഗ്രാം
13.	മാവ്, പ്ലാവ്	26.00	0.71	271 കി.ഗ്രാം
	ആകെ	3873.00		

DIA 3-11

EDAMULAKKAL PANCHAYAT



(SOURCE - PRM, CESS)

പരിസ്ഥിതി പ്രശ്നങ്ങൾ

ഇടമുളയ്ക്കൽ പഞ്ചായത്തിലെ മണ്ണ്, ജലം, ഭൂപ്രകൃതി തുടങ്ങിയ അടിസ്ഥാന വിഭവങ്ങളും ജനങ്ങളുമായി ബന്ധപ്പെട്ട പരിസ്ഥിതി പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

1. കുടിയ്ക്കാനും ജലസേചനത്തിനുമുള്ള ജലത്തിന്റെ ദൗർലഭ്യം.
2. മണ്ണൊലിപ്പ്.
3. നെൽവയൽ നികത്തിയെടുക്കലും അതിനോടനുബന്ധിച്ച പ്രശ്നങ്ങളും.
4. മണൽവാരൽ.
5. പാറഘനനം നടത്തൽ.

1. കുടിവെള്ളക്ഷാമം

ഇടമുളയ്ക്കൽ പഞ്ചായത്തിലെ കോക്കാട്, കനകകുന്നിന്റെ പടിഞ്ഞാറു ഭാഗം, ഇരുമ്പുഴിക്കുന്ന്, കൊമ്പേറ്റിമല, അറയ്ക്കൽ തേവർതോട്ടം, ഭാഗ്യകുന്ന്, ഇടയം വടക്ക്, കമ്പംകോട് (കിഴക്ക്) പെരിങ്ങള്ളൂർ (കിഴ്ക്ക്) ആയൂർ (ചില ഭാഗങ്ങൾ) ആനപ്പുഴയ്ക്കൽ, പനച്ചവിള തുടങ്ങി 703 ഹെ. പ്രദേശത്ത് ഏപ്രിൽ, മെയ് മാസങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പടുന്നു.

ജലസേചനത്തിനായി ഈ പഞ്ചായത്തിലെ ജനങ്ങൾ ആശ്രയിക്കുന്നത് കിണറുകളെയും കുളങ്ങളെയും തോടുകളെയുമാണ്. ഭൂരിഭാഗം പ്രദേശത്തും റബർ ആണ് കൃഷി ചെയ്യുന്നതെങ്കലും വയലുകളിലും താഴ്വരകളിലും ജലസേചന സൗകര്യം ലഭിക്കുകയാണെങ്കിൽ മൂന്നാം വിളയോ, പച്ചക്കറി തുടങ്ങിയ കൃഷിയോ ചെയ്യാൻ സാധിക്കും. മുണ്ടകൻ കൊയ്ത്തിനുശേഷം നെൽവയൽ ഉൾപ്പടുന്ന 231 ഹെ. പ്രദേശവും തരിശിടുന്നു.

2. മണ്ണൊലിപ്പ്

പഞ്ചായത്തിലെ കൂടുതൽ ചരിവുള്ള പ്രദേശങ്ങളായ (10^0–27^0 വരെ) കൊമ്പേറ്റിമല, കനകകുന്ന്, ഇരുമ്പുഴിക്കുന്ന്, ഭാഗ്യകുന്ന്, അറയ്ക്കൽ, പൊടിയാട്ടുവിള, കടുവാപ്പാറ, കമ്പംകോട് തുടങ്ങി 694 ഹെ. പ്രദേശം മണ്ണൊലിപ്പിന് സാധ്യതയുള്ളതോ മണ്ണൊലിപ്പുള്ളതോ ആണ്. മണ്ണ് സംരക്ഷണത്തിന് അർഹമായ പ്രാധാന്യം ഈ പ്രദേശങ്ങളിൽ നൽകേണ്ടതാണ്.

3. നെൽവയൽ നികത്തിയെടുക്കലും അതിനോടനുബന്ധച്ചുള്ള പ്രശ്നങ്ങളും

ഈ പഞ്ചായത്തിലെ ഒരുവിധം എല്ലാ വയൽ പ്രദേശങ്ങളുടെയും ഭാഗങ്ങൾ കാർഷികേതര ആവശ്യങ്ങൾക്കും മറ്റ് നാണ്യവിളകൾക്കുംവേണ്ടി ഉപയോഗപ്പെടുത്തിയിരിക്കുന്നു. ഇതിനകം നികത്തിയെടുത്തതോ മറ്റ് കൃഷി ചെയ്യുന്നതോ ആയ വയൽ പ്രദേശങ്ങൾ 259.23 ഹെ. വരും.
നെൽവയലുകൾ നികത്തിയെടുന്നതിനെ നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്. നെൽവയലുകൾ വീട് വയ്ക്കാനും മറ്റ് വിളകൾക്കും വേണ്ടി ഉപയോഗപ്പെടുത്തുമ്പോൾ 1. അരിയുടെയും നെല്ലിന്റെയും കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്നു. 2. നെല്ലിന്റെ ഉത്പാദനം കുറയുന്നു.

3. നികത്തിയെടുക്കുന്ന പ്രദേസങ്ങളിലെ നീർവാർച തോടുകൾ അടയുന്നതുമൂലം വർഷകാലത്ത് വെള്ളം ഒഴുകിപ്പോകാതെ വരികയും താഴ്വാരങ്ങളിൽ വെള്ളക്കെട്ട് അല്ലെങ്കിൽ വെള്ളപ്പൊക്കം ഉണ്ടാവുകയും ചെയ്യുന്നു.

4. പാറ ഖനനവും മണൽവാരലും

പഞ്ചായത്തിലെ ആയൂർ, പെരുമണ്ണൂർ, കുത്തുപാറ എന്നിവിടങ്ങളിൽ നിന്ന് പാറ ഖനനം ചെയ്യുന്നുണ്ട്. വളരെ കൂടുതലായുള്ള ഖനനം പ്രാദേശികമായി പരിസ്ഥിതിയെ ബാധിക്കും എന്നതുകൊണ്ട് ഇത് നിയന്ത്രണവിധേയമാക്കേണ്ടതുണ്ട്.

ഇത്തിക്കര പുഴയുടെ ചില ഭാഗങ്ങൾ കുളഞ്ഞിതോടിലെ ചില ഭാഗങ്ങൾ (വയയ്ക്കൽ) എന്നിവിടങ്ങളിൽ നിന്ന് ചെറിയതോതിൽ മണൽ വാരിയെടുക്കുന്നുണ്ട്. മണൽ വാരലും നിയന്ത്രമവിധേയമാക്കേണ്ടതുണ്ട്. തോടുകളിൽനിന്നും പുഴകളിൽനിന്നും ഒഴുകിയെത്തുന്നതിനേക്കാൾ കൂടുതൽ മണൽ വാരിയാൽ ജലവിതാനം താഴ്ന്നുപോകുകയും തൽഫലമായി സമീപ പ്രദേശങ്ങളിലെ കിണറുകളിലെ ജലവിതാനം താഴുകയും വറ്റിപ്പോകുകയും ചെയ്യുന്നു.

നിർദ്ദേശങ്ങൾ

ഇടമുളയ്ക്കൽ പഞ്ചായത്തിലെ മണ്ണ്, ജലലഭ്യതയും ജലസ്രോതസുകളും തടങ്ങളും ഭൂപകൃതി, ഭൂവിനിയോഗം തുടങ്ങിയവയും ഇവിടത്തെ പരിസ്ഥിതി പ്രശ്നങ്ങളും പഠനം നടത്തിയതിൽനിന്ന് ഉരുത്തിരിഞ്ഞ ചില നിർദ്ദേശങ്ങൾ താഴെ വിവരിക്കുന്നു.

1. കുടിവെള്ളക്ഷാമം / ജലസേചന സൗകര്യത്തിന്റെ അഭാവം/മണ്ണൊലിപ്പ്

പ്രധാന ഈ മൂന്നു പരിസ്ഥിതി പ്രശ്നങ്ങൾക്കും രണ്ട് നിർദ്ദേശങ്ങളാണുള്ളത്.

1. നിലവിലുള്ള ജലസ്രോതസുകൾ പരമാവധി ഉപയോഗപ്പെടുത്തുക.
2. മണ്ണ്/ജലസംരക്ഷണം

നിലവിലുള്ള ജലസ്രോതസുകൾ ആയ പുഴകൾ, തോടുകൾ, കുളങ്ങൾ എന്നിവ എങ്ങനെയെല്ലാം ഉപയോഗപ്പടുത്താം എന്നതിനെക്കുറിച്ച് താഴെ വിവരിക്കുന്നു.

1. ഇത്തിക്കര ആർ –പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്

അഞ്ചൽ ബ്ലോക്കിലെ ഏരൂർ നിഷിപ്ത വനത്തിലെ ചിനിക്കൽ, മടത്തറ, എന്നിവിടങ്ങളിൽനിന്ന് ഉത്ഭവിക്കുന്ന കാലാർ ആണ് അലയമൺ പഞ്ചായത്തിലെ കരുകോൺ എത്തുമ്പോൾ കടവറത്തുതോട്, ഇരവയൽ തോടുമായി ചേർന്നു ഇത്തിക്കര ആർ ആയി മാറുന്നത്. പിന്നീട് ഇടമുളയ്ക്കൽ പഞ്ചായത്തിന്റെ തെക്കൻ അതിർത്തിയിലൂടെയും 10.83 കി. മീ. നീളത്തിൽ ഒഴുകുന്നു. ഏരൂർ, അലയമൺ, ചടയമംഗലം, ഇട്ടിവ, ഇടമുളയ്ക്കൽ എന്നീ പഞ്ചായത്തുകളിലായി ഇത്തിക്കര ആറിന് ഏകദേശം 300 ച. കി. മീ. വൃഷ്ടിപ്രദേശമുണ്ട്. ഇത്രയും പ്രദേശത്തുനിന്നുള്ള പെയ്തേൽക്കുന്ന വെള്ളം ജലസേചനത്തിനോ കുടിവെള്ളത്തിനോ വേണ്ടി മേൽപ്പറഞ്ഞ പഞ്ചായത്തുകളിൽ കാര്യമായി ഉപയോഗിക്കാതെ ഒഴുകിപ്പോകുകയാണ്. വിശദമായ പഠനത്തിനുശേഷം അനുയോജ്യമായ സ്ഥലത്ത് ഒരു "ചെക്ക് ഡാം കം റെഗുലേറ്റർ" പണിയുകയാണെങ്കിൽ ഈ പുഴയിലെ ജലം ലിഫ്റ്റ് ഇറിഗേഷൻ വഴി ഇടമുളയ്ക്കൽ,

ഇട്ടിവ, ചടയമംഗലം തുടങ്ങിയ പഞ്ചായത്തുകളിൽ ജലസേചനത്തിന് അതുവഴി കുടിവെള്ളത്തിനും ഉപയോഗപ്പടുത്താവുന്നതാണ്. ഇടമുളയ്ക്കൽ പഞ്ചായത്തിലെ ആനപ്പുഴയുൽ കുന്നിനും ഇട്ടിവ പഞ്ചായത്തിലെ ആയിരവല്ലിക്കുന്നിനും ഇടയിലായി അത്തരത്തിലുള്ള ഒരു "ചെക്ക് ഡാം കം റെഗുലേറ്റർ" പണിയാൻ അനുയോജ്യമാണെന്ന് കാണുന്നു. വിശദമായ പഠനങ്ങൾ ഇതിന് ആവശ്യമാണ്. ശരാശരി സമുദ്രനിരപ്പിൽനിന്ന് 35-40 മീ. ഉയരത്തിലായി ഒഴുകുന്ന ഇത്തിക്കര ആറിൽ നിന്നും 5 മീ. മുതൽ 10 മീ. വരെ വെള്ളം ഉയർത്തി ചെറിയ കനാൽ വഴി ജലം എത്തിക്കുകയാണെങ്കിൽ ഇടമുളയ്ക്കൽ, ഇട്ടിവ, ചടയമംഗലം തുടങ്ങിയ പഞ്ചായത്തുകളിലെ മുഴുവൻ നെൽവയലുകളിലും ജലസേചനം നടത്തുവാനും അതുവഴി അത്രയും പ്രദേങ്ങളിൽ മൂന്നാം വിളയോ, പച്ചക്കറി തുടങ്ങിയ മറ്റ് കൃഷികളോ ചെയ്യാൻ സാധിക്കും അതിനോടൊപ്പം ആ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമത്തിന് ഒരു പരിധി വരെ പരിഹാരം കാണാൻ സാധിക്കും.

2. പഞ്ചായത്തിലെ വറ്റുന്നതും വറ്റാത്തതുമായ തോടുകളായ കുളഞ്ഞി, വട്ടമൺ, കടുവപ്പാറ, കനകകുന്ന് – മണിയാർ, നെടുങ്ങോട്ടുകോണം, പാലറ, മീനണ്ണൂർ (പട്ടിക 11) തുടങ്ങിയ തോടുകളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ചീപ്പുകൾ നിർമ്മിച്ച് ജലത്തിന്റെ ഒഴുക്കിനെ തടഞ്ഞ് വെള്ളം അടുത്ത പ്രദേശങ്ങളിൽ ജലസേചനത്തിന് ഉപയോഗിക്കുക. ഇതു മൂലം ആ പ്രദേശങ്ങളിലെ ഭൂജലത്തിന്റെ അളവ് വർദ്ധിപ്പിക്കാനും അതുവഴി കിണറുകളിൽ വർഷം മുഴുവൻ ജലം ലഭ്യമാക്കാനും കഴിയും.

3. വലുതും ചെറുതുമായ 21 കുളങ്ങൾ ഈ പ്രദേശങ്ങളിൽ ഉണ്ട് (പട്ടിക 11). കുളങ്ങളിലെ ചെളി നീക്കി ഭിത്തി കെട്ടി വർഷകാലത്ത് ജലസംഭരണികളായും വേനൽക്കാലത്ത് അവയിലെ വെള്ളം അതിനോടടുത്ത പ്രദേശങ്ങളിൽ കുടിവെള്ളത്തിനും ജലസേചനത്തിനും ഉപയോഗപ്പെടുത്തുക. ഇങ്ങനെ ചെയ്യുന്നതുമൂലം അതാത് പ്രദേശങ്ങളിൽ ശുദ്ധജലത്തിന്റെ അളവ് കൂട്ടാനും അതുവഴി കിണറുകളിൽ വർഷം മുഴുവൻ ജലം ലഭ്യമാക്കുവാനും സാധ്യമാകും.

4. പത്താം വാർഡിലെ കനകകുന്ന് പ്രദേശത്തുള്ള വറ്റാത്ത ഉറവയിൽ നിന്നുള്ള വെള്ളം സംഭരിച്ച് അതിനടുത്തുള്ള ജനാധിവാസപ്രദേശങ്ങളിലെത്തിച്ച് അവിടത്തെ കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്.(ചിത്രം 3.9).

5. കിണറുകളിൽ നിന്ന് വർഷം മുഴുവൻ വെള്ളം ലഭിക്കാത്ത സാഹചര്യത്തിൽ അത്തരം പ്രദേശളിൽ മാത്രം കുഴൽ കിണറുകൾ കുഴിച്ച് ശുദ്ധജലം ലഭ്യമാക്കാവുന്നതാണ്.

2. മണ്ണ്/ജലസംരംക്ഷണം

പഞ്ചായത്തിലെ പ്രധാന പരിസ്ഥിതി പ്രശ്നങ്ങളായ കുടിവെള്ളക്ഷാമം, മണ്ണൊലിപ്പ് എന്നിവയ്ക്ക് പരോക്ഷമായി ശാശ്വത പരിഹാരം കാണുന്ന മാർഗ്ഗങ്ങളാണ് ഇവിടെ വിവരിക്കുന്നത്.

മണ്ണ്, ജലം സസ്യജാലം എന്നീ പരസ്പര പുരകങ്ങളായ പ്രകൃതി വിഭവങ്ങളാണ് പ്രകൃതിയുടെ സംതുലിതാവസ്ഥ നിലനിർത്തിക്കാണ്ടുപോകുന്നത്. ഇവയിൽ ഏതെങ്കിലും ഒന്നിന്റെ സംതുലിതാവസ്ഥ

നഷ്ടപ്പെട്ടാൽ മറ്റു രണ്ട് വിഭവങ്ങളുടെയും നിലനിൽപ്പ് അപകടത്തിലാകും. മണ്ണ് സംരക്ഷണം നടപ്പാക്കാത്ത പ്രദേശങ്ങിൽ കഠിന വർഷമുണ്ടാകുമ്പോൾ വളക്കൂറുള്ള മേൽമണ്ണ് കുത്തിയൊലിച്ചുപോകുന്നു. അങ്ങനെ സസ്യങ്ങൾക്ക് പോഷകാംശങ്ങളുടെ കലവറ നഷ്ടപ്പെടുകയും ചെയ്യുന്നു. പ്രകൃതിയുടെ വിനാശകരമായ പ്രക്രിയ്ക്ക് വിധേയമാകുന്ന ഈ ഭൂവിഭാഗം അക്ഷരാർത്ഥത്തിൽ ഊഷരഭൂമിയായിത്തീരുന്നു. മണ്ണൊലിച്ചുകൊണ്ട് ഭൂമിയുടെ ഫലാദായം കുറഞ്ഞുവരുന്നു എന്നു മാത്രമല്ല മലമുകളിൽ നിന്ന് ഒലിച്ചിങ്ങുന്ന മണ്ണ് താഴ്വരകളിലും തോടുകളിലും നിക്ഷേപിക്കപ്പെടുകയും വർഷംതോറും അവയുടെ ആഴം കുറയുകയും തൽഫലമായി വർഷകാലത്ത് വെള്ളപ്പൊക്കം ഉണ്ടാവുകയും ചെയ്യുന്നു. മാത്രമല്ല, ഉയർന്ന പ്രദശങ്ങളിലെ മേൽമണ്ണും സസ്യവർണ്ണവും നഷ്ടമാകുന്നതോടെ മഴക്കാലത്ത് വെള്ളം വലിച്ചെടുക്കാനുള്ള മണ്ണിന്റെ ശേഷി നശിക്കുകയും മേൽമണ്ണ് നഷ്ടമാകുന്നതോടെ അടിമണ്ണിന് വെള്ളം വലിച്ചെക്കാനുള്ള ശക്തി നഷ്ടമാകുകയും ചെയ്യുന്നതോടുകൂടി അരുവി, തോട്, കുളം, കിണർ എന്നിവ വറ്റിവരണ്ടുപോകുകയും ജല ദൗർലഭ്യം രൂക്ഷമാകുകയും ചെയ്യുന്നു. മണ്ണ് ജലസംരക്ഷണത്തിലൂടെ ഇടമുളയ്ക്കൽ പഞ്ചായത്ത് ഇന്ന് അഭിമുഖീകരിക്കുന്ന പ്രധാന രണ്ട് പരിസ്ഥിതി പ്രശ്നങ്ങൾക്കും ഒരു പരിധിവരെ ശാശ്വത പരിഹാരം കാണാൻ ആകും. ഈ ദൗത്യം നിറവേറ്റാനുള്ള ഏതാനം ചില മാർഗ്ഗങ്ങൾ ചുവടെ കൊടുക്കുന്നു.

1. മണ്ണ്, ജലം, സസ്യജാലം എന്നീ പ്രകൃതി വിഭവങ്ങളുടെ പരസ്പര പൂരകമായ സംതുലിതാവസ്ഥ നിലനിൽക്കുന്നത് നീർമറി അടിസ്ഥാനത്തിലാണ്. ഒരു സാധാരണ കർഷകനെ സംബന്ധിച്ചിടത്തോളം നീർമറിയെയും അതിന്റെ പ്രസക്തിയെയും കുറിച്ച് സാമാന്യബോധം ഉണ്ടാകേണ്ടതുണ്ട്. എന്തു മാത്രം പ്രദേശത്തെ പെയ്തേൽക്കുന്ന വെള്ളം അവന്റെ ഭൂമിയിൽ എത്തുമെന്നും, അതിന് എന്തുമാത്രം സംഹാരശേഷി ഉണ്ടെന്നും അവൻ അറിഞ്ഞിരിക്കേണ്ടതാണ്. സ്വന്തം ഭൂമിയിൽ എത്തുന്ന ഈ വെള്ളത്തെ പരമാവധി എങ്ങനെ സംരക്ഷിക്കാമെന്നും ബാക്കി ജലനിർഗമനം വിനാശരഹിതമായി എങ്ങനെ സാധിക്കും എന്നീ കാര്യങ്ങളെക്കുറിച്ച് അവനെ ബോധവൽക്കരിക്കേണ്ടതും സാങ്കേതിക ഉപദേശങ്ങൾ നൽകേണ്ടതുമാണ്.

2. പഞ്ചായത്തിലെ ജല ദൗർലഭ്യം പരിഹരിക്കുവാൻ ചെക്ക് ഡാമുകൾ, അണക്കെട്ടുകൾ, എന്നിവയെ മാത്രം ആശ്രയിച്ചാൽ പൂർണ്ണമായും പ്രശ്നപരിഹാരമാവുകയില്ല. ആയതിനാൽ ആവശ്യങ്ങൾ നേരിടുന്നതിന്റെ ആദ്യപടിയായി ഉയർന്ന കൃഷി ഭൂമികളിൽ മഴവെള്ളം അതാത് ഇടങ്ങളിൽ തടഞ്ഞുനിർത്തി മണ്ണിനുള്ളിലേക്കു ഊർന്നിറങ്ങി ഭൂഗർഭ ജലവിതാനം ഉയർത്തുകയും അതുവഴി കിണറുകൾ വറ്റാതിരിക്കുകയും തോടുകളിലും നദികളിലും വർഷം മുഴുവൻ നീരൊഴുക്ക് ഉറപ്പുവരുത്തുകയും ചെയ്യത്തക്ക പ്രവർത്തനങ്ങൾക്കു മുൻഗണന നൽകുക.

3. മഴവെള്ളം ഓരോ തട്ടിലും തടഞ്ഞുനിർത്തി ഭൂമിക്കുള്ളിലേക്കു ഊർന്നിറങ്ങാൻ സമയം കൊടുക്കുന്നതിനുവേണ്ടിയും മണ്ണൊലിപ്പ് തടയുന്നതിനുവണ്ടിയും ചരിവിന് കുറുകെ കോണ്ടൂർ ബണ്ഡുകളോ കല്ല് ഉപയോഗിച്ചുള്ള ബണ്ഡുകളോ ചരിവിന് കുറുകെയുള്ള ചാലുകളോ കുഴികളോ നിർമ്മിക്കുക.

4. മരച്ചീനി (കപ്പ) ഇഞ്ചി, ചേന തുടങ്ങിയ കിഴങ്ങുവർഗ്ഗത്തിൽ പെട്ട വിളകൾ ചരിവിന് കുറുകെ വരമ്പുകളും ചാലുകളും വരുത്താത്തവണ്ണം കൃഷി ചെയ്യേണ്ടതാണ്. ഒരു കാരണവശാലും മുകളിൽ

നിന്ന് താഴേക്കു ചെറു ചാലുകൾ രൂപീകൃതമാവത്തക്കവണ്ണം കൃഷി ചെയ്യരുത്. തെങ്ങ്, കശുമാവ്, ഫലവൃ-ക്ഷങ്ങൾ കൃഷി ചെയ്യുമ്പോൾ സ്ഥലത്ത് തോട്ട പയർ പോലുള്ള ആവരണവിത്തുകൾ കൃഷി ചെയ്യുക.

5. മഴവെള്ളം കിനിഞ്ഞിറങ്ങാനും ഈർപ്പം നിലനിർത്താനും മണ്ണിന്റെ ഭൗതീക ഗുണങ്ങൾ നിലനിർത്താനും മണ്ണിൽ ജൈവാംശത്തിന്റെ പ്രകടമായ സാന്നിധ്യം ആവശ്യമാണ്. ഇതിനായി ശീമകൊന്ന പോലുള്ള ചെടികൾ ചരിവിനു കുറുകെ വച്ചുപിടിപ്പിച്ച് അവയുടെ പച്ചിലകൊണ്ട് പ്രധാന കൃഷിയ്ക്കക് പുത വെക്കേണ്ടതുമാണ്. വീടും പരിസരപ്രദേശങ്ങും അടിച്ചുവാരുന്ന ചപ്പുചവറുകൽ ഉണക്ക ഇലകൾ മറു ജൈവാവശിഷ്ടങ്ങൾ എന്നിവ കത്തിച്ചുകളയാതെ കൃഷിയിടങ്ങളിൽ പുഴ്ത്തിയിടേണ്ടതാണ്. അപ്രകാരം ചെയ്യുമ്പോൾ മണ്ണിൽ കിനിഞ്ഞിറങ്ങുന്ന ജലം കിണറുകളും തോടുകളും വറ്റാതെ സഹായിക്കുകയും ബാഷ്പീകരണം മൂലം ഭൂമിയുടെ ഉപരിതലത്തിൽ നിന്ന് നഷ്ടപ്പടുന്ന ജലത്തിന്റെ അളവ് കുറയുകയും ചെയ്യുന്നു. ഇതിലുപരി ഭൂമിയിൽ ഈർപ്പം നിലനിർത്തുന്നതുകൊണ്ട് ജലസേചനാവശ്യം കുറയുകയും ചെയ്യും.

6. കുന്നിൻമുകളിൽനിന്ന് താഴോട്ട് ഓഴുകുന്ന ചാലുകൾ അതാത് ഇടങ്ങളിൽ ലഭ്യമായ കല്ലുകൾ, തടികൾ എന്നിവയെക്കൊണ്ട് തടസ്സങ്ങൾ കെട്ടി ജലപ്രവാഹത്തിന്റെ വേഗത കുറയ്ക്കേണ്ടതാണ്.

മനുഷ്യസമ്പത്ത്

1991-ലെ കാനേഷുമാരി കണക്കുകൾ അനുസരിച്ച് ഇടമുളയ്ക്കൽ പഞ്ചായത്തിലെ ജനസംഖ്യ 35.978 ആണ്. ഇതിൽ 17618 പുരുഷന്മാരും 18360 സ്ത്രീകളുമാണ്. 7565 കുടുംബങ്ങളായി അധിവസിക്കുന്ന ഇവരിൽ 3990 പേർ പട്ടക ജാതിക്കാരും 66 പേർ പട്ടിക വർഗ്ഗവിഭാഗത്തിൽ പെട്ടവരുമാണ്.(പട്ടിക 14). 929 ആളുകൾ/ചതുരശ്ര കി. മീ. ആണ് ഈവിടത്തെ ജനസാന്ദ്രത. ഇത് സംസ്ഥാന ജനസാന്ദ്രതയേക്കാൾ കൂടുതലും (749 ആളുകൾ/ചതുരശ്ര കി. മീ.). കൊല്ലം ജില്ലയിലെ ജനസാന്ദ്രതയേക്കാൾ കുറവുമാണ്(967 ആളുകൾ/ചതുരശ്ര കി. മീ.). സ്ത്രീപുരുഷ അനുപാതം കണക്കാക്കുമ്പോൾ മേൽപറഞ്ഞതിൽനിന്നും വ്യത്യസ്തമായി ഇവിടെ 1000 പുരുഷന്മർക്ക് 1042 സ്ത്രീകളും, കൊല്ലം ജില്ലയിൽ 1000-ന് 1035 ഉം സംസ്ഥാനത്ത് അത് 1000-ന് 1036-ഉം ആകുന്നു. 6 വയസിനു താഴയുള്ള കുട്ടികളുടെ ആൺകുട്ടി : പെൺകുട്ടി അനുപാതം പരിശോധിക്കുമ്പോൾ ഇതിൽ നിന്നും വളരെ വ്യത്യസ്തമായ ഒരു ചിത്രം നമുക് കാണാൻ കഴിയും. 6 വയസിന് താഴെയുള്ള കുട്ടികളിൽ 1000 ആൺകുട്ടികൾക്ക് 947 പെൺകുട്ടികൾ മാത്രമേയുള്ളൂ എന്ന കാര്യം ശ്രദ്ധേയമാണ്. ഇന്ന് പഞ്ചായത്തിൽ നിലവിലുള്ള സ്ത്രീപുരുഷ അനുപാതവുമായി തട്ടിച്ചുനോക്കുമ്പോൾ 6 വയസിനു താഴെയുള്ള കുട്ടികളിൽ സ്ത്രീപുരുഷ അനുപാതം1000-ന് 95 (പെൺകുട്ടികൾ) എന്ന തോതിൽ കുറവു വന്നിട്ടുള്ളതായി കാണാം (പട്ടിക 15).

വിദ്യാഭ്യാസം

നിലവിലുള്ള സാഹചര്യങ്ങൾക്കുള്ളിൽ നിന്നുകൊണ്ടുതന്നെ വിദ്യാഭ്യാസപരമായി മുന്നേറാൻ ഇവിടത്തെ ജനങ്ങൾക്ക് കഴിഞ്ഞട്ടുണ്ടെങ്കിൽ കൂടി ജില്ലയിലെ വിദ്യാഭ്യാസനിലവാരവുമായി താരതമ്യപ്പെടുത്തുമ്പോൾ അല്പം പിറകിലാണെന്ന് പറയാതെ വയ്യ.1991-ലെ കാനേഷുമാരി കണക്കുകൾ

പ്രകാരം പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 83.30% പുരുഷന്മാരും (14676) 78.04% സ്ത്രീകളും (14329) സക്ഷരരാണെന്നു കാണാം. ഇത് കൊല്ലം ജില്ലയിലെ സക്ഷരത ശതമാനത്തേക്കാൾ (പുരുഷന്മാർ 94.89%, സ്ത്രീകൾ 87%) കുറവാണെന്ന് കാണാം (പട്ടിക 17). ഭൂമിശാസ്ത്രപരമായുള്ള ഈ പ്രദേശത്തിന്റെ സ്ഥാനവും സാമ്പത്തിക, സാമൂഹ്യ, സാംസ്കാരിക പശ്ചാതലത്തിനും ഇവിടുത്തെ ജനങ്ങളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയിൽ പങ്കുണ്ടെന്നുവേണം കരുതാൻ.

ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്ത് തല ജനസംഖ്യ
(പട്ടിക 14) അവലംബം സെൻസസ് 1991

ആകെ വീടുകളുടെ എണ്ണം	ആകെ കുടുംബങ്ങളുടെ എണ്ണം	ജനസംഖ്യ			പട്ടികജാതി			പട്ടികവർഗ്ഗം			സ്ത്രീ പുരുഷ അനുപാതം	
		ആകെ	പു	സ്ത്രി	ആകെ	പു	സ്ത്രി	ആകെ	പു	സ്ത്രി	പു	സ്ത്രി
7532	7565	35978	17618	18360	3990	1992	1998	66	29	37	1000	1042

തികച്ചും ഒരു കാർഷികാധിഷ്ഠിത ഗ്രാമമായ ഈ പഞ്ചായത്തിലെ ജനങ്ങൾ വിവധ തുറകളിലായി തൊഴിലെടുക്കുന്നുണ്ട്. പ്രധാനമായും കാർഷിക മേഖലയിലാണെങ്കിലും മൃഗസംരക്ഷണം, മത്സ്യബന്ധനം, ഖനനം, കുടിൽ വ്യവസായം, നിർമ്മാണ പ്രവർത്തനം, വാണിജ്യം, വ്യാപാരം തുടങ്ങിയ മേഖലകളിലും ഇവിടുത്തെ ജനങ്ങൾ ജോലിയെടുക്കുന്നു.

പട്ടിക 15
ആറു വയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം.

ആറുവയസ്സിന് താഴെയുള്ള കുട്ടികൾ			ആൺ, പെൺ അനുപാതം		നിലവിലുള്ള സ്ത്രീ പുരുഷ അനുപാദത്തിൽ നിന്നുള്ള മാറ്റം
ആകെ	ആൺ	പെൺ	ആൺ	പെൺ	
4341	2230	2111	1000	947	-95

അവലംബം സെൻസസ് 1991

1991-ലെ കാനേഷുമാരി കണക്കനുസരിച്ച് ആകെ ജനസംഖ്യയുടെ 31% പേർക്കു മാത്രമേ (10963) സ്ഥിരമായി തൊഴിലുള്ളൂ. ബാക്കിവരുന്ന 69% പേരും (25015) തൊഴിൽ രഹിതരാണ്. പ്രധാന ജോലിക്കാരിൽ 27% പേർ (3025) കർഷകരും 28% പേർ (3115) കർഷക തൊഴിലാളികളുമാണ്. ബാക്കിവരുന്ന 45% പേർ (4823) മൃഗസംരക്ഷണം ഖനനം, കുടിൽ വ്യവസായം, നിർമ്മാണ പ്രവർത്തനം, വാണിജ്യം, വ്യാപാരം, ഗതാഗതം, വാർത്താവിനിമയം തുടങ്ങിയ മേഖലകളിൽ തൊഴിലെടുക്കുന്നു(പട്ടിക 18). ഇതിൽ കർഷക തൊഴിലാളികളെയും മറ്റ് വ്യവസായ മേഖലയിൽ തൊഴിലെടുക്കുന്നവരെയും ഒഴിച്ചുനിർത്തിയാൽ ബാക്കിവരുന്ന എല്ലാ മേഖലകളിലും തന്നെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം തുലോം തുച്ഛമാണ്. പഞ്ചായത്തിലെ കാർഷകരെ താഴെ പറയുന്ന രീതിയിൽ തരംതിരിക്കാം.

പട്ടിക 16

കർഷകരുടെ തരം	കർഷകരുടെ എണ്ണം
1 ഹെക്ടറിൽ താഴെ ഭൂമിയുള്ളവർ (മാർജിനൽ ഫാർമേഴ്സ്)	4636
1 ഹെക്ടർ മുതൽ 3 ഹെ. വരെ ഭൂമിയുള്ളവർ (ചെറുകിട കൃഷിക്കാർ)	1080
3 ഹെകടറിൽ കൂടുതൽ ഭൂമിയുള്ളവർ (വൻകിട കൃഷിക്കാർ)	86
ആകെ	5802

അവലംബം കൃഷിഭവൻ ഇടമുളയ്ക്കൽ പഞ്ചായത്ത്

സാമാന്യം മോശമല്ലാത്ത കാർഷിക അടിത്തറ ഉണ്ടായിട്ടും ഇവിടുത്തെ ജനങ്ങൾക്ക് കുടിൽ വ്യവസായങ്ങളിലോ, മൃഗസംരക്ഷണ ഡയറി തുടങ്ങിയ മേഖലകളിൽ കാര്യമായി മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടില്ല.

തൊഴിലില്ലായ്മ

കേരള സംസ്ഥാനത്തിലെ മറ്റ് എല്ലാ പ്രദേശങ്ങളിൽനിന്നും വ്യത്യസ്തമല്ലാത്തരീതിയിൽ ഇവിടെയും തൊഴിലില്ലായ്മ രൂക്ഷമാണ്. പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ (35978) 69% പേരും തൊഴിൽ രഹിതരാണെന്ന വസ്തുത സത്യത്തിൽ ഞെട്ടലുളവാക്കുന്നതാണ്. തൊഴിൽ രഹിതരായ 25015 പേരിൽ 5% പേർക്ക് (1073) നാമമാത്രമായ തൊഴിലുണ്ട്. തൊഴിൽ രഹിതരിൽ 36% പേർ (8561) പുരുഷന്മാരും 64% പേർ (15381) സ്ത്രീകളുമാണ്.

(പട്ടിക 17)

ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്ത് തല സാക്ഷരത

കുട്ടികൾ ഉൾപ്പെടെ ജനസംഖ്യ	സാക്ഷരർ		സാക്ഷരതാ ശതമാനം	
	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ
403150	14676	14329	83.30	78.04

കാർഷിക മേഖലയിൽ ഉൽപാദനം വർദ്ധിപ്പിച്ചും കാർഷികാധിഷ്ഠിതമായതും അല്ലാത്തതുമായ കുടിൽ വ്യവസായങ്ങൾ ആരംഭിച്ചും ഇവിടത്തെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണേണ്ടതാണ്. പരമ്പരാഗത തൊഴിൽ മേഖല, മൃഗസംരക്ഷണം, കോഴി വളർത്തൽ എന്നീ മേഖലകളിൽ സ്ത്രീകൾക്ക് സ്വയംതൊഴിൽ കണ്ടെത്താനാകും. പ്രധാന വിളയായ റബറിനെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുകിട വ്യവസായങ്ങളെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. കാർഷികാധിഷ്ഠിതവും ചെറുകിട കുടിൽ വ്യവസായങ്ങളിൽ ഊന്നിക്കൊണ്ടുമുള്ള വികസനപ്രവർത്തനങ്ങൾക്ക് ഈ പഞ്ചായത്തിലെ തൊഴിലില്ലായ്മയ്ക്ക് ഒരു അളവുവരെ പരിഹരിക്കാൻ കഴിയുകയുള്ളൂ.

ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്തു തലതൊഴിൽ സംബന്ധിച്ച വിവരങ്ങൾ.

പട്ടിക 18

തൊഴിൽ മേഖല	എണ്ണം		തൊഴിൽ പങ്കാളിത്തം ശതമാനത്തിൽ	
	പുരു:	സ്ത്രീ	പുരു:	സ്ത്രി
പ്രധാന ജോലിക്കാർ	8037	2326	78.78	21.22
കർഷകർ	2907	118	69.32	30.68
കർഷകതൊഴിലാളികൾ	2450	665	78.65	21.35
മൃഗസംരക്ഷണം & മത്സ്യബന്ധനം	311	12	96.28	3.72
ഖനനം	72	32	69.23	30.77
കുടിൽ വ്യവസായം	47	3	94	6
മറ്റു വ്യവസായങ്ങൾ	526	948	35.68	64.32
നിർമ്മാണപ്രവർത്തനം	318	5	98.45	1.55
വാണിജ്യം	767	62	95.52	4.48
ഗതാഗതം വാർത്താവിനിമയം	289	7	97.63	2.37
മറ്റുമേഖലകൾ	950	474	66.71	33.29
നാമമാത്ര തൊഴിലുള്ളവർ	420	653	39.14	60.86
തൊഴിൽ രഹിതർ	8561	15381	35.76	64.24
അവലംബം സെൻസസ്സ് 1991				

ഭാഗം 4

വികസനത്തിന്റെ മേഖലകൾ

1. കൃഷിയും ജലസേചനവും

ഇടമുളയ്ക്കൽ തികച്ചും ഒരു കാർഷിക ഗ്രാമമായിരുന്നു. കുന്നിൻപ്രദേശവും ചരിവ് പ്രദേശവും താഴ്വരകളും അടങ്ങിയതാണ് ഭൂപ്രകൃതി. നെല്ല്, തെങ്ങ്, കശുമാവ്, കുരുമുളക്, മരച്ചീനി, വെറ്റില, പയർ വർഗ്ഗങ്ങൾ, ഇഞ്ചി തുടങ്ങിയവയായിരുന്നു മുഖ്യവിളകൾ. കൃഷിയും അതുമായി ബന്ധപ്പെട്ട മറ്റ് തൊഴിൽ മേഖലകളുമായിരുന്നു മുഖ്യജീവനോപാധി. പഞ്ചായത്തിലെ കൃഷി ഭൂമിയുടെ ഉടമസ്ഥർ പ്രധാനമായും വൻകിട ജന്മിമാരായിരുന്നു. ചില പ്രധാനപ്പെട്ട കുടുംബങ്ങളുടെയും ദേവസ്വത്തിന്റെയും മനകളുടെയും നിയന്ത്രണത്തിലായിരുന്നു കൃഷി ഭൂമി. എന്നാൽ 1957–71 കാലങ്ങളിൽ നടപ്പിലായ ഭൂപരിഷ്കരണ നിയമം ഭൂമിയുടെ ഉടമസ്ഥയിലും കാർഷികവൃത്തിയിലും മാറ്റങ്ങൾ വരുത്തി. ഇന്ന് ഭൂരിഭാഗം ഉടമസ്ഥരും ഒരു ഹെ. തഴെ മാത്രം ഭൂമി കൈവശമുള്ളവരാണ്. ഇത് സംബന്ധിച്ച വിവരം പട്ടിക 1–ൽ

പട്ടിക 1

നമ്പർ	ഭൂപരിധി	ഉടമസ്ഥരുടെ എണ്ണം
1	1–10 സെന്റ്	7930
2	10–25 സെന്റ്	6849
3	25–50 സെന്റ്	4875
4	50–100 സെന്റ്	1820
5	1–2 ഏക്കർ	2269
6	2–5 ഏക്കർ	752
7	5 ഏക്കറിനുമേൽ	208

വില്ലേജ് സെറ്റിൽ മെന്റ് രേഖപ്രകാരം ഭൂമിയുടെ വിസ്തീർണ്ണം
പട്ടിക 2- ൽ

ഭൂമി	വിസ്തൃതി: ഏക്കറിൽ
പുരയിടം	8419.54
നിലം	1227.04
പുറമ്പോക്ക്	353.61
തരിശ്	186.35

അവലംബം വില്ലേജേ രേഖ

ആദ്യകാലത്ത് ശ്രദ്ധയും പരിചരണവും നൽകിയിരുന്നത് നെല്ല്, തെങ്ങ് എന്നിവയ്ക്കായിരുന്നു. മഴയെ ആശ്രയിച്ചാണ് കൃഷി ചെയ്തിരുന്നത്. കുടാതെ, തോടുകൾ, കുളങ്ങൾ എന്നിവ പരസ്പര ധാരണയുടെ കൃഷിക്കുവേണ്ടി ഉപയോഗപ്പെടുത്തിയിരുന്നു. ആകെ ഭൂമിയുടെ 12.04% നെൽകൃഷി ചെയ്തിരുന്ന വയലുകളായിരുന്നു. നാടൻ വിത്തിനങ്ങളും ജൈവവളങ്ങളുമാണ് ഉപയോഗിച്ചിരുന്നത്. 1960 മുതൽ രാസവളങ്ങളും സങ്കരയിനം വിത്തുകളും ഉപയോഗിച്ചുതുടങ്ങുകയും 1970 മുതൽ വ്യാപകമാവുകയും ചെയ്തു. പുതിയ വിത്തും വളവും വ്യാപകമായതോടെ ജലസേചനത്തിനായി പമ്പു സെറ്റുകൾ ഉപയൗഗിക്കുവാൻ തുടങ്ങി. പാടങ്ങളിൽ ഇടവിളയായി എള്ള്, പച്ചക്കറികൾ മുതലായവ കൃഷി ചെയ്തിരുന്നു. തോടുകളിൽ നിന്ന് കൃഷി സ്ഥലങ്ങളിലേക്കു ജലം തിരിച്ചുവിടുന്നതിനായി ഓല, മുളംകുറ്റി എന്നിവ ഉപയോഗിച്ച് തടയണകൾ നിർമ്മിച്ചിരുന്നു. എലികളെ നശിപ്പിക്കുന്നതിനായി മുളകുഴൽ കെണി, ചാഴിയെ നശിപ്പിക്കാൻ ചാഴിവിലക്കൽ, പന്തം കൊളുത്തുക എന്നീ രീതികളാണ്സ്വീകരിച്ചിരുന്നത്. കാർഷിക ഉൽപ്പന്നങ്ങളുടെ പ്രധാന വിപണന കേന്ദ്രം അഞ്ചലായിരുന്നു. തലച്ചുമടായും കാളവണ്ടിയിലുമായിരുന്നു ഉൽപ്പന്നങ്ങൾ കൊണ്ടുപോയിരുന്നത്.

ഭൂപരിഷ്കരണം നടപ്പിലായതോടെ സ്വന്തമായി ഭൂമി ലഭിച്ച കർഷകർ നേരിട്ട് കൃഷി ചെയ്യുവാൻ തുടങ്ങിയതോടെ വിളകളിൽ മാറ്റം ഉണ്ടായി. കശുമാവും തെങ്ങും വെട്ടിമാറ്റി റബർ കൃഷി ചെയ്യുവാൻ തുങ്ങി. 1920 മുതൽ ആരംഭിച്ച റബർ കൃഷി 1980 മുതൽ വ്യാപകമായി . ഇന്ന് നമ്മുടെ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്നത് റബ്ബറാണ്. 1980 കൾക്കുശേഷം പാടങ്ങൾ നികത്തുന്ന പ്രവണത തുടങ്ങി. ആദ്യകാലങ്ങളിൽ കർഷകർക്ക് സമൂഹത്തിൽ കിട്ടിയിരുന്ന അംഗീകാരം കുറഞ്ഞുവന്നതോടെ അവൻ മറ്റ് തൊഴിൽ മേഖലകളിലേക്ക് തിരിയാൻ തുടങ്ങി. കൂലി നിലവാരം ഉയർന്നുവന്നതനുസരിച്ച് കൃഷിഭൂമിയിൽ ചെലുത്തിയിരുന്ന അദ്ധ്വാനത്തിന്റെ അളവ് ക്രമേണ കുറഞ്ഞുവന്നു.

നെൽകൃഷി ലാഭകരമല്ലാതായതും ആധുനിക വിദ്യാഭ്യാസം സാർവ്വത്രികമായതും കർഷക തൊഴിലാളികളുടെ പിൻതലമുറക്കാരെ ഇതര തൊഴിൽ മേഖലകളിലേക്ക് ആകർഷിച്ചു. ഇത് കർഷക തൊഴിലാളികളുടെ എണ്ണക്കുറവിനും വയലുകൾ തെങ്ങു കൃഷിക്കും കെട്ടിട നിർമ്മാണത്തിനും വേണ്ടി നികത്തുക എന്ന പ്രക്രിയയുടെ ഗതി വേഗം വർദ്ധിപ്പിച്ചു. ഇത് പച്ചക്കറികൾ, വാഴ, തുടങ്ങിയ വിളകളെയും ബാധിച്ചിട്ടുണ്ട്. കാർഷികവൃത്തിയോട് വന്ന സമീപനത്തിന്റെ ഭാഗമായി പറമ്പിൽ കൃഷി ചെയ്തിരുന്ന

ഇടവിളകളുടെ ഉൽപ്പാദനത്തിലും കുറവ് വന്നു. പുരയിടങ്ങളിൽ റബറിന് മെച്ചപ്പെട്ട പരിചരണം ലഭിക്കുമ്പോൾ മറ്റുള്ളവയ്ക്ക് കുറഞ്ഞ പരിചരണമെ ലഭിക്കുന്നുള്ളു. ജനസംഖ്യയിലുണ്ടായ വർദ്ധനവും കാർഷിക മേഖലയെ തകർക്കുന്നതിന് കാരണമായിട്ടുണ്ട്. കൃഷിയുമായി ബന്ധപ്പെട്ടുകൊണ്ട് കുളങ്ങൾ തോടുകൾ എന്നിവ സംരക്ഷിച്ചുപോന്നിരുന്ന സ്ഥിതിക്കും മാറ്റമുണ്ടായി. ഇപ്പോഴുള്ളവ മണ്ണിടിഞ്ഞുതകർന്നു നമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. പഞ്ചായത്തിൽ നിലവിലുള്ള കുളങ്ങളോ തോടുകളോ ശരിയായ നിലയിൽ സംരംക്ഷിക്കപ്പെടുന്നില്ല എന്നതാണ് പരമാർത്ഥം.

ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 3873 ഹെ. ആണ്. ഇത് ഉയർന്ന സമതലം, ചരിവ് പ്രദേശം, താഴ്വര എന്നിങ്ങനെയാണ് കാണപ്പടുന്നത്. ഇതുമായി ബന്ധപ്പെട്ട വിശദവിവരം പട്ടിക 3-ൽ

പട്ടിക 3

ഭൂപ്രകൃതി (CESS REPORT)

നമ്പർ	ഭൂപ്രകൃതി	ഹെക്ടറിൽ	ശതമാനം
1	ഉയർന്ന സമതലം	127.00	3.28
2	ചരിവ് പ്രദേശം	2151.00	55.59
3	താഴ് വര	1595.00	41.18

ഇടമുളയ്ക്കൽ പഞ്ചായത്തിലെ മണ്ണിനെ പൊതുവായി രണ്ടായി തിരിക്കാം. 1. ചെമ്മണ്ണ് 2. നദിജന്യ എക്കൽ. മണ്ണിന്റെ P.H. മൂല്യം ചെമ്മണ്ണിൽ 5-7 വരെയും നദിജന്യ എക്കൽ 5-6 വരെയുമാണ്. വർദ്ധിച്ചുവരുന്ന രാസവളപ്രയോഗം മൂലം മണ്ണിന്റെ അമ്ലസ്വഭാവം വർദ്ധിച്ചുവരുന്നു. ആകെ വിസ്തൃതിയുടെ ഭൂരിഭാഗം പ്രദേശങ്ങളിലും റബർ ആണ് കൃഷി ചെയ്യുന്നത്. 1,2,8,9,10,11,12.13 വാർഡുകളിലാണ് കൂടുതലായി റബർ കണുന്നത്. റബറിൽനിന്നുള്ള വരുമാനമാണ് ഈ രംഗത്തേക്ക് കർഷകരെ ആകഷിക്കുന്നത്. ആദ്യകാലത്ത് ധാരാളമായി കൃഷി ചെയ്തിരുന്ന കശുമാവ് ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ പ്രധാനപ്പെട്ട വ്യവസായമായ കശുവണ്ടി വ്യവസായം കശുവണ്ടി ലഭ്യതക്കുറവിനാൽ തകർച്ചയിലാണ്. വളരെ ലാഭകരമായ ഈ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. 3,4,5,6,7 വാർഡുകളിൽ കൂടുതൽ തെങ്ങുകൃഷിയാണ് ചെയ്യുന്നത്. തെങ്ങ് ഒന്നിന് ഉൽപ്പാദനം പ്രതിവർഷം ശരാശരി 30 എണ്ണമാണ്. കേരത്തിന്റെ ശരാശരി 38 എണ്ണമാണ്. തമിഴ്നാട്, കർണ്ണാടകം എന്നിവിടങ്ങളിൽ 70 മുതൽ 80 വരെ തേങ്ങ കിട്ടുമ്പോൾ നമ്മുടെ സംസ്ഥാനത്തും പഞ്ചയത്തിലും ഉൽപ്പാദനം വളരെ കുറവാണെന്നു കാണാൻ കഴിയും.

വിത്ത് തെരഞ്ഞടുക്കുന്നതിലെ അപാകത, അശാസ്ത്രീയമായ വളപ്രയോഗം ജലസേചന

സൗകര്യത്തിന്റെ അഭാവം, രോഗങ്ങൾ തുടങ്ങിയവയാണ് തെങ്ങിന്റെ ഉൽപ്പാദനക്ഷമത കുറയ്ക്കുന്നതിനുള്ള കാരണം. പഞ്ചായത്തിൽ 57605 തെങ്ങുകൾ രോഗം ബാധിച്ചവയാണ്. വാഴ, മരച്ചീനി, കുരമുളക്, നെല്ല്, ഇഞ്ചി, പച്ചക്കറികൾ എന്നിവയും പ്രധാനമായും കൃഷി ചെയ്യുന്നു. പട്ടിക 4

ഭൂവിനിയോഗം

പട്ടിക 4 അവലംബം – CESS

നമ്പർ	ഭൂവിനിയോഗം	വിസ്തീർണ്ണം	വിസ്തീർണ്ണത്തിന്റെ ഹെക്ടറിൽ	ഉൽപ്പാദനം ശതമാനം കി.ഗ്രാം/ഹെ
1	റബ്ബർ	2237.67	57.76	127
2	മിശ്രിത കൃഷി(തെങ്ങ്, കുരുമുളക്, കമുക്, വാഴ ജാതി)	1308.44	33.78	
3	നെല്ല് (ഇരുപ്പൂരൃഷി)231.52		6.00	3050
4	മിശ്രിതമരങ്ങൾ	88.24	2.28	
5	ഉപയുക്തമായ തരിശ് ഭൂമി	5.08		
6	തരിശ് ഭൂമി	2.08		

നെൽവയലുകളെല്ലാം താഴ്വരകളിലാണ് കാണുന്നത്. 231.52 ഹെ. (6%) പ്രദേശത്ത് നെൽകൃഷി ചെയ്യുന്നുണ്ട്. വിരുപ്പ്, മുണ്ടകൻ തുടങ്ങിയ ഇരുപ്പു കൃഷികൾക്കുശേഷം നിലം മൂന്നാംവിളയുടെ സമയത്ത് തരിശിടുന്നു. ഇതിന് മാർറം വരുത്തണം. (പട്ടിക 5)


ഭൂവിനിയോഗം- അവലംബം കൃഷിഭവൻ രേഖ

പട്ടിക 5


നമ്പർ	ഭൂവിനിയോഗം	വിസ്തീർണ്ണം ഹെക്ടറിൽ	ആകെ വിസ്തീർണ്ണത്തിന്റെ ശതമാനം	ഉത്പാദനം ഹെക്ടറിൽ
1	നെല്ല്-വിരുപ്പ്	346.00	8.93	3100 കി. ഗ്രാം
2	നെല്ല്- മുണ്ടകൻ	280.00	7.23	3000 കി. ഗ്രാം
3	നെല്ല്- നാടൻവിത്ത്	66.00	1.70	2803 കി.ഗ്രാം
4	കമുക്	93.00	2.40	13500 അടയ്ക്ക
5	കുരുമുളക്	102.00	2.63	3. മെട്രിക് ടെൺ
6	വാഴ	100.00	2.58	14 "
7	പച്ചക്കറി	12.00	0.31	210 കി. ഗ്രാം.
8	മരച്ചീനി	366.00	9.45	15 മെട്രീക് ടെൺ
9	തെങ്ങ്	930.00	24.00	7200 തേങ്ങ
10	റബ്ബർ	1492.00	3852	127 കി. ഗ്രാം
11	പയർവർഗ്ഗങ്ങൾ	30.00	0.77	330 കി.ഗ്രാം
12.	ഇഞ്ചി	30.00	0.77	330 കി.ഗ്രാം
13.	മാവ്, പ്ലാവ്	26.00	0.71	271 കിഗ്രാം

ഈ പട്ടികയിൽ നിന്നും പഞ്ചായത്തിൽ നെൽകൃഷി കുറഞ്ഞുവരുന്നതായും കാണാം.

ഇടമുളയ്ക്കൽ പഞ്ചായത്തിലെ നെൽ കൃഷിയെ സബന്ധിക്കുന്ന അവലംബം ദ്വിദീയ വിരശേഖരണ റിപ്പോർട്ട് (കൃഷിഭവൻ വിഭവഭൂപടം അടിസ്ഥാനം)



ഇടമുളയ്ക്കൽ പഞ്ചായത്തിലെ റബ്ബർ കൃഷിയെ സബന്ധിക്കുന്ന ഗ്രാഫ്.
അവലംബം ദ്വിദീയ വിരശേഖരണ റിപ്പോർട്ട്
(കൃഷിഭവൻ വിഭവഭൂപടം അടിസ്ഥാനം)



പഞ്ചായത്തിലെ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി ഭവനിലൂടെ വിവിധ ഇനം നടീൽ വസ്തുക്കൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നുണ്ട്. ഇതിന്റെ വിശദവിവരം പട്ടിക 6-ൽ കണുക.

നടീൽ വസ്തു വിതരണം- അവലംബം കൃഷിഭവൻ രേഖ

പട്ടിക 6

നമ്പർ	ഇനം	എണ്ണം 1993-94	എണ്ണം 1994-95	എണ്ണം 1995-96
1	തെങ്ങ്	785	175	850
2	കശുമാവ്	160	320	80
3	കുരുമുളക്	5000	12500	1500
4	കമുക്	ഇല്ല	ഇല്ല	150
5	ഗ്രാമ്പു	ഇല്ല	30	295
6	ജാതി	ഇല്ല	30	180
7	മാവ്,	90	110	20.
8	പ്ലാവ്	ഇല്ല	30	100
9	നെൽവിത്ത്-ജ്യോതി	ഇല്ല	ഇല്ല	200 കി.ഗ്രാം
10	നെൽവിത്ത്-പവിഴം	ഇല്ല	ഇല്ല	100 കി. ഗ്രാം
11	നെൽവിത്ത്-ജയ	ഇല്ല	ഇല്ല	100 കി.ഗ്രാം

വളം

നമ്മുടെ പഞ്ചായത്തൽ സഹകരണ മേഖലയിൽ അഞ്ചും സ്വകാര്യമേഖലയിൽ 10-ഉം രാസവള കീടനാശിനി വിപണന കേന്ദ്രങ്ങൾ നിലവിലുണ്ട്. 850 കർഷകരും രാസവളവും കീടനാശിനികളും ഉപയോഗിക്കുന്നു. ജൈവവളവും ജൈവകീടനാശിനികളും നാമമാത്രമായി ഉപയോഗിക്കുന്നു. ജൈവവളങ്ങളുടെ ലഭ്യതക്കുറവും അറിവില്ലായ്മയുമാണ് ജൈവവള ഉപയോഗം കുറയുവാനുള്ള കാരണം. കൃഷി ഭവനിലൂടെ കർഷകർക്ക് വിവിധ വിശകൾക്ക് സബ്സിഡി നിരക്കിൽ രാസവളവും കീടനാശിനികളും വിതരണം ചെയ്യുന്നുണ്ട്. എന്നാൽ ഇത് പരിമരതമായ തേതിൽ മാത്രമേ ഉണ്ടാകുന്നുള്ളൂ. ഇതിനെ സംബന്ധിച്ച് വിശദമായി പട്ടിക 7-ൽ ചേർക്കുന്നു.

രാസവളം കീടനാശിനി വിപണനം – അവലംബം കൃഷിഭവൻ രേഖ

പട്ടിക 7

നമ്പർ	സ്ഥാപനത്തിന്റെ പേര്	1993–94		1994–95		1995–96	
		വളം	കീടനാശിനി	വളം	കീടനാശിനി	വളം	കീടനാശിനി
1	കൃഷിഭവൻ	66 കി.	104ലി 248 കി.		ഇല്ല		ഇല്ല
2.	സഹകരണം	3200 കി.	24.5 ലി	3200 കി.	24.5 ലി.	3200 കി.	24.5 ലി.
3.	സ്വകാര്യം	ഇല്ല	ഇല്ല	ഇല്ല	ഇല്ല	1445 കി.	24.ലി 40 കി.

നിലം ഉഴുകുന്നതിനായി യന്ത്രവൽക്കൃത കൃഷി രീതി 40% കർഷകർ സ്വീകരിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ ഇതിനായി ഓരോ ട്രില്ലർ മാത്രമാണുള്ളത്. മറ്റ് പ്രദേശങ്ങളിൽ നിന്ന് യന്ത്രങ്ങൾ കൊണ്ടുവരേണ്ടതിനാൽ കർഷകർ ഇപ്പോഴും കലപ്പകളെ ആശ്രയിക്കുന്നു. കൃഷി ഭവനിലൂടെ കർഷകർക്ക് 3 റോക്കർ സ്പ്രെയർ, 6 നാപ്സ്റ്റാക്ക് സ്പ്രെയർ, 3 തെങ്ങുകയറ്റ യന്ത്രം എന്നിവ നൽകിയിട്ടുണ്ട്. കൂടുതൽ തോതിലുള്ള യന്ത്രവൽക്കൃത കൃഷിരീതികൾ നടപ്പിലാക്കിയാൽ കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയും.

കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കൃഷി ഭവൻ പാടശേഖരസമിതികൾ രൂപീകരിച്ചു പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ വിശദവിവരം പട്ടിക 8-ൽ കൊടുക്കുന്നു.

പാടശേഖര സമിതികൾ – അവലംബം കൃഷിഭവൻ രേഖ

പട്ടിക 8

നമ്പർ	സമിതിയുടെ പേര്	ഇനം
1	കമ്പംകോട് ഗ്രൂപ്പ് ഫാമിംഗ്	നെല്ല്
2	കൈപ്പള്ളി ഏല	നെല്ല, വാഴ, പച്ചക്കറി
3	നെടുങ്ങോട്ടുകോണം ഏല	നെല്ല, വാഴ, പച്ചക്കറി
4	തേവർതോട്ടം ഏല	നെല്ല, വാഴ, പച്ചക്കറി
5	മാരൂർ, പൊടിയാട്ടുവിള ഏല	നെല്ല്
6	ഇടയം നെല്ലുൽപാദകസമിതി	നെല്ല, വാഴ, പച്ചക്കറി
7	പുല്ലംങ്കോട് ഏല	നെല്ല, വാഴ
8	കുറ്ററ മീനണ്ണൂർ ഏല	നെല്ല, വാഴ, പച്ചക്കറി

ജലസേചനം

മഴയെ ആശ്രയിച്ചുള്ള കൃഷിയാണ് പഞ്ചായത്തിൽ നമുക്കുള്ളത്. പഞ്ചായത്തിലെ വാർഷിക വർഷപാതം 2470 മി.മീ. ആണ്. പെയ്യുന്ന മഴയുടെ 20% ശതമാനം മാത്രമെ നമുക്ക് പ്രയോജനപ്പടുത്തുവാൻ കഴിയുന്നുള്ളൂ. ആകെ ഭൂമിയുടെ 55.59% ചരിവായതിനാൽ നീർതടപദ്ധതിയെ ആശ്രയിച്ചുകൊണ്ടുള്ള കൃഷി രീതികൾ അവലംബിക്കാൻ കഴിഞ്ഞാൽ പെയ്യുന്ന മഴയുടെ ഭൂരഭാഗവും പ്രയോജനപ്പെടുത്താൻ കഴിയും. ജലസേചനത്തിനുവേണ്ടി 22.8 ഏക്കർ വിസ്തൃതിയിലായ 25 കുളങ്ങളും 94.9 കി.മീ. ദൈർഘ്യമുള്ള തോടുകളും പഞ്ചായത്തിലുണ്ട്. (അദ്ധ്യായം 3 പട്ടിക 11, പട്ടിക 13). എന്നാൽ ഈ കുളങ്ങളും തോടുകളും പൂർണ്ണമായും ജലസേചനത്തിനുവേണ്ടി ഉപയുക്തമല്ല. പഞ്ചായത്തിലെ നീരൊഴുക്ക് 20 ചെറു നീർതടാകങ്ങളുമായും ഇത്തിക്കര നദിയുമായും ബന്ധപ്പെട്ടുകിടക്കുന്നു. 10–ാം വാർഡിന്റെ വടക്കുകിഴക്കു കൂടി ഒഴുകുന്ന തോടുകൾ കല്ലടയാറിലും ബാക്കിയുള്ളവ ഇത്തിക്കരയാറിലുമാണ് ചേരുന്നത്. ജലശ്രോതസുകൾ സംരക്ഷിച്ച് കൃഷിക്ക് പ്രയോജനപ്പടുത്തുവാനുള്ള പരിശ്രമം ഉണ്ടാകുന്നില്ല. തോടുളിലെ ജലം കൃഷിക്ക് ഉപയുക്തമാക്കാൻ നിലനിലുള്ള തടണകൾ പുനരുദ്ധീകരിക്കുകയും ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയവ നിർമ്മിക്കുകയും വേണം. പഞ്ചായത്തിലെ കുളങ്ങൾ പുനരുദ്ധരിച്ചും കല്ലട ജലസേചന പദ്ധതിയുടെ കനാലുകൾ നിർമ്മിച്ചു ജലസേചന സൗകര്യം ഏർപ്പെടുത്തിക്കൊണ്ട് നമ്മുടെ പഞ്ചായത്തിലെ കാർഷിക മേഖലക്ക് ഒരു പുത്തൻ ഉണർവ് വരുത്താൻ കഴിയണം.

കൃഷി ഭവനിലൂടെ ജലസേചനത്തിനായി 53 കിണറുകളും ഒരു കുളവും നിർമ്മിച്ചു നൽകിയിട്ടുണ്ട്. ഇത്തിക്കര നദിയിലെ ജലം ആനപ്പുഴക്കൽ കുന്നിനും ആയിരംവല്ലികുന്നിനും ഇടയിൽ ഒരു ചെക്ക് ഡാം കം റെഗുലേറ്റർ സ്ഥാപിച്ച് ജലസേചനത്തിനും കുടിവെള്ളത്തിനും പ്രയോജനപ്പെടുത്താൻ കഴിയണം.

മണ്ണ് ജലസംരക്ഷണം.

മുൻകാലങ്ങളിൽ വരമ്പുകളിട്ടും ആതിർത്തിയിൽ മരങ്ങൾ വച്ചുപിടിപ്പിച്ചും ജൈവവേലികൾ വച്ചുപിടിപ്പിച്ചും പറമ്പുകൾ യഥാസമയം കൊത്തിയിളക്കിയുമാണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. ജനസംഖ്യാവർദ്ധനവ് ജീവിതക്രമത്തിലുണ്ടായ പരിവർത്തനം ഭൂമിയുടെ തുണ്ടുവൽക്കരണം കാർഷികവൃത്തിയോടുവന്ന വിമുഖത തുടങ്ങിയവ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. വിശ്വാസത്തിന്റെ പേരിലായാലും സംരക്ഷിച്ചുവെന്ന 5 കാവുകൾ നമ്മുടെ പഞ്ചായത്തലുണ്ട്. ഇത് പരിമിതമായ തോതിലെങ്കിലും ഈ പ്രദേശങ്ങളുമായി ബന്ധപ്പെട്ട് മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങളെയും പരിസ്ഥിതിയേയും സഹായിക്കുന്നുണ്ട്.

കാർഷിക വായ്പ

രണ്ട് സഹകരണ ബാങ്കുകളടക്കം നാല് ബാങ്കുകളാണ് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. ഇതു കൂടാതെ പുനലൂരിൽ പത്തനാപുരം താലൂക്ക് സഹകരണ കാർഷിക വികസന ബാങ്കും

പ്രവർത്തിക്കുന്നു. ഈ ബാങ്കുകളെയാണ് പ്രദാനമായും കർഷകർ ആശ്രയിക്കുന്നത്. സഹകരണ ബാങ്കുകളാണ് ഈ രംഗത്ത് മിന്നിൽ നിൽക്കുന്നത്. കൃഷിക്കുവണ്ടി അനുവദിക്കുന്ന വായ്പകൾ പലപ്പോഴും മറ്റ് ആവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നു എന്നതാണ് പൊതുവേയുള്ള അഭിപ്രായം. കാർഷിക മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ബാങ്കുകൾ ദീർഘകാല വായ്പാ പദ്ധതികൾ ആവിശ്ഖ്കരിക്കേണ്ടതുണ്ട്. ബാങ്കുകൾ വായ്പകളെ സംബംന്ധിച്ച വിവരങ്ങൾ പട്ടിക 9-ൽ.

ബാങ്ക് വായ്പകൾ- അവലംബം ബാങ്ക് രേഖകൾ
പട്ടിക 9

നമ്പർ	സ്ഥാപനത്തിന്റെ പേര്	കൊടുത്തതുക 1995-96
1	അറയ്ക്കൽ സർവ്വീസ് സഹകരണബാങ്ക്	3080695 രൂപ
2	ഇടമുളയ്ക്കൽ SCB	31287890 രൂപ
3	കാർഷികവികസനബാങ്ക്	24.51 ലക്ഷം
4	സെൻട്രൽ ബാങ്ക്, ആയൂർ	7.27 ലക്ഷം

നഴ്സറികൾ

രണ്ട് അംഗീകൃത നഴ്സറികൾ അടക്കം 4 നഴ്സറികൾ പഞ്ചായത്തിലുണ്ട്. അംഗീകൃത നഴ്സറിയിൽ ഒരെണ്ണം മാത്രമമേ കാര്യക്ഷമമായി പ്രവർത്തിക്കുന്നുള്ളൂ. പുതിയ ഇനം മികച്ച നടീൽ വസ്തുക്കൾ ആവശ്യത്തിനനുസരിച്ച് ലഭ്യമാക്കാൻ കൂടുതൽ നഴ്സറികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. അത്യുൽപ്പാദനശേഷിയുള്ള വിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിന് നഴ്സറികളെയും പാടശേഖര സമിതികളെയും ഉപയോഗപ്പെടുത്തണം.

പ്രകൃതിക്ഷോഭം

പഞ്ചായത്തിലെ കർഷകർ നേരിടുന്ന പ്രധാനപ്പെട്ട വെല്ലുവിളി പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന വിളനാശമാണ്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതികൾ വിപുലമാക്കുകയും പഞ്ചായത്തിലെ കാർഷിക വിളകൾ ഇൻഷ്വർ ചെയ്തും കർഷകരെ സഹായിക്കേണ്ടതുണ്ട്. കൃഷി ഭവനിലൂടെ പ്രകൃതിക്ഷോഭ ദുരിതാശ്വാസമായി വിതരണം ചെയ്ത തുകയുടെ വിശദവിവരം പട്ടിക 10-ൽ കാണുക.

ദുരിതാശ്വാസ വിതരണം –അവലംബം കൃഷിഭവൻ രേഖ

പട്ടിക 10

വർഷം	പ്രശ്നബാധിത പ്രദേശത്തിന്റെ വി.		ധനസഹായം ലഭിച്ചവരുടെ എണ്ണം	വിതരണം ചെയ്ത തുക
	വെള്ളപൊക്കം	കാറ്റ്		
1994–95	38.38		294	40039 രൂപ
1995–96	18.7	21.04	412	98810 രൂപ

കൃഷി ഭവൻ

1987 സെപ്. 1–ന് നമ്മുടെ പഞ്ചായത്തിൽ അറയ്ക്കൽ കേന്ദ്രമാക്കി പ്രവർത്തനം ആരംഭിച്ച കൃഷിഭവന് നമ്മുടെ പഞ്ചായത്തിലെ കർഷകരെ പൂർണ്ണമായതോതിൽ സഹായിക്കാൻ കളിയുന്നില്ല. ഒരു കൃഷി ഓഫീസറും 3 കൃഷി അസിസ്റ്റന്റുമാരും ഉള്ള കൃഷി ഭവന്റെ പ്രവർത്തനം പൂർണ്ണമായ തോതിൽ കർഷകർക്ക് ലഭിക്കേണ്ടതുണ്ട്. 2 വില്ലേജുകൾ ഉൾപ്പെട്ട അതിവിസ്തൃതമായ പഞ്ചയത്തായതുകൊണ്ട് കൂടുതൽ സേവനം നൽകാൻ കൂടുതൽ ഉദ്യോഗസ്ഥരും, ഇടമുളയ്ക്കൽ വില്ലേജ് കേന്ദ്രീകരിച്ച് ഒരു കൃഷി ഭവനും ഉണ്ടാക്കേണ്ടതുണ്ട്.

പ്രശ്നങ്ങൾ

- ഫലപുഷ്ടികുറവ്
- മണ്ണൊലിപ്പ്
- ഭൂമി തരിശിടൽ
- ജലസേചന സൗകര്യക്കുറവ്
- പാടം നികത്തൽ
- മണ്ണ് പരിശോധന ഇല്ല
- വർദ്ധിച്ച കൃഷിച്ചെലവ്
- രോഗകീടബാധകൾ
- നടീൽ വസ്തുക്കളുടെ അപര്യാപ്തത
- ജലനിർഗമന സൗകര്യക്കുറവ്
- കർഷകതൊഴിലാളികളുടെ കുറവ്
- ജൈവവളങ്ങളുടെ ലഭ്യതകുറവ്
- ഉൽപ്പന്നങ്ങളുടെ വിലക്കുറവ്
- യന്ത്ര ഉപകരണങ്ങളുടെ ലഭ്യതക്കുറവ്
- വായ്പാ സൗകര്യക്കുറവ്
- സംസ്കരണശാലകളുടെ അഭാവം
- സാമൂഹ്യ സുരക്ഷിതത്വ പദ്ധതിയുടെ അഭാവം
- ബോധവൽക്കരണത്തിന്റെ അഭാവം
- കൃഷി ഭവന്റെ സഹായക്കുറവ്
- ഏലാകളിലേക്കു യന്ത്രങ്ങൾ ഇറക്കുന്നതിനുള്ള സൗകര്യക്കുറവ്
- മണൽ വാരൽ
- പ്രകൃതിക്ഷോഭം
- വിള ഇൻഷ്വറൻസിന്റെ അഭാവം
- വൈദ്യുതിയുടെ ലഭ്യതക്കുറവ്
- വിപണന സൗകര്യക്കുറവ്
- കാർഷികവൃത്തിയോടുള്ള വിമുഖത

നിർദ്ദേശങ്ങൾ

1. കൃഷി ഭവൻ മുഖേന മണ്ണിന്റെ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി ആവശ്യമായ നിർദ്ദേശം നൽകുക.
2. 55.59% പ്രദേശവും ചരിവ് ആയതിനാൽ ഈ പ്രദേശം മുഴുവനും വാട്ടർ ഷെഡ് പദ്ധതിയിൽ ഉൾപ്പെടുത്തുക.
3. കൃഷി ഭവനിലൂടെ ട്രാക്ടർ, ട്രില്ലർ, മെതിയന്ത്രം തുടങ്ങിയ ഉപകരണങ്ങൾ വാടകയ്ക്ക് ലഭ്യമാക്കുക
4. രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പുതിയവ വെച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുക.
5. അത്യുല്പാദനശേഷിയുള്ള വിത്തുകളും തൈകളും 50% സബ്സിഡി നിരക്കിൽ യഥാസമയം കൃഷി ഭവനിലൂടെ ലഭ്യമാക്കുക.
6. വിത്ത് ഉൽപ്പാദനത്തിന് പാടശേഖര സമിതികളെ ഉപയോഗപ്പെടുത്തുക.
7. ഫല വൃക്ഷ തൈകൾ വച്ചുപിടിപ്പിക്കുക.
8. സഹകരണ ബാങ്കുകളിലെ വളം ഡിപ്പോകളിലൂടെ നെൽകർഷകർക്ക് സബ്സിഡി നിരക്കിൽ വളം ലഭ്യമാക്കുക.
9. ജൈവവളത്തിന്റെ കുറവ് നികത്തുന്നതിനായി പുറമ്പോക്ക് ഭൂമികളിൽ ശീമക്കൊന്ന, ഡെയ്ഞ്ച എന്നിവ കൃഷി ചെയ്യുകയും കർഷകരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. മണ്ണിര കമ്പോസ്റ്റ് രീതി കർഷകർക്ക് പരിചയപ്പെടുത്തി വ്യാപകമാക്കുക.
10. ഗ്രാമ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കൃഷി ഭവനിലൂടെ തെങ്ങിന് മരുന്ന് തളി നടത്തുന്നതിനായി സ്പ്രേയിങ് സ്ക്വാഡുകളെ രൂപീകരിക്കുക.
11. വെറ്റില, കൈതച്ചക്ക, പച്ചക്കറികൾ തുടങ്ങിയ കൃഷികൾ പ്രോത്സാഹിപ്പിക്കുന്നതിനായി 50% സബ്സിഡി നൽകുക.
12. ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ വിള ഇൻഷ്വറൻസ് പദ്ധിതി ആവിഷ്ക്കരിക്കുക.
13. ഇടമുളയ്ക്കൽ വില്ലേജ് കേന്ദ്രീകരിച്ച് ഒരു കൃഷി ഭവൻ ആരംഭിക്കുക.
14. നെൽപാടങ്ങൾ നികത്തുന്നത് തടയാനായി വിജിലൻസ് കമ്മിറ്റി രൂപീകരിക്കുക
15. കർഷകർക്ക് പെൻഷൻ പദ്ധതി ഏർപ്പെടുത്തുക.
16. ഗ്രാമപഞ്ചായത്തിന്റെയും, കൃഷി ഭവന്റെയ്യും നേതൃത്വത്തിൽ സംയോജിത നെൽ, വാഴ, പച്ചക്കറി കൃഷിരീതികൾ പ്രോൽസാഹിപിക്കുക.
17. കല്ലടജലസേചന പദ്ധതിയുടെപ്രയോജനം ഈ പഞ്ചായത്തിലെ കർഷകർക്ക് ലഭ്യമാക്കുക.
18. മണൽ വാരൽ നിരോധിക്കുക
19. കാർഷികആവശൃത്തിനുള്ള വൈദ്യുതി സൗജന്യമാക്കുകയും വേഗത്തിൽ ലഭ്യമാക്കുകയും ചെയ്യുക.
20. അഭ്യസ്ത വിദ്യരായ യുവതീയുവാക്കളെ സംഘടിപിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് നേതൃത്വത്തിൽ ഓർക്കിഡ്, ആന്തൂറിയം, ഔഷധസസ്യം, കുറ്റിമുല്ല, പച്ചക്കറി എന്നിവ കൃഷിചെയുക.
21. സഹകരണ ബാങ്കുളുടെ നേതൃത്വത്തുൽ ഓർക്കിഡ്. ആന്തൂറിയം എന്നിവ കൃഷി ചെയ്യുക.
22. സഹകരണ പ്രസ്ഥാനങ്ങൾ കാർഷിക ഉൽപ്പന്നങ്ങൾ വാങ്ങി വിറ്റഴിക്കുക.
23. നെല്ല് ഉൽപ്പാദനം വർദ്ധിപ്പിക്കാനായി കർഷകർക്ക് ദീർഘകാല വായ്പയും 50% സബ്സിഡി നിരക്കിൽ വിത്ത്, വളം, കീടനാശിനി, കാർഷിക ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുക.

24. നെല്ല് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും തെരഞ്ഞെടുക്കപ്പെടുന്ന ഏലാകളിൽ ഗ്രൂപ്പ് ഫാമിംഗ് ഏർപ്പടുത്തുക.
25. ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി പഞ്ചായത്തിലെ മുഴുവൻ കുളങ്ങളും പുനരുദ്ധീകരിച്ച് അനുയോജ്യമായവയിൽ പമ്പ് ഹൗസ് സ്ഥാപിക്കുക.
26. ഇത്തിക്കര ആറിന് കുറുകെ ആനപ്പുഴയ്ക്കൽ കുന്നിനും , ആയിരവല്ലികുന്നിനും മദ്ധ്യേ ചെക്ക് ഡാം കം റഗുലേറ്റർ സ്ഥാപിച്ചാൽ ഇടമുളക്കൽ, ഇട്ടിവ, ചടയമംഗലം പഞ്ചായത്തുകളിലെ ഏലാകളിൽ 3-ാം കൃഷി ചെയ്യുന്നതിന് ജലം എത്തിക്കുവാൻ കഴിയും.
27. ഇത്തിക്കര ആറ്റിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ വഴി കൊല്ലമൺ, പുതുപ്പടപ്പ്, കമ്പങ്കോട്, ചെമ്പംകോണം ഏലാകളിൽ ജലസേചന സൗകര്യം ഏർപ്പെടുത്തുക.

ജലസേചനത്തിനായി പട്ടിക 11 ൽ പറയുന്ന തോടുകളിൽ തടയണകൾ നിർമ്മിച്ച് ഏലാകളിൽ ജലം എത്തിക്കുക.

തടയണകൾ നിർമ്മിക്കേണ്ട തോടുകൾ

പട്ടിക - 11

വാർഡ് നമ്പർ	തടയണകൾ നിർമ്മിക്കേണ്ടസ്ഥലം
IV	നെല്ലിത്താനം തോട്
V	ഇത്തിക്കര നദി- വാഴോട്ട്തോപ്പ്, കോട്ടപൊയ്ക
VII	തുപ്പോട്
IX	മിനണ്ണൂർതോട്- മിനണ്ണൂർ, മൈനിക്കോട്, തേമ്പാംമൂല
X	കാഞ്ഞിരത്തറ ഏല
XII	പോങ്ങനാംകോണം, മുല്ലേത്തുവാതുക്കൽ, പുലിയത്ത്മേൽഭാഗം
VI	ഊട്ടുപറമ്പ്

പട്ടിക -12 ൽ പറയുന്ന ഏലാകളിൽ ട്രാക്ടർ, ട്രില്ലർ എന്നിവ ഇറക്കുന്നതിനായി റോഡും റാമ്പും പണിയുക.

പട്ടിക 12

റോഡും റാമ്പും പണിയേണ്ട ഏലാകൾ- അവലംബം- ഗ്രാമസഭാ റിപ്പോർട്ട്

വാർഡ്	ഏലാകൾ
IV	കൊല്ലമൺ
IV	കൊടിഞ്ഞൽ
IX	മീനണ്ണൂർ, അറയ്ക്കൽ, മൈനിക്കോട്, തേമ്പാംമൂല
X	കാഞ്ഞിരത്തറ, മരുർ, പുലിയൂർ
XI	ചിറത്തലയ്ക്കൽ, തണ്ടളം, മേപ്പള്ളിക്കോണം.
XII	പുലിയത്ത് ഏല
XIII	മണ്ണറ, പുല്ലംങ്കോട്

തോടുകളുടെ സൈഡ് കെട്ടി ബലപ്പെടുത്തികൊണ്ട് ജലനിർഗ്ഗമന സൗകര്യം കാര്യക്ഷമമാക്കുക. (പട്ടിക 13)

സൈഡ് കെട്ടിബലപ്പെടുത്തേണ്ട തോടുകൾ – അവലംബം ഗ്രാമസഭാ റിപ്പോർട്ട്

പട്ടിക 13

വാർഡ്	സൈഡ് കെട്ടിബലപ്പെടുത്തേണ്ട ഭാഗങ്ങൾ
IV	നെടുങ്ങോട്ട് കോണം, മുട്ടക്കാവ്, ഒഴുകുപാറയ്ക്കൽ, കൈപ്പള്ളി.
VI	ഊട്ടുപറമ്പ് തോട്
VIII	തടിക്കാട് കൊമ്പേറ്റി മലത്തോട്,
IX	അറയ്ക്കൽ ചിറമുതൽ- തേവർതോട്ടം ഇരപ്പൻപാറ മീനണ്ണൂർ-വയയ്ക്കൽ തോട്.
X	അരിങ്ങട ഏല, മരൂർ ഏല, കാഞ്ഞിരത്തറ ഏല
XI	ചിറതലയ്ക്കൽ തോപ്പ്, മേപ്പള്ളിക്കോണം, തണ്ടളത്ത്
XIII	പോങ്ങനാംകോണം- വാളകംതോട്
VII	തുപ്പേട്ട്, നെടുങ്ങോട്ട് നെട്ടയം, അസുരമംഗലം.

പുതിയ കുളങ്ങൾ കുഴിക്കേണ്ട സ്ഥലങ്ങളിൽ പുതിയവ നിർമ്മിച്ച് ജലസേചനസൗകര്യം ഏർപ്പെടുത്തുക. (പട്ടിക 14)

പുതിയ കുളങ്ങൾ നിർമ്മിക്കേണ്ട സ്ഥലങ്ങൾ- അവലംബം ഗ്രാമസഭാ റിപ്പോർട്ട്

പട്ടിക 14

വാർഡ്	പുതിയ കുളങ്ങൾ നിർമ്മിക്കേണ്ട സ്ഥലങ്ങൾ
II	വേളൂർ ,കളവില, പെരുങ്ങള്ളൂർ, ചെമ്പംകോണം.
III	പുതുപടപ്പ്, കമ്പംകോട്
IV	മറ്റത്തികോണം
VIII	തേവർതോട്ടം ചേരിയിൽഭാഗം
IX	മീനണ്ണൂർ, തേമ്പാംമൂല, മൈനിക്കോട്
X	കാഞ്ഞിരത്തറ, പേരയം, മാക്കോട്, കൈതക്കെട്ട്, പുന്നക്കാട്, മാരൂർ
XI	മേപ്പള്ളികോണം, താഴെ വീട്ടുപടിക്കൽ

- ★ പഞ്ചായത്ത് കോമ്പൗണ്ടിൽ തരിശു കിടക്കുന്ന ഒന്നര ഏക്കർ ഭൂമി പഞ്ചായത്തിന്റെയും കൃഷി ഭവന്റെയും നേതൃത്വത്തിൽ മാതൃകാ കൃഷിത്തോട്ടമാക്കിമാറ്റുക.
- ★ ഉപയുക്തമായ തരിശ് ഭൂമി കൃഷിക്ക് ഉപയുക്തമാക്കുക.
- ★ നാമാവശേഷമായിക്കൊണ്ടിരിക്കുന്ന കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുക.

2- മൃഗസംരക്ഷണം മത്സ്യബന്ധനം

കാർഷിക ഗ്രാമമായ നമ്മുടെ പഞ്ചായത്തിൽ കൃഷിയുടെ അഭിഭാജ്യഘടകമായിരുന്നു കാലിവളർത്തൽ. ഉഴവുകാളകളെന്ന നിലയിലും വണ്ടി വലിക്കുന്നതിനും പാൽ ഉൽപ്പാദനത്തിനും മാത്രമല്ല കൃഷിക്ക് ആവശ്യമായ ജൈവവളങ്ങളുടെ മുഖ്യശ്രോതസിനും ആശ്രയിച്ചിരുന്നത് കന്നുകാലികളെയായിരുന്നു. ഈ മേഖലയിലുണ്ടായ ഒരു പ്രധാനപ്പെട്ട മാറ്റം അത്യുൽപ്പാദന ശേഷിയുള്ള പശുക്കളുടെ വ്യാപനമാണ്. 80% പശുക്കളും അത്യുൽപ്പാദന ശേഷിയുള്ളവയാണ്.

കന്നുകാലികളിൽ പ്രധാനമായും വളർത്തുന്നത് പശുക്കളെയാണ്. കലീതീറ്റയുടെ വിലവർദ്ധവ്, തീറ്റപ്പുൽഅപര്യാപ്ത, വൈദ്യസഹായങ്ങളുടെ കുറവ് തുടങ്ങിയ കാരണങ്ങൾകൊണ്ട് ഈ മേഖലയിലെ കർഷകർ വളയേയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നവരാണ്.

ഇടമുളയ്ക്കൽ പഞ്ചായത്തിൽ ഒരുവർഷം ഉൽപ്പാദിപ്പിക്കപ്പെടുന്ന പാൽ 264 ടൺ ആണ്. നമ്മുട പഞ്ചായത്തിലെ ജനവിഭാഗത്തിന്റെ ആവശ്യത്തിനു അനുസരിച്ചുള്ള പാൽ ഇൽപ്പാദിപ്പിക്കപ്പെടുന്നില്ല എന്ന വസ്തുത നിലനിൽക്കുന്നു. മുട്ട, മാംസ്യം ഉൽപ്പാദനരംഗത്തും നാം വളരെയേറെ പിന്നിലാണ് നമ്മുടെ സംസ്ഥാനം മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സ്ഥിതി മാറ്റി എടുക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്ത് തലത്തിൽ ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയാൽ ഈ രംഗത്ത് പുതിയ തൊഴിൽ അവസരം ഉണ്ടാക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിച്ചുകൊണ്ട് പഞ്ചായത്തിന്റെ സമ്പത്ത് ഉൽപ്പാദനരംഗം വർദ്ധിപ്പിക്കുന്നതിനും കഴിയും.

പശു, കാള, ആട്, എരുമ എന്നിവയാണ് ഇടമുളയ്ക്കൽ വളർത്തിവരുന്ന പ്രധാനമൃങ്ങൾ. വളർത്തു പക്ഷികളിൽ പ്രധാനം കോഴികളാണ് (പട്ടിക.15)

വളർത്തുമൃഗങ്ങളും പക്ഷികളും (അവലംബം-മൃഗാശുപത്രിരേഖ)

പട്ടിക.15

നമ്പർ	ഇനം	എണ്ണം
1	പശു	5980
2	കാള	379
3	എരുമ	20
4	പോത്ത്	20
5	ആട്	5015
6	ആന	5
7	കോഴി	36695
8.	താറാവ്	98

ഇടമുളയ്ക്കൽ പഞ്ചായത്തിലെ വളർത്തുമൃഗസംഖ്യയിൽ കഴിഞ്ഞ 50 വർഷാലത്തിനുള്ളിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ഉഴവുമാടുകളുടെ എണ്ണത്തിലാണ് ഈ കുറവ് കൂടുതലായി കാണുന്നത്. നെൽകൃഷി കുറഞ്ഞതിനാൽ കാർഷികവൃത്തിയിൽ മൃഗങ്ങളുടെ ഉപയോഗം കുറഞ്ഞതാണ് ഇതിനുള്ള

പ്രധാന കാരണം. കാളവണ്ടികൾ പ്രായേണ ഇല്ലാതായിട്ടുണ്ട്.

പഞ്ചായത്തിൽ ആകെയുള്ള മൃഗസംരക്ഷണസംവിധാനം ആയൂരിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിയും 3 ICDP സബ്സെന്ററുകളുമാണ്. അതിവ്സ്തൃതമായ നമ്മുടെ പഞ്ചായത്തിൽ ഒരു മൃഗാശുപത്രി മാത്രമെ ഉള്ളൂ എന്നത് കാലിവളർത്തൽ കർഷകർ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്. അറയ്ക്കൽ വില്ലേജിലുള്ളവർക്ക് മൃഗാശുപത്രിയിൽ എത്തിച്ചേരാൻ 25 K.M കൂടുതൽ സഞ്ചരിക്കേണ്ടതുണ്ട്. അതുപോലെ ICDPസബ്സെന്ററുകളും നാമമാത്രമാണ്.

ക്ഷീരവികസനരംഗത്ത് സംഘടിതമായ ശ്രമങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് പറയാനാവില്ല. ആയൂർ കേന്ദ്രമാക്കി ഒരു ക്ഷീരവ്യവസായ സഹകരണസംഘവും, ഒരു ഡയറിഫാമും, അറയ്ക്കൽ കേന്ദ്രമാക്കി ഒരു ക്ഷീരോൽപ്പാദനസഹകരണസംഘം എന്നിവമാത്രമാണ് പ്രവർത്തിക്കുന്നത്. ഈ രംഗത്ത് പുതിയ സ്ഥാപനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ക്ഷീരസഹകരണസംഘങ്ങളിലൂടെ കൂടുതൽ പാൽ ഉൽപ്പാദിച്ച്, ശേഖരിച്ച് പുറത്തേയ്ക്ക് അയയ്ക്കുന്നതിനുള്ള പരിശ്രമങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

പട്ടിക.16

(ക്ഷീരസഹകരണ സംഘങ്ങൾ ശേഖരിച്ച് വിറ്റഴിച്ച പാൽ - അവലംബം സംഘം രേഖകൾ)

സഹകരണ സംഘത്തിന്റെ പേര്	മൊത്തം ശേഖരിക്കുന്ന പാൽ ലിറ്റർ	പഞ്ചായത്തിൽ തന്നെ വിൽക്കുന്നത് ലിറ്റർ	പുറത്തേക്ക് അയയ്ക്കുന്നത് ലിറ്റർ
അറയ്ക്കൽ ക്ഷീരോൽപ്പാദകസഹകരണ സംഘം	72000	72000	ഇല്ല
ആയൂർ ക്ഷീര വ്യവസായ സഹകരണ സംഘം	117992	117992	ഇല്ല
കളക്ടീവ് ഡയറി ഫാം ആയൂർ	30853	30853	ഇല്ല

ഇറച്ചികോഴി വളർത്തുന്ന 2 യൂണിറ്റുകൾ പഞ്ചായത്തിലുണ്ട്. എന്നാൽ മുട്ടക്കോഴിവളർത്തൽ വ്യവസായികമായി നടത്തുന്ന യൂണിറ്റുകൾ ഇല്ല. അതുപോലെ ആടുവളർത്തൽ, മുയൽ വളർത്തൽ, പന്നി വളർത്തൽ, യൂണിറ്റുകളും നിലവിലില്ല. സാധ്യതയ്ക്കനുസരിച്ച് ഇവയുടെ യൂണിറ്റുകൾ ആരംഭിക്കേണ്ടതുണ്ട്.

പേപ്പട്ടി ശല്യം സ്ഥിരമായി അനുഭവപ്പെടുന്ന ഒരു പ്രശ്നമാണ്. പ്രാദേശികമായി പട്ടിപിടുത്തക്കാരെ കിട്ടാത്തതിനാൽ ഈ പ്രശ്നം എളുപ്പം പരിഹരിക്കാനുമാവില്ല.

പ്രശ്നങ്ങൾ

- കാലിതീറ്റയുടെ അമിതവില, ഗുണമേന്മക്കുറവ്
- അസംസ്കൃതസാധനങ്ങളുടെ അപര്യാപ്തത.
- ഉൽപ്പാദനവുമായി താരതമ്യം ചെയ്യുമ്പോൾ പാലിന് ആനുപാതികമായി വില ലഭിക്കാത്ത സ്ഥിതി
- തീറ്റപ്പുൽ, വയ്ക്കോൽ എന്നിവയുടെ അപര്യാപ്ത
- സേവനരംഗം പഞ്ചായത്തിൽ നിലവിലുള്ള മൃഗസംരക്ഷണ സ്ഥാപനങ്ങൾ കൊണ്ട് പൂർണ്ണമായി നിറവേറ്റാൻ കഴിയുന്നില്ല.

- പേപ്പട്ടി ശല്യം
- വാക്സിനുകളുടെ ദൗർലഭ്യം.
- മാർക്കറ്റിംഗിന്റെ അഭാവം
- വായ്പ്പകളുടെ കുറവ്
- ബോധവൽക്കരണത്തിന്റെ കുറവ്
- രോഗങ്ങൾ
- മേച്ചിൽ സ്ഥലങ്ങളുടെ അഭാവം

നിർദ്ദേശങ്ങൾ

- കാലിതീറ്റയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിൽ ഫീഡ്അനൽറ്റിക്കൽ ലബോറട്ടറി, കൺട്രോൾസെൽ എന്നിവ രൂപീകരിച്ച് ഇതിന്റെ സ്കാഡ് പ്രവർത്തനം പഞ്ചായത്ത് തലത്തിൽ നടത്തണം.
- ബ്ലോക്ക് പഞ്ചായത്തിൽ ഒരു മിനി ഫീഡ് മിക്സിങ്ങ് യൂണിറ്റ് സ്ഥാപിച്ച് കാലിതീറ്റ ഉൽപ്പാദിപ്പിച്ച് ക്ഷീരസഹകരണസംഘങ്ങളിലൂടെ തീറ്റപ്പുല്ല്, വയ്ക്കോൽ, കാലിതീറ്റ എന്നിവ ശേഖരിച്ച് ന്യായവിലയ്ക്ക് ലഭ്യമാക്കുക.
- പുറമ്പോക്ക് ഭൂമികളും, ഉപയുക്ത തരിശുഭൂമികളും ക്ഷീരസഹകരണസംഘങ്ങൾക്ക് തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് നൽകുക. സ്കൂൾ കോമ്പൗണ്ടുകളിൽ P. T. A കളുടെ നേതൃത്വത്തിൽ തീറ്റപ്പുൽ കൃഷിചെയ്ത് കർഷകർക്ക് ലഭ്യമാക്കുക.
- റോഡുപുറമ്പോക്കുകൾ, ആറ്റുപുറമ്പോക്കുകൾ എന്നിവിടങ്ങളിൽ പ്ലാവ്, സുബാബുൾ എന്നിവ വച്ചുപിടിപ്പിച്ച്, സമീകൃത തീറ്റകൾ മാത്രം കൊടുത്തും ആടുവളർത്തൽ പദ്ധതി പ്രോൽസാഹിപ്പിക്കുക.
- മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടവും, സൗകര്യങ്ങളും ഉണ്ടാക്കി പോളിക്ലിനിക്ക് ആയിഉയർത്തുക.
- രണ്ട് വില്ലേജുകൾ ചേർന്ന അതിവിസ്തൃതമായ പഞ്ചായത്ത് ആയതിനാൽ അറയ്ക്കൽ കേന്ദ്രമായി ഒരു മൃഗാശുപത്രി ആരംഭിക്കുക.
- പുന്നക്കാട് ഭാഗത്ത് ICDP സബ്സെന്റർ ആരംഭിക്കുക.
- വനിതകൾക്കായി സഹകരണാടിസ്ഥാനത്തിൽ ക്ഷീരോൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ രൂപികരിക്കുക.
- പേവിഷബാധ തടയാൻ ബോധവൽക്കരണം നടത്തുക.
- വളർത്തുനായ്ക്കൾക്ക് നിർബന്ധിത ലൈസൻസ് ഏർപ്പെടുത്തുക. ലൈസൻസിന് പേവിഷബാധപ്രതിരോധകുത്തിവയ്പ്പ് നിർബന്ധമാക്കുക. അലഞ്ഞുതിരിയുന്ന നായ്ക്കളെയും, പൂച്ചകളെയും, നശിപ്പിക്കുന്നതിനായി പ്രാദേശികമായ ആളുകളെ സംഘടിപ്പിച്ച് പരിശീലനം നൽകുക.
- ഗ്രാമപഞ്ചായത്ത് തലത്തിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ സ്ലാട്ടർഹൗസ് സ്ഥാപിക്കുക.
- കാളകുട്ടി പരിപാലന പദ്ധതി ആവിഷ്കരിക്കുക.
- കന്നുകുട്ടി പരിപാലന പദ്ധതി ഊർജ്ജിതമാക്കുകയും ആറ്നുകൂല്യം വരുമാനപരിധി ഇല്ലാതെ ലഭ്യമാക്കുകയും ചെയ്യുക.
- വീട്ടുമുറ്റത്ത് 5 എണ്ണം വീതം അടങ്ങിയ ഗിരിരാജാകോഴിവളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക.
- ഡയറിയൂണിറ്റുകൾ തുടങ്ങുന്നതിന് സബ്സിഡിനിരക്കിൽ വായ്പ്പാസൗകര്യം ഏർപ്പെടുത്തുക.
- ഒരു കുടുംബത്തിന് ഒരു പശു എന്ന പദ്ധതി നടപ്പിലാക്കുക.

- സമഗ്രകന്നുകാലി ഇൻഷ്വറൻസ് പദ്ധതി ഗ്രാമ പഞ്ചായത്തു തലത്തിൽ ആവിഷ്കരിക്കുക
- ആടുവളർത്തൽ യൂണിറ്റുകൾക്ക് 50% സബ്സിഡി നിരക്കിൽ വായ്പ്പാസൗകര്യം ഏർപ്പെടുത്തുകയും ഇതിനായി പഞ്ചായത്ത് തലത്തിൽ സഹകരണസംഘം രൂപികരിക്കുകയും ചെയ്യുക.
- തൊഴുത്ത് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക.
- തീറ്റപ്പുൽ കൃഷിക്ക് സഹായം നൽകുക.
- ബോധവൽക്കരണം നടത്തുക.
- ക്ഷീരസഹകരണസംഘങ്ങൾ രൂപീകരിക്കുക
- പഞ്ചായത്ത് കേന്ദ്രീകരിച്ച് ചില്ലിംഗ്പ്ലാന്റ് സ്ഥാപിക്കുക

മത്സ്യബന്ധനം

നമ്മുടെ പഞ്ചായത്തിൽ മത്സ്യവളർത്തൽ കേന്ദ്രങ്ങൾ ഇല്ല. എന്നാൽ മത്സ്യ വിപണന തൊഴിലാളികൾ 100-ൽ കൂടുതൽ കുടുംബങ്ങളുണ്ട്. പഞ്ചായത്ത് പ്രദേശത്ത് നാല് വിപണന കേന്ദ്രങ്ങൾ ഉണ്ട്. എന്നാൽ ആയൂർ ഒഴികെ മറ്റൊരു സ്ഥലത്തും വിപണനത്തിനുള്ള സൗകര്യങ്ങളില്ല. മേൽപ്പറഞ്ഞ വിപണന കേന്ദ്രങ്ങളിലും സമീപത്തുള്ള അഞ്ചൽ മാർക്കറ്റിൽ നിന്നും മത്സ്യം വാങ്ങി സൈക്കിളുകളിലും തലച്ചുമടായും ഗ്രാമപ്രദേശങ്ങളിൽ വില്പന നടത്തിവരുന്നു.

പഞ്ചായത്തിൽ 25നു മേൽ കുളങ്ങൾ ഉണ്ട്. എന്നാൽ ഇവയിൽ ഒന്നിലും മത്സ്യ വളർത്തൽ ഇല്ല. ഈ രംഗത്ത് സാദ്ധ്യത ഉണ്ടെങ്കിലും പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. തെരഞ്ഞെടുക്കപ്പെടുന്ന ചിറകളിലും കുളങ്ങളിലും തൊഴിൽ രഹിതരായ യുവാക്കളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് മത്സ്യ വളർത്തൽ നടത്താൻ കഴിയും.

പ്രശ്നങ്ങൾ

1. പരിജ്ഞാന കുറവ്
2. മത്സ്യ കുഞ്ഞങ്ങളുടെ ലഭ്യത കുറവ്
3. വായ്പ സൗകര്യ കുറവ്
4. മത്സ്യതൊഴിലാളികളുടെ സഹകരണ സംഘം ഇല്ല.

നിർദ്ദേശങ്ങൾ

1. തല്പരായ തൊഴിൽ രഹിതരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് പരീശിലനം നൽകുകയും ചിറകളിലും കുളങ്ങളിലും മത്സ്യം വളർത്തുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുകയും വേണം. വിപണനത്തിനാവശ്യമായ ഏർപ്പാടുകളും ചെയ്തുകൊടുക്കണം.
2. മത്സ്യഫെഡിന്റെ വാഹനങ്ങളിൽ അഞ്ചൽ, ആയൂർ മാർക്കറ്റുകളിൽ മത്സ്യം എത്തിച്ചു ചില്ലറ വില്പന നടത്തിക്കണം.
3. ഇത്തിക്കര ആറിൽ തട അണകൾ നിർമ്മിച്ച് മത്സ്യകുഞ്ഞുങ്ങളെ വളർത്തിയാൽ സമീപ പ്രദേശങ്ങളിലുള്ളവർക്ക് പ്രയോജനപ്പെടും.

3 – വിദ്യാഭ്യാസം

വിദ്യാഭ്യാസ നിലവാരത്തിൽ കേരളം ഇന്ത്യയിലെ ഇതരസംസ്ഥാനത്തെക്കാൾ എല്ലായ്പ്പോഴും മുൻപന്തിയിലാണ്. ഗുരുകുലവിദ്യാഭ്യാസ സമ്പ്രദായകാലത്ത് വരേണ്യമാർഗ്ഗത്തിന് മാത്രം പ്രാപ്യമായിരുന്ന വിദ്യാഭ്യാസം, ദേശിയ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടന്ന സാമൂഹ്യപരിഷ്കരണ പ്രവരത്തനങ്ങളെ തുടർന്ന് സാർവ്വത്രികമായി തീർന്നു. ഇപ്പോൾ നമ്മുടെ ഉൾഗ്രാമങ്ങളിൽ പോലും പ്രൈമറി, സെക്കന്ററി വിദ്യാഭ്യാസ സ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഇതിന്റെ സ്വാധീനത്താൽ കേരളത്തിൽ 89% സാക്ഷരത കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് അടുത്തകാലത്ത് ആരംഭിച്ച സാക്ഷരതാപ്രവർത്തനങ്ങൾ ഇന്നത്തെ സാക്ഷരതാനിരക്ക് ഉയർത്താൻ കേരളത്തെ സഹായിച്ചിട്ടുണ്ട്. വിദ്യാലയങ്ങളുടെ എണ്ണം വർദ്ധിച്ചുവെങ്കിലും വിദ്യാഭ്യാസനിലവാരത്തിന്റെ ഗുണമേന്മ പരിരക്ഷിച്ചു നിർത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇതിന്റെ കാരണങ്ങളിലെക്ക് കടക്കുന്നതിന് മുൻപ് നമ്മുടെ പഞ്ചായത്തിലെ പ്രവർത്തനം പരിശോധിക്കേണ്ടിയിരിക്കുന്നു.

20–ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ തന്നെ വിദ്യാഭ്യാസ രംഗത്ത് അനൗപചാരികമായി ചില ലനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടായെങ്കിലും സംഘടിതമായ ശ്രമത്തോടെ ഒരു വിദ്യാലയം തുടങ്ങിയതു കൊല്ലവർഷം 1101–ൽ തടിക്കാട്ടിലാണ് മുഹമ്മദൻസ് എൽ. പി. സ്കൂൾ എന്ന പേരിൽ സ്വകാര്യമാനേജ്മെന്റിൽ ആരംഭിച്ച വിദ്യാലയമാണ് ഇന്നത്തെ ഗവൺമെന്റ് എൽ. പി സ്ക്കൂൾ. ഇതേ സമയത്ത് തന്നെ പെരുമണ്ണൂർ, ആയൂർ പ്രദേശങ്ങളിൽ സ്ക്കൂൾ പ്രവർത്തനം ആരംഭിച്ചു. പഞ്ചായത്തിൽ മൂന്നു കേന്ദ്രങ്ങളിലായി ഗ്രന്ഥശാലകൾ ആരംഭിച്ച് അനൗപചാരിക വിദ്യാഭ്യാസരംഗത്ത് നമ്മുടെ പഞ്ചായത്ത് 60 കൊല്ലങ്ങൾക്ക് മുമ്പ് തന്നെ ചുവടുവച്ചു തുടങ്ങി.

ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ 10 പ്രൈമറി സ്ക്കൂളുകളും 3 യു. പി. സ്ക്കൂളുകളും, 5 ഹൈസ്ക്കൂളുകളും, രണ്ട് വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളുകളും പ്രവർത്തിച്ചു വരുന്നു. ഇവയുടെ വിശദമായ വിവരങ്ങൾ പട്ടിക 17–ൽ ചേർത്തിരിക്കുന്നു.

വാളകം R. V. H. S ആണ് ഈ പഞ്ചായത്തിൽ ആദ്യമായി ആരംഭിച്ച ഹൈസ്ക്കൂൾ മറ്റുള്ളവയെല്ലാം തന്നെ സ്വാതന്ത്രത്തിന് ശേഷം ഉണ്ടായവയാണ്. ഔപചാരിക വിദ്യാഭ്യാസ സ്ഥാപനത്തിന് പുറമേ 8 സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളും 5 സാങ്കേതിക വിദ്യാഭ്യാസങ്ങളും നേഴ്സറി സ്ക്കൂളുകളും ഇവിടെ പ്രവർത്തിച്ചുവരുന്നു. തൊട്ടടുത്തുള്ള അഞ്ചൽ പഞ്ചായത്തിൽ ആണ് കോളേജ് ഉള്ളത്.

പഞ്ചായത്തിന് അകത്തുള്ള വിദ്യാലങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണവും മറ്റുവിവരങ്ങളും പട്ടികയിൽ ചേർത്തിട്ടുണ്ട്. ഇതിന് പുറമെ ഏകദേശം മുന്നൂറോളം വിദ്യാർത്ഥികൾ തൊട്ടടുത്തുള്ള പഞ്ചായത്തുകളി ലെ സ്കൂളുകളിൽ പഠിക്കുകയും ചെയ്യുന്നു. ഈ പഞ്ചായത്തിലെ 15 ശതമാനത്തോളം കുട്ടികൾ പരിസരപ്രദേശങ്ങളിലുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലാണ് പഠിക്കുന്നത്.

മുൻ വർഷങ്ങളുടെ കണക്കുകൾ പരിശോധിച്ചാൽ ഒട്ടുമിക്ക വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണുന്നു. മെച്ചപ്പെട്ട വിദ്യാലയങ്ങളുടെ ആകർഷണം, ഇംഗ്ലീഷ് മീഡിയത്തോടുള്ള താല്പര്യം, ഫാമിലിപ്ലാനിംഗ് ഇവയൊക്കെയാണ് ഇതിനുള്ള കാരണങ്ങൾ. വിദ്യാർത്ഥികളുടെ എണ്ണം ഏറ്റവും കുറഞ്ഞിരിക്കുന്ന സ്കൂളുകൾ പെരുമണ്ണൂർ L. P. S, തടിക്കാട് H. S എന്നിവയാണ് നിലവിലുള്ള വിദ്യാലയങ്ങളുടെ ദൂരപരിധി. പട്ടിക 18–ൽ ചേർത്തിട്ടുണ്ട്.

പട്ടിക –17
വിദ്യാലയവിവരങ്ങൾ

വിഭാഗം	സർക്കാർ	എയിഡഡ്	അൺ എയിഡഡ്	കുട്ടികൾ						അദ്ധ്യാപകർ					
			അംഗീകൃതം	സർക്കാർ		സ്വകാര്യം		അംഗീകൃതം		സർക്കാർ		സ്വകാര്യം		അംഗീകൃതം	
				ആ	പെ	ആ	പെ	ആ	പെ	പു.	സ്ത്രീ	പു.	സ്ത്രീ	പു.	സ്ത്രീ
പ്രി.പ്രൈമറി	–	1	1	–	–	10	12	120	132	–	–	–	1	2	5
എൽ.പി.എസ്	7	4	–	652	594	436	404	–	–	14	31	1	21	–	–
യു.പി.എസ്	–	3	–	–	–	553	571	–	–	–	–	7	38	–	–
ഹൈസ്കൂൾ	–	5	–	–	–	1883	1856	–	–	–	–	59	68	–	–
ഹ. സെക്കന്ററി	–	2	–	–	–	95	93	–	–	–	–	9	7	–	–
ആകെ	7	15	1	652	594	2977	2936	120	132	14	31	76	135	2	5

അവലംബം– ദ്വിതീയവിവരശേഖരണറിപ്പോർട്ട്

സ്കൂളുകളിലേയ്ക്കുള്ള ശരാശരി അകലം

പട്ടിക–18

ക്രമനമ്പർ	സ്കൂൾ	ശരാശരിദൂരം	പരമാവധിദൂരം
1	എൽ. പി. സ്കൂൾ	1 കി.മി.	1 ½ കി.മി.
2	യു.പി. സ്കൂൾ	2 കി.മി.	3 കി.മി.
3	ഹൈസ്കൂൾ	3 കി.മി.	3 കി.മി.
4	വി.എച്ച്.എസ്.എസ്	5 കി.മി.	7 കി.മി.

അവലംബം– ദ്വിതീയവിവരശേഖരണറിപ്പോർട്ട്

വിദ്യാലയ സർവ്വെ അനുസരിച്ച് അദ്ധ്യാപകരിൽ ഭൂരിഭാഗവും സ്ത്രീകളാണ്, ഇവർക്ക് വേണ്ടത്ര ഇൻ സർവ്വീസ് ട്രയിനിംഗ് ലഭിക്കുന്നില്ല. വൈദ്യുതീകരിച്ചിട്ടുള്ള സ്കൂളുകൾ 4 എണ്ണം മാത്രമാണ് ഏഴ് വിദ്യാലയങ്ങളിൽ മാത്രമേ സ്റ്റാഫ് റൂം ഉള്ളു പാചകപ്പുര, കക്കൂസ്, മിക്ക സ്കൂളുകൾക്കും ഇല്ല. ദൃശ്യഗ്രാഹ്യഉപകരണങ്ങൾ ഒരു സ്ക്കൂളിലും ഇല്ല. കളിസ്ഥലം 10 സ്ക്കൂളുകൾക്കേ ഉള്ളു. പഠനോപകരണങ്ങൾ ഭൂരിഭാഗം സ്കൂളുകളിലും ലഭ്യമല്ല. കുടിവെള്ളത്തിനു കിണറുകളെ ആശ്രയിക്കുന്നു. ചുറ്റു മതിൽ ഒറ്റ വിദ്യാലയത്തിനുമാത്രമേയുള്ളു. ആവശ്യമായ ചാർട്ടുകളോ, കളിക്കോപ്പുകളോ ഇല്ല. അദ്ധ്യാപകർക്ക് വേണ്ടത്ര പരിശിലനവും ലഭിക്കുന്നില്ല.

പഠന നിലവാരം പരിശോധിക്കുമ്പോൾ 25% ത്തോളം കുട്ടികൾ പ്രതീക്ഷിതമിനിമം നിലവാരത്തിലും താഴെയാണന്ന് കാണാം S. S. L. C –യുടെ വിജയശതമാനം 48 ആണ് വിജയശതമാനത്തിന്റെ പട്ടിക 20–ൽ ചേർത്തിരിക്കുന്നു.

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള ബാലവാടികളിലും, അംഗൻ വാടികളിലും, നഴ്സറിസ്കൂളുകളിലും ശാസ്ത്രീയമായ അദ്ധ്യാപന രീതികൾ നിലവിലില്ല. അദ്ധ്യാപകർക്ക് വേണ്ടത്ര പരിശീലനം കുറവാണ്.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും നിരക്ഷരരായ ജനങ്ങളുടെ എണ്ണം വീണ്ടും വർദ്ധിച്ചു വരുന്നതായി കാണാൻ തുടങ്ങി സാക്ഷരതാപ്രവർത്തനത്തിന്റെ അഭാവമാണ് ഇതിന് കാരണം ജനവിദ്യാകേന്ദ്രങ്ങൾ കേവലം മുന്നെണ്ണം മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. അക്ഷരസംഘങ്ങളുടെ പ്രവർത്തനം നിലച്ചിരിക്കുന്നു.

പ്രശ്നങ്ങൾ

1. വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല
2. മിക്ക വിദ്യാലയങ്ങളിലും കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു.
3. ശിശുവിദ്യാഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങൾ ഇല്ല

വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ
പട്ടിക- 19

വിഭാഗം	എണ്ണം	സ്ഥല വിസ്തീർണ്ണം ഉള്ളവ	ഓഫീസ് മുറി	സ്റ്റാഫ് റൂം	ലബോറട്ടറി	ലൈബ്രറി	മൂത്രപ്പുര	കക്കൂസ്	പാചക മുറി	വൈദ്യുതി	കളിസ്ഥലം	കിണർ	ചുറ്റു മതിൽ
Pre-Primary	2	2	2	-	-	-	2	2	-	2	2	2	1
L.P.S	10	9	8	1	-	-	6	3	4	1	2	10	1
U.P.S	3	3	3	3	3	3	2	1	3	1	3	3	1
H.S	5	5	5	5	5	5	5	4	-	5	5	5	-
V.H.S.S	2	2	2	2	2	2	2	2	-	2	2	2	-

അവലംബം- ദ്വിതീയവിവരശേഖരണ റിപ്പോർട്ട്

4. അംഗൻവാടികൾ മിക്ക പ്രദേശങ്ങളിലും ഇല്ല
5. അനൗപചാരിക വിദ്യാഭ്യാസത്തിന് ആസൂത്രിത പരിപാടികൾ നടപ്പാക്കുന്നില്ല
6. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ നാമമാത്രമായേ ഉള്ളൂ.
7. കലാകായിക പഠനത്തിനു വേണ്ടത്ര സൗകര്യങ്ങൾ ഇല്ല.
8. അദ്ധ്യാപകരിൽ കൂടുതലും വനിതകൾ ആയതുകൊണ്ട് പാഠ്യേതര പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല
9. ചില സ്ക്കൂളുകൾക്ക് ആവശ്യമായ കെട്ടിടങ്ങൾ ഇല്ല.
10. നിരക്ഷരത വർദ്ധിച്ചു വരുന്നു
11. പൊടിയാട്ടുവിള പ്രദേശത്ത് വിദ്യാർത്ഥികൾക്ക് 4 കിലോമീറ്ററോളം ദൂരം നടന്ന് വിദ്യാലത്തിൽ പോകേണ്ടി വരുന്നു.
12. ഒഴുകുപാറയ്ക്കൽ പ്രദേശത്ത് 3 കിലോമീറ്ററിലധികം ദൂരത്തിൽ മാത്രമാണ് യു. പി. സ്കൂൾ നിലവുലുള്ളത്
13. അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സജീവമല്ല.

നിർദ്ദേശങ്ങൾ

1. P. T. A, മാതൃസമിതി, പഞ്ചായത്ത്, വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റ് എന്നിവ കൂട്ടായി സഹകരിച്ച് ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
2. വിദ്യാലയങ്ങൾക്ക് ആവശ്യമായ ഫർണീച്ചർ, പഠനോപകരണങ്ങൾ എന്നിവ ലഭ്യമാക്കണം.
3. എല്ലാ പ്രൈമറി വിദ്യാലയങ്ങളോടും അനുബന്ധിച്ച് പ്രീപ്രൈമറി സ്കൂളുകളോ, നഴ്സറി സ്കൂളുകളോ ചെയ്യണം.
4. I. C. D. S -ന്റെ ആഭിമുഖ്യത്തിൽ പഞ്ചയാത്തിന്റെ വിവിധ വാർഡുകളിൽ നിർദ്ദേശിക്കപ്പെട്ട അംഗൻവാടികൾ സ്ഥാപിക്കുന്നതിന് തടസമായി നിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കണം.
5. പഞ്ചായത്ത് മേഖലയിൽ ഒരു തൊഴിലധിഷ്ടിത സാങ്കേതിക വിദ്യാലയം (കമ്പ്യൂട്ടർ, I. T. I) ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണം.
6. 10-ാം വാർഡിൽ നിന്നും 7-ാം വാർഡിൽനിന്നും യു.പി.എസ്. വിദ്യാഭ്യാസത്തിന് പോകുന്ന വിദ്യാർത്ഥികൾക്ക് അകലം ഒരു പ്രശ്നമായത്കൊണ്ട് പൊടിയാട്ടുവിള L. P. S ഒഴുകുപാറയ്ക്കൽ L.P. S. ഉം യു. പി. സ്ക്കൂളുകളായി ഉയർത്തണം.
7. കൈതക്കെട്ടിൽ പ്രാഥമിക വിദ്യാഭ്യാസ സൗകര്യം വളരെ കുറവായതുകൊണ്ട് പുതുതായി ഒരു L.P. S. ആരംഭിക്കണം.
8. കലാവിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കുന്നതിന് ഗ്രന്ഥശാലകളോട് ചേർന്ന് കലാസമിതികൾ രൂപികരിക്കണം
9. നിലവിലുള്ള ഗ്രന്ഥശാലകകളുടെ പ്രവർത്തനം കാര്യക്ഷമമാകുകയും സ്വന്തമായി കെട്ടിടമില്ലാത്ത് അസുരമംഗലം ഗ്രന്ഥശാലക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.
10. പുതുപ്പടപ്പ്, മാക്കുളം, തേവർതോട്ടം, പന്നിയറ, കൈതക്കെട്ട് എന്നിവിടങ്ങളിൽ പുതുതായി ഗ്രന്ഥശാലകളും കലാസമിതികളും ആരംഭിക്കണം.
11. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പ്രത്യേകിച്ച് ഹരിജൻ കോളനികളിൽ അക്ഷരസംഘം ജനവിദ്യാകേന്ദ്രങ്ങൾ എന്നിവയുടെ പ്രവർത്തനം മൂലം അനൗപചാരിക വിദ്യാഭ്യാസം സജീവമാക്കുക.

12. അവശ്യത്തിന് കെട്ടിടമില്ലാത്ത ഇടമുളയ്ക്കൽ L. P. S-ന് പുതിയ കെട്ടിടം പണിയുന്നതിനും, നിലം പൊത്തറായ ഇടയം L. P. S - ലെ പഴയ കെട്ടിടം പുതുക്കി പണിയുന്നതിനും വേണ്ട പരിപാടികൾ ആസൂത്രണം ചെയ്യണം.
13. പഞ്ചായത്ത് തലത്തിൽ സ്ക്കൂൾ കോംപ്ലക്സുകൾ ആരംഭിച്ച് പ്രവർത്തനക്ഷമമാക്കണം.
14. ഇടയം L. P. S, പെരുമണ്ണൂർL. P. S, എന്നിവ U. P സ്ക്കൂളുകളായി അപ്ഗ്രേഡ് ചെയ്യുക.
15. ആയൂർ ജവഹർ ഹൈസ്ക്കൂളിനോടനുബന്ധിച്ച് V. H. S. C അനുവദിക്കുക.

എസ്.എസ്.എൽ.സി വിജയശതമാനം

പട്ടിക-20

വർഷം	91-92	92-93	93-94	94-95	95-96
ശരാശരി വിജയം	51%	64%	35%	48%	54%

അവലംബം- ദ്വിതീയവിവരശേഖരണ റിപ്പോർട്ട്

4- കുടിവെള്ളവും പൊതുജനാരോഗ്യവും

ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ കുടിവെള്ളത്തിന് വേണ്ടി മുഖ്യമായും കിണറുകളെ ആശ്രയിയ്ക്കുന്നു. 78 ശതമാനം കുടുംബങ്ങൾക്കും സ്വന്തമായി കിണറുകൾ ഉണ്ട്. 15% കുടുംബങ്ങൾ പൊതുജലവിതരണത്തേയും, പൊതു കിണറുകളേയും കുഴൽ കിണറുകളേയും ഉപയോഗിക്കുന്നു. കുടിവെള്ളത്തിന് മിക്ക വാർഡുകളിലും ക്ഷാമം അനുഭവപ്പെട്ടുവരുന്നു. 7,8, 9, 10, 11, 13 വാർഡുകൾ കുന്നിൻ പ്രദേശങ്ങൾ ഉൾപെട്ടതിനാൽ വളരെ ആഴത്തിലുള്ള കിണറുകൾ കുഴിക്കുന്നത് ചിലവ് വർദ്ധിപ്പിക്കുന്നു. ഒപ്പം ഡിസംബർ മുതൽ തന്നെ അവയെ വരൾച്ച ബാധിക്കുകയും ചെയ്യുന്നു. ആയൂരിൽ പൊതുജലവിതരണത്തിന് കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. 1,2,3,9 വാർഡുകൾക്ക് ഭാഗീകമായി ഇതിന്റെ പ്രയോചനം ലഭിക്കുന്നുണ്ടെങ്കിൽ കൂടി ജനങ്ങളുടെ പൂർണ്ണമായ ആവശ്യം നിറവേറ്റാൻ പര്യാപ്തമല്ല. ഇത്തിക്കരയാറിലെ ജലലഭ്യത ഉപയോഗപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിലെ ഒട്ടുമിക്ക ഭാഗങ്ങളും ഉയർന്ന സമതലങ്ങളും കുന്നിൻ ചരുവുകളുമായതിനാൽ കുറഞ്ഞ ചെലവിലുള്ള E.S.P കക്കൂസുകൾ പ്രയോഗികമാണ്. പകുതയിലധികം വീടുകൾക്കും മലിനജലം കൈകാര്യം ചെയ്യാൻ പ്രത്യേക സംവിധാനം ഇല്ല. മിക്കവരും അക്കാര്യത്തിൽ അശ്രദ്ധയാണ് കാട്ടുന്നത്. കശുവണ്ടി ഫാക്ടറി, വർക്ക്ഷോപ്പുകൾ എന്നിവിടങ്ങിൽ നിന്നുള്ള മാലിന്യജലം കുടിവെള്ള സ്രോതസ്സുകളെ മലിനമാക്കുന്ന അവസ്ഥയും ഉണ്ട്.

തടിക്കാട് PH സെന്ററും, പെരുമണ്ണൂർ, ആയൂർ, ഇടയം, കൊമ്പേറ്റിമല, പാലമുക്ക് എന്നിവിടങ്ങളിലെ PH സബ്ബ് സെന്ററുകളും പനച്ചിവിളയിലെ ഹോമിയോ ഡിസ്പെൻസറിയും ആയൂരിലെ ആയൂർവേദാശുപത്രിയും ഉൾപെട്ടതാണ് പഞ്ചായത്തിലെ ഔദ്യോഗിക പൊതുജനാരോഗ്യ സംവിധാനം (പട്ടിക 21) ആയൂർ കൊമ്പേറ്റിമല എന്നിവിടങ്ങളിലെ PH സബ്ബ് സെന്ററുകൾക്ക് മാത്രമാണ്. സ്വന്തം കെട്ടിടമില്ലാതത്. 1956 ൽ തുടങ്ങിയ ആയൂർവേദാശുപത്രി 20 കിടക്കകൾ ഉള്ള സ്ഥാപനമാണ്. പക്ഷേ വികസനം മുരടിച്ചു നിൽക്കുന്നു., പഴകി ദ്രവിച്ച ഉപകരണങ്ങൾ, സ്ഥലസൗകര്യക്കുറവ്, ജീവനക്കാരുടെ

അടിസ്ഥാന സൗകര്യത്തിന്റെ അഭാവം തുടങ്ങിയവ ഈ സ്ഥാപനത്തിന്റെ നില കൂടുതൽ പരിതാപകരമാക്കുന്നു. എത്തിച്ചേരുന്ന രോഗികളുടെ എണ്ണത്തിനനുസരിച്ച് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാൻ കഴയുന്നില്ല. തടിക്കാട് PH സെന്റർ 1988-ൽ സ്ഥാപിതമായതാണ്. ഇവിടെ കിടക്കകളോട് കൂടിയ വാർഡ് നിർമ്മിച്ച് ഇൻപേഷ്യന്റ് സംവിധാനം ഏർപ്പെടുത്തേണ്ടിയിരിക്കുന്നു. സമ്പന്ന വിഭാഗത്തിൽ പെട്ടവർ തൊട്ടടുത്ത പട്ടണപ്രദേശങ്ങളിൽ വിപുലമായ സംവിധാനങ്ങളുള്ള സ്വകാര്യആശുപത്രികളെ ആശ്രയിക്കുന്ന പ്രവണതയാണ് മുന്നിട്ട് നിൽക്കുന്നത്. ഭൂരിപക്ഷം വരുന്ന താഴ്ന്ന വരുമാക്കാരുടെ ആശ്രയ കേന്ദ്രങ്ങളായ പൊതുജനാരോഗ്യസ്ഥാപനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു. 3,4,5 1011,12 വാർഡുകളിലെ ജനങ്ങൾക്ക് ഒരു പൊതുജനാരോഗ്യകേന്ദ്രത്തിൽ എത്തണമെങ്കിൽ ബഹുദൂരം യാത്ര ചെയ്യേണ്ടുന്ന അവസ്ഥ മാറേണ്ടതുണ്ട്.

പ്രശ്നങ്ങൾ:

- ★ ആയൂർവേദാശുപത്രിയുടെ സ്ഥിതി ശോചനീയമാണ്.
- ★ അലോപ്പതി ചികിത്സാ രംഗത്ത് ഇൻപേഷ്യന്റ് സംവിധാനം ഇല്ല.
- ★ ജനസംഖ്യാനനുപാതികമായി അർഹമായ അത്ര എണ്ണം P.H സബ്സെന്ററുകൾ ഇല്ല.
- ★ 10,11,12 വാർഡുകളിലുള്ളവർക്ക് പൊതുജനാരോഗ്യ കേന്ദ്രം വളരെ അകലെയാണ്.
- ★ സ്കൂൾ ആരോഗ്യപരിപാടി കാര്യക്ഷമമല്ല.
- ★ മിക്ക വാർഡുകളിലും വേനൽ കാലത്ത് കുടവെള്ളക്ഷാമമുണ്ട്.
- ★ പൈപ്പ് ലൈൻ കിട്ടാനുള്ള ആവശ്യം പരിഗണിക്കുന്നില്ല.
- ★ ഇത്തിക്കരയാറ്റിലെ ജല സമ്പത്ത് കുടിവെള്ളത്തിന് വേണ്ടി പൂർണ്ണമായി ഉപയുക്തമാക്കുന്നില്ല.
- ★ മലിന ജലം ആയൂർ പ്രദേശത്ത് കൊതുകു ശല്ല്യം വർദ്ദിപ്പിക്കുന്നു.
- ★ റബ്ബർ ഷീറ്റ് ടയറാക്കുന്ന ഷെഡുകളിൽ നിന്നും മാലിന്യജലം ശരിയായ രീതിയിലല്ല കൈകാര്യം ചെയ്യുന്നത്.
- ★ ആയൂരിൽ മലിനജല നിർഗ്ഗമനം ശരിയായരീതിയിലല്ല.

നിർദ്ദേശങ്ങൾ

1. ആയൂർ വേദാശുപത്രി നവീകരിക്കുകയും, സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുകയും വേണം. താലൂക്ക് ആശു പത്രിയായി ഉയർത്തണം.
2. തടികാട് PH സെന്റർ കിടക്കകളോട് കൂടിയ ആശുപത്രിയാക്കണം.
3. 3,4,5, 8 വാർഡുകൾക്കായി ഒരു പി.എച്ച്. സബ് സെന്ററും 10.11,12 വാർഡുകൾക്കായി മറ്റൊരു പി. എച്ച് സബ് സെന്ററും സ്ഥാപിക്കണം.
4. സ്കൂൾ ആരോഗ്യ പരിപാടി കാര്യക്ഷമമാക്കാൻ പി.ടി.എ. ഭാരവവാഹികളും പഞ്ചായത്തഗംങ്ങളും ഉൾപ്പെടുന്ന സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കണം.
5. കനകകുന്നിലെ പ്രകൃതദത്തമായ നീരുറവ കെട്ടി സംരക്ഷിച്ച് പൈപ്പ് ലൈൻ വഴി താഴ്ന്ന പ്രദേശങ്ങളിലുള്ളവർക്ക് കുടിവെള്ളം എത്തിക്കണം.
6. വറ്റാത്ത സ്വാഭാവമുള്ള ഇത്തിക്കരയാർ , കുളഞ്ഞിതോട്, വട്ടമൺ തോട്, പാലറ തോട്, നെടുങ്ങോട്ട് കോണം തോട് എന്നിവയിൽ നിന്നും കുടി വെള്ളം എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കണം. ഇതു മൂലം ഇടമുളയ്ക്കൽ വില്ലേജിലെ കുടിനീരിന്റെ മൊത്തം ആവശ്യം നിറവേറ്റാം.

7. ചിറതലയ്ക്കൽ കുളത്തിൽ നിന്നും വെള്ളം പമ്പു ചെയ്ത് മലമേൽ ഓവർഹെഡ് ടാങ്ക് നിർമ്മിച്ച് പൈപ്പ് ലൈൻ മൂലം അറയ്ക്കൽ വില്ലജിൽ കുടിവെള്ളം എത്തിയ്ക്കുക.
8. ഇടയം ജംഗ്ഷൻ വരെ എത്തി നിൽക്കുന്ന് പൈപ്പ് ലൈൻ വെള്ളൂർ കരുപ്പട്ടികോണം, മൈനിക്കോട്, അറയ്ക്കൽ തുടങ്ങിയ സ്ഥലങ്ങളിലേയക്ക് നീട്ടുക. കോക്കാട് നിന്നും പുന്നയ്ക്കാട് കൈതകെട്ട് ഭാഗത്തേയ്ക്ക് പൈപ്പ് ലൈൻ നീട്ടുക
9. ആയൂരിലെ മലിന ജല നിർഗ്ഗമനത്തിനാവശ്യമായ പരിഹാരം ഉണ്ടാക്കുക.
10. കശുവണ്ടി ഫാക്ടറികൾ, റബ്ബർ പാൽപ്പുരകൾ, വർക്ക് ഷോപ്പുകൾ, ഹോട്ടലുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യം സുരക്ഷിത ടാങ്കുകളിൽ തന്നെ നിക്ഷേപിക്കുവാൻ കർശന നടപടി കൈകൊള്ളുക.
11. സ്ലാട്ടർ ഹൗസ് ആധുനികവൽകരിക്കുക.
12. ക്രഷർ യൂണിറ്റുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുക.
13. മരങ്ങാട്ടുകോണത്തു നിന്നും പെരുമണ്ണർ ഭാഗത്തേയ്ക്ക് പൈപ്പ് ലൈൻ നീട്ടണം.
14. ആയൂർ ജവഹർ ഹൈസ്കൂൾ ഗ്രൗണ്ടിൽ ഓവർ ഹെഡ് ടാങ്ക് പണിഞ്ഞ് ശുദ്ധജലം വിതരണം നടത്തണം.

5 – വ്യവസായം

പഞ്ചായത്തിൽ വ്യവസായശാലകൾ നാമമാത്രമാണ്. നിലവിലുള്ളവ കേവലം ചെറുകിട ഉത്പാദനയൂണിറ്റുകളാണ്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 37 വ്യവസായങ്ങളിൽ ആറെണ്ണം കശുവണ്ടി ഫാക്ടിറികളാണ്. സാമില്ലുകളും, ധാന്യസംസ്കരണമില്ലുകളും, ക്രഷർയൂണിറ്റുകളും, ചെറുകിട എഞ്ചീനിയറിംഗ് യൂണറിറുകളുമാണ് മറ്റുള്ളവ. വ്യവസാരംഗത്ത് പണിയെടുക്കുന്നവർ 1628 പേരാണ് . ആകെയുള്ള 11731 തൊഴിലാളഇകളിൽ 13.86 ശതമാനം പേർ ഈ മേഖലയിൽ പണിയെടുക്കുന്നു. തൊഴിലാളികളെ സംബന്ധിച്ച് 1991 സെൻസസ് റിപ്പോർട്ടിന്റെ അവലംബം പട്ടിക 22 കാണുക

പട്ടിക 22

വിഭാഗം	എണ്ണം	ശതമാനത്തിൽ
കർഷകർ	3025	8.4
കർഷകതൊഴിലാളികൾ	3505	8.63
മത്സ്യത്തൊഴിലാളികൾ	323	0.89
ഖനനം	104	0.29
കുടിൽവ്യവസായം	50	0.13
ഇതരവ്യവസായം	1474	4.04
നിർമ്മാണപ്രവർത്തനം	323	0.89
വ്യാപാരം, വാണിജ്യം	829	2.34
ഗതാഗതം	296	0.82
ഇതരമേഖല	1424	3.96
നാമമാത്രതൊഴിലാളികൾ	1073	2.98
തൊഴിൽ രഹിതർ	24247	67.11
ആകെ	35978	

(1995–96 കാലയളവിൽ കശുവണ്ടി വ്യവസായത്തിൽ പണിയെടുക്കുന്ന സ്ത്രി തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചതായി ദ്വിതീയ വിവരശേഖരണത്തിൽ ,നിന്ന് മനസ്സിലാക്കുന്നു.)

പഞ്ചായത്തു രൂപീകൃതമാവുന്നതിന് മുൻപു തന്നെ ഇടയം മേഖലകളിൽ കൈത്തറി വ്യവസായം സമ്പുഷ്ടമായിരുന്നു. പൊടിയാട്ടുവിള വാളകം , പടിഞ്ഞാറ്റിൻകര എന്നിവിടങ്ങളിൽ കളിമൺ പാത്രങ്ങളുടെ നിർമ്മാണവും വിപണനവും നല്ല നിലയിൽ നടന്നിരുന്നു. 2,8.10, 11 എന്നി വാർഡുകളിൽ തഴപ്പായ് നെയ്ത്ത്, ഈറ്റപ്പണി എന്നിവ നടത്തിയിരുന്നവർ ഇന്ന് കഷ്ടത അനുഭവിക്കുന്നു. ഇടയത്തെ കൈത്തറി സഹകരണസംഘം പ്രവർത്തനക്ഷമമല്ല. പരമ്പരാഗത മേഖലയിലെ തൊഴിലാളികൾ ഇന്നും അസംഘടിതരാണ ് കശുവണ്ടി ഫാക്ടറികൾ ഒരു കാലത്ത് പ്രവർത്തി ദിവസങ്ങളെ കൊണ്ട്

സമ്പന്നമായിരുന്നു എന്നാൽ ഇന്ന് കേവലം 100 ൽ താഴെ ദിവസങ്ങ ൾ മാത്രമാണ് പ്രവർത്തിക്കുന്നത്. സ്വാകാര്യ മേഖലയും പൊതുമേഖല.യും ഇക്കാര്യത്തിൽ വ്യത്യസ്ഥത പുലർത്തുന്നില്ല.

ഗ്രാനൈറ്റ് വ്യവസായത്തിന് ആവശ്യമായ കരിമ്പാറകൾ യഥേഷ്ടം ലഭിക്കുന്ന പഞ്ചായത്തുകളിലൊന്നാണ് നമ്മുടെ പ്രദേശം. ഇതിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ ആവശ്യമായ പഠനങ്ങളും സംരംഭങ്ങളും അടിയന്തിരമായി ഉണ്ടാവേണ്ടിയിരിക്കുന്നു. ഇഷ്ടിക നിർമ്മാണം കൂടിൽ വ്യവസായമായി വളരുന്നു. പക്ഷേ ഇതു മൂലം ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ കാർഷിമേഖലയെ ബാധിക്കുന്നുണ്ട്. തടി അധിഷിഠിതമായ വ്യവസായം തടിമില്ലുകളിൽ ഒതുങ്ങിയിരിക്കുന്നു. ഒരു പ്ലൈവുഡ് ഫാക്ടറി മാത്രമാണ് ഇവിടുള്ളത് . ആകെ 20 ഓളം എഞ്ചിനീയറിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ വിഭവ സാദ്ധ്യതകൾ കണ്ടറിഞ്ഞുള്ള ഇൻ വെസ്റ്റ്മെന്റ് ഈ മേഖലയിൽ ഉണ്ടാവണം അസംഘടിതരായ തൊഴിലാകളുടെ കൂട്ടായ്മ ഉണ്ടാകേണ്ടിയിരിക്കുന്നു. വിദേശമലയാളികളുടെ സമ്പത്ത് വ്യവസായമേഖലയുടെ പോഷണത്തിന് തിരിച്ചുവിടാനുള്ള നീക്കവും നടത്തണം. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് കൂടുതൽ സധ്യതയുള്ള പഞ്ചായത്താണ് നമ്മുടേത്.

പ്രശ്നങ്ങൾ

- ചെറുകിട വ്യവസായ സംരംഭകർ ഉണ്ടെങ്കിലും വിഭവത്തിനനുസൃതമായ വ്യവസായങ്ങൾ കണ്ടറിയുവാനും മാർഗ്ഗ നിർദ്ദേശം ലഭിക്കാനുമുള്ള മാർഗ്ഗമില്ല.
- പരമ്പരാഗതമേഖലയിലെ തൊഴിലാളികൾ അസംഘടിതരായതിനാൽ ആ മേഖലയെ ഉദ്ധരിക്കുവാൻ കഴിയുന്നില്ല.
- വനിതാ വ്യവസായ സംരംഭങ്ങൾ ഉണ്ടാകുന്നില്ല.
- യഥേഷ്ടം വൈദ്യുതി ലഭിക്കാനുള്ള സാധ്യത കുറവ്.
- വ്യവസായം തുടങ്ങാൻ ആവശ്യമായ സാങ്കേതിക പ്രശ്നങ്ങൾ.
- ഉൽപാദനത്തിനും വിപണനത്തിനുള്ള സാങ്കേതിക അറിവിന്റെ പോരായ്മ.
- കളിമൺ വ്യവസായത്തിന് ആവശ്യമായ കളിമണ്ണിന്റെ ലഭ്യതക്കുറവ്.
- പരമ്പരാഗത വ്യവസായ മേഖലയുടെവളർച്ചയിൽ സഹകരണസ്ഥാപനങ്ങളുടെ ശ്രദ്ധക്കുറവ്.
- വ്യവസായ വികസനവകുപ്പിന്റെ അറിയിപ്പുകൾ യഥാസമയം കിട്ടാത്തത്.
- സഹകരണ മേഖലയിൽ മാനേജ്മെന്റ് വിഭാഗക്കാരുടെ അഭാവം.
- വിദേശമലയാളികളുടെ സമ്പത്ത് വ്യവസായമേഖലയിലേയ്ക്ക് തിരിച്ച് വിടാത്തത്.
- കമ്പ്യൂട്ടർ, ഇലക്ട്രോണിക് രംഗത്തെ സാങ്കേതിക പരീശീലനം നേടിയവരുടെ അഭാവം.

നിർദ്ദേശങ്ങൾ

- പഞ്ചായത്തിൽ രണ്ട് മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക.
- അറയ്ക്കൽ വില്ലേജിൽ സുലഭമായ കരിമ്പാറ ഉപയോഗിച്ച് ഗ്രാനൈറ്റ് വ്യവസായം തുടങ്ങുക.
- തൊഴിൽ രഹിതരായ, സാങ്കേതിക പഠന പൂർത്തിയാക്കിയ വിദഗ്ധരെ ഉൾപ്പെടുത്തി ചെറുകിട വ്യവസായ സഹകരണ സംഘം രൂപീകരിക്കുക.
- റബ്ബർ അധിഷ്ഠിത വ്യവസായം തുടങ്ങുക.

- പഞ്ചായത്തിലെ വിഭവ ലഭ്യത മനസ്സിലാക്കാൻ സർവ്വേ നടത്തി അനുയോജ്യമായ വ്യവസാങ്ങൾ ആരംഭിക്കുക.
- സഹകരണ മേഘലയിൽ മാനേജ്മെന്റ് വിദഗ്ധരെ ഉൾപ്പെടുത്തുക.
- വ്യവസായങ്ങൾ തുടങ്ങാൻ ആവശ്യമായ നിയമങ്ങൾ ഉദാരമാക്കുക.
- പരമ്പരാഗത കൈത്തൊഴിൽ പരിപോഷിപ്പിക്കുവാൻ ആ രംഗത്തെ തൊഴിലാളികളെ ഉൾപ്പെടുത്തി സഹകരണ സംഘം രൂപീകരിക്കുക.
- വ്യവസായവുമായി ബന്ധപ്പെട്ട വകുപ്പുകളുടെ അറിയിപ്പുകൾ ഗ്രാമ പഞ്ചായത്ത് ഓഫിസ് വഴി നൽകുക.
- സഹകരണ സംഘങ്ങൾ തങ്ങളുടെ നിക്ഷേപത്തിന്റെ നല്ലൊരു പങ്ക് പഞ്ചായത്തിലെ വ്യവസായത്തിൽ നിക്ഷേപിക്കുക.
- വ്യവസായ സംരംഭങ്ങൾക്കാവശ്യമായ നടപടിക്രമങ്ങൾ ഗ്രാമ പഞ്ചായത്ത് ഓഫീസ് തലത്തിൽ നടപ്പിലാക്കുക.
- ഇടയം പ്രദേശത്ത് കുടിൽ വ്യവസായമായി നടത്തുന്ന കൈത്തറി നിർമ്മാണം പരിപോഷിപ്പിക്കുവാൻ കൈത്തറി സഹകരണസംഘം രൂപീകരിക്കുക.
- ഉൽപാദനത്തിൽ വൈവിദ്ധ്യ വൽക്കരണം നടത്തുവാൻ ആവശ്യമായ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുക.

6– ഊർജ്ജം, റോഡ് , മാർക്കറ്റ്

നമ്മുടെ പഞ്ചായത്തിൽ വിറക്, തെങ്ങുൽപ്പന്നങ്ങൾ , റബ്ബർകായ്ത്തോട്, ചപ്പുചവറ് എന്നിവയാണ് വ്യാപകമായി ഉപയോഗിക്കുന്ന ഊർജ്ജ സ്രോതസ്സുകൾ. കാർഷിക മേഖലയിൽ മനുഷ്യധ്വാനവും കന്നുകാലികളും പ്രധാന പങ്ക് വഹിക്കുന്നു. ഇന്ധന ഉപയോഗം പ്രധാനമായും നാലു മേഖലകൾക്കുവേണ്ടി ഉപയോഗിക്കുന്നു. 1. ഗാർഹികം 2. കാർഷികം. 3. വാണിജ്ജ്യം, 4. വ്യവസായം.

നമ്മുടെ പഞ്ചായത്തിലെ 75 ശതമാനം വീടുകളും വൈദ്യുതീകരിച്ചതാണ്. അവശേഷിക്കുന്നവയിൽ മണ്ണെണ്ണ ഉപയോഗിക്കുന്നു. വൈദ്യുതികരിച്ചതിൽ 25 ശതമാനം മാത്രമെ ഊർജ്ജ സംരക്ഷണത്തെ മുൻ നിറുത്തി ട്യൂബുലൈറ്റുകളും ഇലക്രോണിക്സ് ചോക്കുകളും ഉപയോഗുക്കുന്നുള്ളു. ഗാർഹിക മേഖലയിൽ ഉപയോഗിക്കുന്ന വൈദ്യുതിയുടെ മുക്കാൽ പങ്കും വെളിച്ചത്തിന് വേണ്ടിയാണ്. പാചകത്തിനായി വിറക് ഉൾപ്പെടെയുള്ള ജൈവദ്രവ്യങ്ങൾ ആശ്രയിക്കുന്നവരാണ് മിക്ക കുടുംബങ്ങളും. 25 ഓളം വരുന്ന കുടുബങ്ങൾ അടുത്ത കാലത്തായി പചകവാതകം ഉപയോഗിച്ച് വരുന്നു. 31 കുടുംബങ്ങളിൽ പാചകാവശ്യത്തിനായി ബയോഗ്യാസ് പ്ലാന്റുകൾ ഉണ്ട്.

വാണിജ്ജ്യമേഖലയെന്നാൽ ഹോട്ടലുകൾ, കച്ചവടസ്ഥാപനങ്ങൾ, വ്യവസായികേതര സ്ഥാപനങ്ങൾ എന്നാണ് ഉദ്ദേശിക്കുന്നത്. ഇവിടെ വിറക്, മണ്ണെണ്ണ, പാചകവാതകം, വൈദ്യുതി, മനുഷ്യാദ്ധ്വാനം എന്നിവ സംയുക്തമായി ഉപയോഗിക്കുന്നു. വെളിച്ചത്തിനായ് മിക്ക സ്ഥാപനങ്ങളും വൈദ്യുതി ഉപയോഗിച്ച് വരുന്നു.

കാർഷിക മേഖലയിൽ കന്നുകാലികളുടേയും മനുഷ്യരുടേയും അദ്ധ്വാനമാണ് ഉപയോഗപ്പടുത്തിയിരുന്നത്. സമീപകാലത്ത് ഇക്കാര്യത്തിൽ ഗണ്യമായ മാറ്റം സംഭവിച്ചു. കന്നുകാലികളെ അദ്ധ്വാനത്തിന് വേണ്ടി ഉപയോഗിക്കുന്നത് 20 ശതമാനമായി ചുരുങ്ങി. ആധുനിക കാർഷികയന്ത്രങ്ങളുടെ സഹായത്തോടെ ഈ മേഖലയുടെ ഊർജ്ജാവശ്യം നിറവേറ്റുവാൻ തുടങ്ങിയിട്ടുണ്ട്. കാർഷിക യന്ത്രങ്ങൾക്ക് ഡീസലാണു കൂടുതലായി ഉപയോഗിക്കുന്നത്.

ആധുനിക വ്യവസായങ്ങളും പരമ്പരാഗത വ്യവസായങ്ങളും ചേർന്നതാണ് വ്യവസായിക മേഖല. പരമ്പരാഗതവ്യവസായമേഖലയായ കശുവണ്ടി ഫാക്ടറികളിൽ മുഖ്യമായും മനുഷ്യാദ്ധ്വാനമാണ് ഉപയോഗിക്കുന്നത്. മെറ്റൽക്രഷർയൂണിറ്റ്, ഈർച്ചമില്ലുകൾ, ധാന്യസംസ്കരണമില്ലുകൾ വർക്ക്ഷോപ്പുകൾ തുടങ്ങി 37 ചെറുകിട യൂണിറ്റുകളിൽ വൈദ്യുതിയെ മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്.

ഗാർഹിക മേഖലയിൽ 4904 ഉം വ്യാപാരമേഖലയിൽ 421 ഉം വ്യവസായികരംഗത്ത് 37 ഉം, കാർഷികരംഗത്തും 17 ഉം ഉപഭോക്താക്കളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. വാണിജ്യ ഇന്ധനങ്ങളായ കൽക്കരി, എണ്ണ, പ്രകൃതിവാതകം, വൈദ്യുതി എന്നിവ നാം വില കൊടുത്ത് വാങ്ങി ഉപയോഗിക്കുന്ന ഇന്ധനമാണ്. വാണിജ്യേതരാവശ്യത്തിനുള്ള ഇന്ധനങ്ങൾ ഏറിയ പങ്കും പഞ്ചായത്തു പ്രദേശത്തു നിന്നും ശേഖരിക്കുന്നു. പ്രതിദിനം 5 കിലോ ഗ്രാം വിറക് ഇന്ധനമായി ഉപയോഗിക്കുന്ന ഒരു കുടുബത്തിന്റെ വാർഷിക ഉപയോഗം 1945 കി. ഗ്രാം ആണ്. പഞ്ചായത്തിലെ വിറകിന്റെ മൊത്തം ആവശ്യത്തിന്റെ 25 ശതമാനം പുറമെ നിന്നും വരുന്നതാണ്. അവശേഷിക്കുന്നവ സ്വന്തം കൃഷിയിടത്തിൽ ,നിന്നും ശേഖരിക്കുന്നതാണ്. മണ്ണെണ്ണയുടെ ഉപയോഗവും കഴിഞ്ഞ 5 വർഷത്തിനിടയിൽ 22 ശതമാനം വർദ്ധിച്ചിട്ടുള്ളതായി കാണാം. ഈ രീതിയിൽ ഊർജ്ജത്തിന്റെ ഉപയോഗം വർദ്ധിച്ചാൽ അവയുടെ ലഭ്യത പരിശോധിക്കേണ്ടതുണ്ട്.

പൂർണ്ണമായും നാം വാങ്ങി ഉപയോഗിക്കുന്ന ഊർജ്ജമാണ് വൈദ്യുതി. നമ്മുടെ പഞ്ചായത്തിൽ വൈദ്യുതി എത്തിക്കുന്നത് ആയൂർ 66 K.V. സബ് സ്റ്റേഷനിൽ നിന്നാണ്. അവിടെ നിന്നും നമ്മുടെ പഞ്ചായത്തിൽ 27 സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ലോ ടെൻഷൻ ട്രാൻസ്ഫോർമറുകൾ വഴി നമുക്ക് ലഭിക്കുന്നു. വൈദ്യുതിയുടെ ഉപഭോഗം വർദ്ധിക്കുന്നതനുസരിച്ച് ട്രാൻസ്ഫോർമറുകളുടെ കണക്ട് ലോഡ് വർദ്ധിക്കുന്നു.81.3 ശതമാനം ഗാർഗികാവശ്യങ്ങൾക്കും10.81 ശതമാനം വാണജ്യവ്യവസായ ആവശ്യങ്ങൾക്കും 7.9 ശതമാനം കാർഷികാവശ്യങ്ങൾക്കുമായി വൈദ്യുതി ഉപയോഗിക്കുന്നു. ഇങ്ങനെ താങ്ങാവുന്നതിലും അധികമാവുമ്പോൾ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു. പീക്ക് ലോഡ് സമയത്ത് നമ്മുടെ പഞ്ചായത്തിൽ മൊത്തം കപ്പാസിറ്റിയുടെ 25 ശതമാനം അധികമാണ് ഉപഭോഗം. പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകൾക്ക് വേണ്ടി 943 ബൾബുകളും 90 ട്യൂബ് ലൈറ്റുകളും 2 മെർക്കുറി ലാമ്പുകളും ഉണ്ട്.

പ്രശ്നങ്ങൾ

- വൈദ്യുതി രംഗത്തെ വോൾട്ടേജ് ക്ഷാമം.
- ഗുണനിലവാരമില്ലാത്ത വൈദ്യുതോപകരണങ്ങളുടെ ഉപയോഗം.
- വിറകിന്റെ അമിതഉപയോഗം, ലഭ്യതകുറവ് എന്നിവ,
- സമ്പന്നർ വൈദ്യുതി ധാരാളിക്കുന്നു.

- ഇനിയും വൈദ്യുതി കടന്നു ചെന്നിട്ടില്ലാത്ത പ്രദേശങ്ങൾ.
- ഊർജ്ജാവശ്യം നിറവേറ്റാനുള്ള വൈദ്യുതി ബോർഡിന്റെ കഴിവില്ലായ്മ.
- ആയൂർ മേജർ സെക്ഷൻ ഇലക്ട്രിസിറ്റി ഓഫീസിന് സ്വന്തമായി കെട്ടിടമില്ല.

നിർദ്ദേശങ്ങൾ

- ദക്ഷതകൂടിയ അടുപ്പുകളുടെ വ്യാപനം സാധ്യമാക്കണം. അനർട്ട്, KIVC തുടങ്ങിയ സ്ഥാപനങ്ങളുമായി സഹകരിച്ച് സബ്സീഡിയോടുകൂടിയ ദക്ഷത കൂടിയ അടുപ്പുകൾ വിതരണം ചെയ്യണം. പഞ്ചായത്തിലെ വീടുകളിൽ 5 വർഷം കൊണ്ട് 5000 ദക്ഷതകൂടിയ അടുപ്പുകൾ എന്ന തോതിൽ തീവ്ര പദ്ധതി ആവിഷ്കരിക്കണം.
- വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ അടിയന്തിരമായി പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
- ഇനിയും വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ ഗ്രാമസഭാ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണനാലിസ്റ്റ് തയ്യാറാക്കി പുതിയ ലൈൻ വലിയ്ക്കുക.
- സ്ട്രീറ്റ് ലൈറ്റുകളിലെ ബൾബുകൾക്ക് പകരം കോംപാക്ട് ഫ്ലൂറസെന്റ് ലാംബുകൾ സ്ഥാപിക്കുക. ഈ ലാംബുകൾ വ്യാപകമായി ഉപയോഗിച്ച് വൈദ്യുതി ലാഭിക്കുവാൻ ബോധവൽക്കരണം നടത്തുക.
- പ്രഷർ കുക്കർ, കച്ചിപ്പെട്ടി തുടങ്ങിയ ദക്ഷത കൂടിയ ഉപകരണങ്ങൾ പ്രചരിപ്പിക്കണം.
- യഥാസമയം ലൈനുകളിൽ തടസ്സം നിൽക്കുന്ന വൃക്ഷശിഖരങ്ങൾ വെട്ടിമാറ്റാനും , തകരാറിലാകുന്നവ നന്നാക്കുവാനും മേൽനോട്ടം വഹിക്കാൻ പഞ്ചായത്തംഗങ്ങളും ബന്ധപ്പെട്ട ഇലക്ട്രിസിറ്റി ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന സമിതികൾ രൂപീകരിക്കണം.
- വീടുകളിൽ സ്റ്റെപ്-അപ് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന വൈദ്യുത ഉപഭോക്താക്കളിൽ നിന്നും സ്റ്റെപ്-അപ് ട്രാൻസ്ഫോർമറുകളുടെ എണ്ണത്തിനനുസരിച്ച് പഞ്ചായത്തിലേയ്ക്ക് ആഡംഭരനികുതി വസൂലാക്കുക.
- പഞ്ചായത്ത് സ്ട്രീറ്റ് ലൈറ്റുകൾക്ക് വേണ്ടി ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവ്, മീറ്റർ ഉപയോഗിച്ച് തിട്ടപ്പെടുത്തി, ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് മാത്രം ഫീസ് ഈടാക്കാൻ ശാസ്ത്രീയ സംവിധാനം ഏർപ്പെടുത്തുക.
- ആയൂർ - മേജർ ഇലക്ട്രിസിറ്റി ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുക.
- തടിക്കാട്ടിൽ ഇലക്ട്രിസിറ്റി ഓവർസിയർ ഓഫീസ് അനുവദിയ്ക്കുക.

ഇടമുളയ്ക്കലെ റോഡുകൾ

ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്തിൽ സാമാന്യം ദീർഘമായ ഒരു റോഡ് ശൃംഖലയുണ്ട്. പഞ്ചായത്തിലെ മൊത്തം റോഡുകളുടെ നീളം 222.675 കി. മി.ആണ്. ഇതിൽ 33.25 കി.മി. റോഡുമാത്രമെ റോഡ് മാത്രമോ ടാർചെയ്തിട്ടുള്ളു. കഴിഞ്ഞ 5 വർഷം കൊണ്ട് പഞ്ചായത്ത് റോഡുകളുടെ ദൈർഘ്യം 20 ശതനമാനം കണ്ട് വർദ്ധിച്ചിട്ടുണ്ട്. ഗതാഗതസൗകര്യം വർദ്ധിക്കുന്നതിന് വേണ്ടി ഈ കാലയളവിൽ 6,148,18 രൂപ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്.

ഇവിടുത്തെ റോഡുകളുടെ നീളം സാമാന്യം കൂടുതലാണെങ്കിലും റോഡിന്റെ സ്ഥിതി മോശപ്പെട്ടതാണ്. മിക്കവാറും റോഡുകൾക്ക് ശരിയായ ഓടകളും കൾവർട്ടുകളും ഇല്ല. റോഡിന്റെ

അസാമാന്യമായ ദൈർഘ്യം കാരണം മെയിന്റനൻസ് നടത്തുക യെന്നത് വളരെ ചെലവേറിയതാകുന്നു. പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയ്ക്കുള്ളിൽ നിന്നു കൊണ്ട്, അറ്റകുറ്റ പണികൾ ചെയ്യാൻ കഴിയുന്നതിലധികമാണ് റോഡിന്റെ നീളം. പഞ്ചായത്തിന്റെ ഒട്ടുമിക്ക റോഡുകളും കുന്നിൻ പ്രദേശങ്ങളെ ബന്ധിക്കുന്നതാണ്. ഇക്കാരണത്താൽ മഴക്കാലത്തെ മണ്ണൊലിപ്പും മറ്റും റോഡുകളുടെ സ്ഥിതി കൂടുതൽ ശോചനീയമാക്കുന്നു.

അറയ്ക്കൽ വില്ലേജിനെ താലൂക്കാസ്ഥാനവുമായി ബന്ധിപ്പിക്കുന്ന ഏറ്റവും നീളം കുറഞ്ഞ രണ്ടു പ്രധാന പാതകളുടെ അഭിവൃദ്ധിയിക്ക് വേണ്ടിയുള്ള ജനങ്ങളുടെ മുറവിളിയ്ക്ക് ദീർഘകാലത്തെ പഴക്കമുണ്ട്. ഈ പാതകൾ യഥാക്രമം തടിക്കാട്-കോക്കാട്റോഡും, തടിക്കാട്-വെഞ്ചെമ്പ് റോഡും ആണ്. ഇപ്പോൾ ഈ റോഡുകൾ സഞ്ചാരയോഗ്യമല്ലാത്തതു കാരണം 17 കി.മി. ചുറ്റിയാണ് പുനലൂരേയ്ക്ക് യാത്രചെയ്യുന്നത്. പ്രസ്തുത റോഡുകൾ അഭിവൃദ്ധിപ്പെടുത്തി ടാർ ചെയ്താൽ തടിക്കാട്-പുനലൂർ ദൂരം 10 കി.മി. ആയി കുറയ്ക്കാം.


നമ്മുടെ പഞ്ചായത്തിലെ ആയൂർ വഴി S.H -1 റോഡ് കടന്നു പോകുന്നു. ആയൂരിലെ സ്ഥിരമായ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ കശുവണ്ടി ഫാക്ടറി- മന്നിയോട് ആമ്പാടി പെട്രാൾപമ്പ് റോഡ് ടാർ ചെയ്ത് അഭിവൃദ്ധിപ്പടുത്തണം. രണ്ട് വില്ലേജ് ഉൾപ്പെട്ട പഞ്ചായത്താണെന്നുള്ളതിനാൽ അതിവിസ്തൃമായ നമ്മുടെ പ്രദേശത്ത് വളരെ നീളത്തിലുള്ള റോഡുശൃംഖല ഉണ്ടെങ്കിലും ഇനിയും നിരവധി ഗ്രാമപ്രദേശങ്ങളിൽ അത്യാവശ്യമായി പുതിയ റോഡുകൾ നിർമ്മിക്കേണ്ടതുണ്ട്.

പ്രശ്നങ്ങൾ

- പല വാർഡുകളിലും വേണ്ടത്ര റോഡുകളില്ല.
- നിലവിലുള്ള റോഡുകളുടെ നിലവാരം വളരെ മോശമാണ്.
- പല റോഡുകൾക്കും ഓടകളില്ല.
- യാത്രകാർക്ക് വാഹനം കാത്തു നിൽക്കാൻ ബസ് സ്റ്റോപ്പുകളിൽ ഷെഡ്ഡുകളില്ല
- 1,2,3 വാർഡുകളിലെ പല റോഡുകൾക്കും ആവശ്യത്തിന് വീതിയില്ല.
- റോഡുകൾ കൃത്യമായി അറ്റകുറ്റ പണികൾ നടത്തി സംരക്ഷിക്കുന്നില്ല.
- റോഡുസൈഡുകളിൽ പരിധി ലംഘിച്ച് കച്ചവടസ്ഥാപനങ്ങൾ നിർമ്മിക്കുന്നു.

നിർദ്ദേശങ്ങൾ

- ആയൂർ 1, 2 വാർഡകളിലേയ്ക്കുള്ള ബൈപാസ് റോഡ്, മൂന്നാം വാർഡിലെ പെരിങ്ങള്ളൂർ ഒഴുക്കു പാറയ്ക്കൽ നാലാം വാർഡിലെ കൈപ്പള്ളി-കണ്ണങ്കോട് റോഡ്, 5 ാം വാർഡിലെ സൊസൈറ്റി ജംഗഷൻ- കാഞ്ഞിരംമൂട് റോഡ്, വാർഡ് 6. ലെ അഞ്ചൽ-കറുനാമ്പ്ര- ഭാഗ്യക്കുന്ന്-അസുരമംഗലം റോഡ്, വാർഡ് 7 ലെ അസുരമംഗലം-കൊമ്പേറ്റിമല -ഒഴുക്കുപാറയ്ക്കൽ റോഡ്, വാർഡ് 8 ലെ വെഞ്ചെമ്പ്- തടിക്കാട് കൊമ്പേറ്റിമലറോഡും, തേവർതോട്ടം- കണിക്കോണം-അറയ്ക്കൽ റോഡും, വാർഡ് 9 ലെ മുതുവാനത്ത്- മിനുണ്ണൂർ റോഡും, അറയ്ക്കൽ-ചെറുവാളൂർ കോളനിയിലേയ്ക്കുള്ള റോഡും, അറയ്ക്കൽ ബാങ്ക് ജംഗ്ഷൻ- പെരുമണ്ണൂർ റോഡും, വാർഡ് 10 ലെ കോക്കാട്- തടിക്കാട് റോഡും, തടിക്കാട്- കനകകുന്ന് റോഡും, വാർഡ് 11 ലെ പന്നിയറ-പെരുമണ്ണൂർ റോഡും വാർഡ് 12



ലെ റേഷൻകട- കൊട്ടയ്ക്കാട് റോഡും, വാർഡ് 13 ലെ അറയ്ക്കൽ കശുവണ്ടി ഫാക്ടറി-പെരുമണ്ണൂർ റോഡും വളരെ പ്രധാനമായി ടാർ ചെയ്യേണ്ടതാണ്.

- എല്ലാ റോഡുകൾക്കും ഓടകൾ നിർമ്മിച്ച് അഭിവൃദ്ധിപ്പെടുത്തുന്നതിന് സന്നദ്ധ പ്രവർത്തനം.
- ഗ്രാമ സഭ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമം തയ്യാറാക്കി നിലവിലുള്ള മറ്റ് റോഡുകൾ അഭിവൃദ്ധിപ്പെടുത്തുവാനും പുതിയ പാതകൾ നിർമ്മിക്കാനും പദ്ധതി ആവിഷ്കരിക്കണം.
- റോഡുകളുടെ സംരക്ഷണത്തിന് വാർഡ് അടിസ്ഥാനത്തിൽ ജനകീയസമിതികൾ രൂപീകരിക്കണം.
- നീർക്കെട്ട് ഒഴിവാക്കാൻ മിക്കറോഡുകൾക്കും കൾവർട്ടുകൾ നിർമ്മിക്കുക
- റോഡുകൾ പ്രകൃതിക്ഷോഭത്തിൽ തകർന്നാലുടൻ അടിയന്തിരമായി പണി നടത്താൻ സ്ഥിരം സംവിധാനം ഉണ്ടാക്കുക.
- ആയൂരിർ ബസ്സ് സ്റ്റാൻഡും, തടിക്കാട്, ഇടയം, കൈപ്പള്ളി, അറയ്ക്കൽക്ഷേത്രം, പൊടിയട്ടുവിള എന്നിവടങ്ങളിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക.
- വയയ്ക്കൽ,- പാട്ടപള്ളിത്തോട്, കരുപ്പട്ടിക്കോണം കോളനിയിലേയ്ക്ക് ആനാട്ട് എന്നിവിടങ്ങളൽ നടപ്പാലം പണിയണം.
- റോഡുസൈഡുകളിൽ നിയമ വിരുദ്ധമായി നിർമ്മിക്കുന്ന കെട്ടിടങ്ങൾ നീക്കം ചെയ്യുക.

മാർക്കറ്റ്

ഇടമുളയ്ക്കൽ പഞ്ചായത്തിലെ മാർക്കറ്റിംഗ് മേഖല നിശ്ചയമായും വിപുലീകരണത്തിന്റെ ദിശയിലാണ്. കാർഷികോൽപന്നങ്ങളുടേയും നിത്യോപയോഗസാധനങ്ങളുടേയും വിപണന ശൃംഖല നമ്മുടെ പഞ്ചായത്തിൽ ഇനിയും ഉയർന്ന് വരേണ്ടിയിരിക്കുന്നു. പ്രധാന മാർക്കറ്റിംഗ് മേഖലയായി ഈ പഞ്ചായത്ത് നിവാസികൾ ഉപയോഗിക്കുന്നത് അഞ്ചൽ പട്ടണത്തേയാണ്. അതി പ്രശസ്തമായ അഞ്ചൽ ചന്തയും നിരവധി വാണിജ്യ സ്ഥാപനങ്ങളും ജനങ്ങളെ അങ്ങോട്ടാകർഷിക്കുന്നു. നാമമാത്രമായെങ്കിലും വാണിജ്യ രംഗത്ത് ഊർജ്ജസ്വലത നിലനിർത്തുന്നത് ആയൂർ പട്ടണം മാത്രമാണ്. നാട്ടിൻ പുറത്തെ ചെറിയതോതിലുള്ള കച്ചവട സ്ഥാപനങ്ങൾ ജനങ്ങളുടെ ആവശ്യങ്ങൾ പൂർണ്ണമായ തോതിൽ നിറവേറ്റാൻ പറ്റിയവയല്ല.21 പൊതുവിതരണസ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. എന്നാൽ പ്രധാന ഭക്ഷ്യധാന്യമായ അരി വിൽപ്പനയിൽ വളരയധികം പുറകോട്ട്പോയി ഈ സ്ഥാപനങ്ങൾ കാർഡുടമകളുടേയും ഗുണഭോക്താക്കളുടേയും എണ്ണം കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 24.06 ശതമാനം വർദ്ധിച്ചപ്പോൾ അരിവിതരണത്തിൽ 60.33 ശതമാനം കുറവുവന്നിരിക്കുന്നു എന്ന വസ്തുതയുടെ കാരണങ്ങൾ പരിശോധിക്കേണ്ടതുണ്ട്. പൊതു വിതരണ രംഗത്തെ 1991-92 ലെ സ്ഥിതിയും 1995-96 സ്ഥിതിയും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാൻ പട്ടിക 23 പരിശോധിക്കുക.

അവലംബം പൊതുവിതരണ കേന്ദ്രം

പട്ടിക 23

വിഷയം	1991-92	1995-96	വ്യത്യാസം % കണക്കിൽ
കാർഡുടമകളുടെ എണ്ണം	5563	7026	+ 24.06
ഗുണഭോക്താക്കളുടെ എണ്ണം	29164	34439	+ 17.81
വിതരണംചെയ്ത അരി (ക്വിന്റൽ)	21686	8601	- 60.33
വിതരണംചെയ്ത പഞ്ചസാര (ക്വിന്റൽ)	1302	1235.9	- 5.07
വിതരണംചെയ്ത മണ്ണെണ്ണ (ലിറ്റർ)	2,29411	2,80325	+ 22

റേഷൻ കട വഴി മണ്ണെണ്ണയുടെ വിതരണത്തിൽ മാത്രമാണ് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ വർദ്ധനവ് ഉണ്ടായത് . (22 %) എന്നാൽ പഞ്ചസാര വിതരണത്തിലും (5.07%) കുറവുണ്ടായതായികാണാം ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചതനുസരിച്ച് അരി വിതരണം വർദ്ധിച്ചില്ലെന്ന് മാത്രമല്ല 1991 ലെ സ്ഥിതിയിൽ നിന്ന് പോലും വിതരണം വളരെ കുറയുകയാണുണ്ടായത്. ഇതിൽ നിന്നും ജനങ്ങൾ നല്ലൊരു പങ്കും അരി വാങ്ങാൻ സ്വാകാര്യ മാർക്കറ്റിനെ ത്തന്നെ ആശ്രയിക്കാൻ തുടങ്ങിയെന്ന് മനസ്സിലാക്കാം. എന്താണിതിന്റെ കാരണം ? റേഷനരിവിലയും സ്വകാര്യ മാർക്കറ്റിലെ വിലയുമായി വലിയതോതിലുള്ള വ്യത്യാസം ഇല്ലാത്തതും റേഷനരിയുടെ ഗുണമേന്മ ഇല്ലായ്മയും കാരണമാകാം. പുതിയ ബ്രാന്റുകളിലുള്ളതും സവിശേഷതകളുള്ളതുമായ വിവിധയിനം അരി സ്വാകാര്യ മാർക്കറ്റിൽ സുലഭമാണെന്നുള്ളതും, ഇഷ്ടമുള്ളവ തെരഞ്ഞെടുക്കാനുള്ളത്രവൈവിധ്യം പുലർത്തുന്ന അരി മാർക്കറ്റിലെത്തിയതും കാരണം തന്നെ തുറന്ന മാർക്കറ്റിലെ വില നിലവാരം പിടിച്ചു നിർത്താൻ സർക്കാർ ആവിഷ്കരിച്ച പൊതു വിതരണമേഖല ഏറ്റവും ശക്തമായ തോതിൽ നിലനിൽക്കുന്ന കേരള്ത്തിൽ റേഷൽ സ്ഥാപനങ്ങളുടെ ഇന്നത്തെ നില തുടരുന്നത് ഒട്ടും ആശാസ്യമല്ല.

നമ്മുടെ പ്രദേശത്തെ കാർഷിക ഉൽപ്പന്നങ്ങൾ വിൽക്കാനും വാങ്ങാനുമുള്ള ചന്ത സൗകര്യം വിപുലമായ തോതിൽ ഇല്ലായെന്നത് പോരായ്മയായി അവശേഷിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ നാലു മാർക്കറ്റുകളാണുള്ളത്. ആയൂർ പബ്ലിക് മാർക്കറ്റ്., തടിക്കാട് അന്തിചന്തയുമാണ്. പഞ്ചായത്ത് നേരിട്ടു നടത്തുന്നത്. അറയ്ക്കൽ, ഇടയം മാർക്കറ്റുകൾ രണ്ടും സർവ്വീസ് സഹകരണ ബാങ്ക് വകയാണ്. തടിക്കാട് ചന്ത പ്രവർത്തിക്കുന്നത് റവന്യു പുറമ്പോക്ക് സ്ഥല്ത്താണ്. പ്രസ്തുത സ്ഥലം പഞ്ചായത്തിന് വിട്ടുകിട്ടിയിട്ടില്ല. വികസനത്തിന്റെ കാര്യത്തിൽ കൂടുതൽ സാദ്ധ്യതകളുള്ള ഇതിനെ രാവിലെ മുതൽ പ്രവർത്തിക്കുന്ന മാർക്കറ്റാക്കി ഉയർത്താൻ കഴിയേണ്ടതാണ്. കൂടാതെ പഞ്ചായത്തിന്റെ മറ്റു ഭാഗങ്ങളിലും കർഷകരെ സഹായിക്കാൻ സ്വകാര്യ മാർക്കറ്റ് തുടങ്ങാൻ കഴിയുന്ന സ്ഥലങ്ങൾ സർവ്വെ നടത്തി കണ്ടുപിടിച്ച് ആവശ്യമായ നടപടികൾ ഉണ്ടാകേണ്ടതുമാണ്.

പ്രശ്നങ്ങൾ

- പൊതുവിതരണ സ്ഥാപനങ്ങളെ ആശ്രയിക്കുന്ന സ്വാഭാവം ജനങ്ങളിൽ കുറയുന്നു.
- ജനങ്ങൾ കൂടുതൽ വൈവിദ്ധ്യം തേടി സ്വാകാര്യ വാണിജ്യസ്ഥാപനങ്ങളെ ആശ്രയിക്കുന്നു.
- ജനങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള സ്ഥാപനങ്ങൾ പഞ്ചായത്തിലില്ല.
- കാർഷികഉൽപന്നങ്ങൾ വിറ്റഴിക്കാൻ മാർക്കറ്റില്ല.
- ചന്തകളുടെ വൃത്തി ഹീനമായ അന്തരീക്ഷം.

നിർദ്ദേശങ്ങൾ

- മുന്തിയയിനം ഭക്ഷ്യധാന്യങ്ങൾ ന്യായവിലയ്ക്ക് റേഷൻകടകൾ വഴി വിതരണം ചെയ്യുക.
- പഞ്ചായത്തിലെ 2 പ്രധാന കേന്ദ്രങ്ങളിൽ മാവേലിസ്റ്റോർ ആരംഭിക്കുക.
- എല്ലാ റേഷൻകടകൾ വഴിയും നിത്യോപയോഗസാധനങ്ങൾ വിൽക്കുക.
- ആയൂർ മാർക്കറ്റ് RDB യുടെ സഹായത്തോടെ നവീകരിക്കുക.
- തടിക്കാട് മാർക്കറ്റിന് റവന്യൂ ഡിപ്പാർട്ട്മെന്റിൽ നിന്ന് സ്ഥലം പഞ്ചായത്ത് നേടിയെടുക്കുകയും ചന്ത പബ്ലിക് മാർക്കറ്റാക്കി ഉയർത്തുകയും ചെയ്യുക.
- മതുരപ്പ:, ഇടമുളയ്ക്കൽ ,പെരുമണ്ണൂർ , പൊടിയാട്ടുവിള എന്നിവിടങ്ങളിൽ സ്വകാര്യ മാർക്കറ്റിനുള്ള സാധ്യത ആരായുക.
- മാർക്കറ്റുകൾ വൃത്തിയായി സംരക്ഷിക്കാൻ ജനകീയ സമതികൾക്ക് രൂപം കൊടുക്കുക.

7- പാർപ്പിടം, സാമൂഹ്യക്ഷേമം

പാർപ്പിടം

ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിലെ പാർപ്പിടങ്ങളുടെ സ്ഥിതി പൊതുവിൽ തൃപ്തികരമാണ്. സമീപ കാലത്ത് പഞ്ചായത്ത് പ്രദേശത്തുണ്ടായ സാമ്പത്തിക മേഖലയിലെ പുരോഗതിയുടെ പ്രതിഫലനം കെട്ടിട നിർമ്മാണ മേഖലയിലും പ്രകടമായിട്ടുണ്ട്. ഇതിൽ ഗൾഫ് മേഖലയുടെ സ്വാധീനവും ദർശിക്കാം. കഴഞ്ഞ 5 വർഷങ്ങളിൽ ശരാശരി 334 കെട്ടിടങ്ങൾക്ക് പ്രതിവർഷം പഞ്ചായത്ത് ലൈസൻസ് നമ്പർ കിട്ടിയിട്ടുണ്ട് നമ്മുടെ പഞ്ചായത്തിലെ 49 % വീടുകളും ഓടു പാകിയതാണ്. 32 % കോൺക്രീറ്റ് നിർമ്മിതവും 15% ഓല മേഞ്ഞതും 4% മറ്റ് തരമേൽക്കൂരകളാൽ നിർമ്മിക്കപ്പെട്ടതുമാണ്. ഇവയിൽ കോൺക്രീറ്റ് കെട്ടിടങ്ങൾ പൊതുവെ ഇഷ്ടികയും കരിങ്കല്ലും കൊണ്ട് നിർമ്മിച്ചവയോ ആയ ചുവരുകളോടുകൂടിയവയാണ്. ഓടു പാകിയ വീടുകൾ ഭൂരിഭാഗവും പാറ ചെങ്കല്ല്, ഇഷ്ടിക എന്നിവയാൽ നിർമ്മിച്ചിരിക്കുന്നു. ഓല മേഞ്ഞവീടുകളുടെ ചുവരുകൾ പൊതുവെ ബലമുള്ളവയല്ല. 60 % വീടുകളുടേയും തറ സിമന്റ് ചെയ്ത് വൃത്തിയാക്കിവയാണ്. ആധുനിക രീതിയിൽ മൊസേക് തറയോടുകൂടിയ വീടുകൾ ഏകദേശം 10 % വരും 200 മുതൽ 500 വരെ ച: അടി വിസ്തൃതിയുള്ള ചെറുകിട ഭവനങ്ങൾ ആകെയുള്ളതിന്റെ 52% വരും . 200 ച: അടിയിൽ കുറവുള്ള 20% ഉണ്ട്. തറ, ചുവർ, മേൽക്കൂര, വിസ്തീർണ്ണം എന്നീ ഘടകങ്ങൾ എല്ലാം പരിഗണിച്ചാൽ തൃപ്തികരമല്ലാത്ത 19% വീടുകളാണുള്ളതെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

1995-96 ൽ പഞ്ചായത്തിൽ നിലവിലുള്ള കെട്ടിടങ്ങളുടെ സ്ഥിതിവിവരകണക്കുകൾ
(അവലംബം പഞ്ചായത്ത് രേഖ)

പട്ടിക 24

മേൽപ്പുരയുടെ സ്വഭാവം	കോൺക്രീറ്റ്	ഓട്	ഓലയും മറ്റും	ആകെ
എണ്ണം	3537	5422	2109	11068
ശതമാനം	32	49	19	100

നമ്മുടെ പഞ്ചായത്തിനുകൂടി പ്രയോചനപ്പെടുന്നരീതിയിൽ ഭവനനിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന ഏക സ്ഥാപനമാണ് അഞ്ചൽ ബ്ലോക്ക് ഹൗസിംഗ് സഹകരണസംഘം. ഇവിടെ നിന്നും കഴിഞ്ഞ 5 വർഷത്തിനിടയിൽ നമ്മുടെ പ്രദേശത്ത് 67 വീടുകൾ നിർമ്മിക്കുന്നതിന് മാത്രമാണ് സാമ്പത്തിക സഹായം നൽകിയിട്ടുള്ളത്. അതുപോലെ തന്നെ സർക്കാർ പദ്ധതികൾ വഴി കഴിഞ്ഞ 5 വർഷത്തിനുള്ളിൽ നിർമ്മിച്ചുട്ടുള്ളത് 200 വീടുകളാണ് ഇതിൽ 190 വീടുകൾ പണിപൂർത്തിയാക്കിയിട്ടുണ്ട്. നമ്മുടെ പാർപ്പിട പ്രശ്നം അത്ര രൂക്ഷമല്ലെങ്കിലും അടുത്ത 10 വർഷം കൊണ്ടുണ്ടാകുന്ന പാർപ്പിട പ്രശ്നം കൂടി കണക്കാക്കുമ്പോൾ അവ പൂർണമായും നിറവേറ്റാൻ കേവലം സർക്കാർ പദ്ധതികൾ കൊണ്ട് മാത്രം കഴിയുകയില്ല. ആയതിനാൽ നമുക്ക് ഇതിനായി ഒരു ജനകീയ പ്രസ്ഥാനം തന്നെ രൂപീകരിക്കേണ്ടത്

ആവശ്യമാണ്.

ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം ദുർബലരായ 772 കുടുംബങ്ങൾ ഇനിയും വീടുകൾക്ക് അർഹതപെട്ടവരാണ്. ഇവ കൂടാതെ അടുത്ത 5 വർഷത്തിനിടയിൽ ഉണ്ടാകാവുന്ന വർദ്ധനവ് കൂടി കണക്കിലെടുക്കുമ്പോൾ ഒരു വിഭാഗം കുടുംബങ്ങൾക്ക് സർക്കാരിതരസഹായം കൂടാതെ പറ്റില്ലായെന്ന് വ്യക്തമാണ്.

പട്ടിക 25

ബ്ലോക്ക് വഴി	പഞ്ചായത്തിലെ വിവിധ പദ്ധതികൾ വഴി ലഭിച്ചത്	I.R.D.P. സർവ്വെ പ്രകാരം ആവശ്യമുള്ളത്
106	94	772

(വിവിധ ഭവന നിർമ്മാണപദ്ധതി പ്രകരം കഴിഞ്ഞ 5 വർഷത്തിനിടയിൽ നിർമ്മിച്ച വീടുകൾ അവലംബം ബ്ലോക്ക് പഞ്ചായത്ത് രേഖ)

നിലവിലുള്ള ലക്ഷംവീട് കോളനികൾ, വിവിധ പദ്ധതി പ്രകാരം ദുർബല ജനവിഭാഗങ്ങൾക്കു നൽകിയിട്ടുള്ള വീടുകൾ എന്നിവയുടെ ഇന്നത്തെ നിലയും വളരെ ശോചനീയമാണ്. അവയുടെ അറ്റകുറ്റ പണികൾ കാലാകാലങ്ങളിൽ നടന്നിട്ടില്ല. ഇവയുടെ സ്ഥിതി മെച്ചപ്പെടുത്തേണ്ടതുണ്ട്.

ചേരി പ്രദേശങ്ങളിലും പുറംപോക്കിലും കുടിൽ കെട്ടി താമസിക്കുന്ന കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ താരതമ്യേന അവഗണിക്കാൻ പറ്റാത്ത ഒരു വിഭാഗമുണ്ട്. അവരേയും സംരക്ഷിക്കപെടേണ്ടതുണ്ട്.

ഇന്ന് കെട്ടിട നിർമ്മാണ രംഗത്ത് വലിയ മാറ്റങ്ങൾ ദൃശ്യമായികൊണ്ടിരിക്കുന്നു. അമിതമായ കോൺക്രീറ്റ് ഭ്രമവും അവയുടെ നിർമ്മാണവും നമ്മുടെ പ്രദേശത്തും പ്രകടമാണ്. കഴിഞ്ഞ 5 വർഷകാലത്തിനിടയിൽ ഉണ്ടായിട്ടുള്ള കെട്ടിടങ്ങളിൽ 60 % കോൺക്രീറ്റ് നിർമ്മിതമാണ്. ഇതുമൂലം ഉണ്ടാകുന്ന അധിക ചിലവ് സാമ്പത്തിക മേഖലയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

കെട്ടിട നിർമ്മാണരംഗത്ത് ഇന്ന് അനാവശ്യമായ ദുർവ്യയം വർദ്ധിച്ചിരിക്കുകയാണ്. ഇതിനെതിരെ ഫലപ്രദമായ ഒരു നീക്കവും ഇതുവരേയും ഈ പഞ്ചായത്തിൽ നടന്നിട്ടില്ല.

കെട്ടിട നിർമ്മാണരംഗത്ത് വർദ്ധനവു ഉണ്ടായിട്ടുണ്ടെങ്കിലും നിർമ്മാണപ്രവർത്തിനാവശ്യമായ സാമഗ്രികളിൽ ഒരു ഭാഗം പോലും ഈ പ്രദേശത്തു നിന്നും ഉൽപാദിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ചില ഇഷ്ടിക നിർമ്മാണസ്ഥാപനങ്ങളും സിമന്റ് കൊണ്ട് നിർമ്മിക്കുന്ന ജാളി, കൈവരി, തുടങ്ങിയവ നിർമ്മിക്കുന്ന ചെറിയ സ്വകാര്യ സ്ഥാപനങ്ങളുമാണ് ഇവിടെയുള്ളത് . കൂടാതെ ന മ്മുടെ പഞ്ചായത്ത് പ്രദേശമായ അറയക്കൽ, മലമേൽ ,പെരുമണ്ണൂർ, തടിക്കാട് എന്നി പ്രദേശങ്ങളിൽ കരിങ്കൽ മേഖലയുണ്ട്. ഇത് നാം ഫലപ്രദമായി ഉപയോഗിക്കേണ്ടതുണ്ട്.

കെട്ടിട നിർമ്മാണ സാമിഗ്രികളുടെ വിപണന കേന്ദ്രം നമ്മുടെ പഞ്ചായത്തിൽ ആയൂർ കേന്ദ്രമായി നിലകൊള്ളുന്നു. ഈ രംഗത്ത് സംഘടിതമായ ഒരു വിപണന രീതി ഉണ്ടായിട്ടില്ല. ഇവ സ്വകാര്യവ്യക്തികളുടെ നിയന്ത്രണത്തിലാണ് തുടരുന്നത്.

ഭൂമിയുടെ ക്രയവിക്രയം മൂലം അതിന്റെ കൈവശാവകാശം കുറയുന്നതനുസരിച്ച് മതിലുകൾ കെട്ടുന്ന സമ്പ്രദായം ഏറിയിട്ടുണ്ട്. ഇത് ഒരു ആർഭാടത്തിന്റെ ലക്ഷണമായും ഏറിവരുന്നുണ്ട്. ഇതുമൂലം പൊതുവികസനത്തിന് പല തടസ്സവും ഉണ്ടാകുന്നു. ആയതിനാൽ അവയുടെ നിർമ്മാണത്തെ നിരുത്സാഹപ്പെടുത്തി ജൈവവേലികൾ നിർമ്മിക്കുന്നതിനേക്കുറിച്ചു ചർച്ച ചെയ്യേണ്ടതുണ്ട്.

കെട്ടിടനിർമ്മാണ മേഖല ഇന്ന് ഒരു പ്രധാന തൊഴിൽ മേഖലയായി വളർന്നിട്ടുണ്ട്. സമീപകാലത്ത് കെട്ടിട നിർമ്മാണ വർദ്ധനവ് മൂലം വേതനത്തിലുണ്ടായ വർദ്ധനവും സ്ഥിരമായ തൊഴിൽ ലഭ്യതയുമാണ് ഇതിന് കാരണം. ഈ പഞ്ചായത്തിൽ 125 –150 രൂപ ശരാശരി വേതനം നിലനിൽക്കുന്നു . ഇതിൽ നേരിയ വിത്യാസം മാത്രമെ വനിതകൾക്കുള്ളൂ. എന്നിരുന്നാലും ഈ മേഖലയിൽ വൈദഗ്ധ്യരുടെ അഭാവം നിലനിൽക്കുന്നു . കോൺട്രാക്റ്റ് വ്യവസ്ഥിതിയും നമ്മുടെ പ്രദേശത്ത് കാണാൻകഴിയും.

പ്രശ്നങ്ങൾ

- ഗുണമേന്മയുള്ള നീർമ്മാണ സാമഗ്രികളുടെ അഭാവം.
- വിദഗ്ധ നിർമ്മാണതൊഴിലാളികളുടെ ദൗർലഭ്യം.
- ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പകൾ ലഭ്യമാക്കുന്നതിനുള്ള കാലതാമസം.
- ഭൂരഹിതർക്ക് സ്ഥലം ലഭിക്കുന്നതിനുള്ള പ്രശ്നം.
- കോളനികളിലെ പഞ്ചായത്തല സൗകര്യങ്ങളുടെ അപര്യാപ്തത.
- ദുർബ്ബലവിഭാഗങ്ങൾ പദ്ധതി പ്രകാരം ലഭിക്കുന്ന സമ്പത്തിന്റെ ദുർവിനിയോഗം.
- ബോധ വൽക്കരണത്തിന്റെ അപര്യാപ്തത.
- സാധനസാമഗ്രികളുടെ വിപണന മേഖലയിലെ ചൂഷണം.
- സാമ്പത്തിക പ്രയാസം.

നിർദ്ദേശങ്ങൾ

- ഹൗസിംഗ് സൊസൈറ്റികളുടെ പ്രവർത്തനം പഞ്ചായത്ത് തലത്തിലാക്കുക.
- ഗുണനിലവാരമുള്ള കെട്ടിടനിർമ്മാണസാമഗ്രികൾ വിതരണം ചെയ്യുന്നതിനുള്ള പൊതു മാർക്കറ്റുകൾ സ്ഥാപിക്കുക.
- തൊഴിലാളികളെ വൈദഗ്ധ്യമുള്ളവരാക്കുവാൻ പരീശീലനം നൽകുക.
- ചിലവ് കുറഞ്ഞ ഭവനനിർമ്മാണപദ്ധതികൾ പ്രചരിപ്പിക്കുക. അതിനാവശ്യമായ പരിശീലനം സംഘടിപ്പിക്കുക.
- കെട്ടിട നിർമ്മാണസാമിഗ്രികളുടെ പ്രദേശിക ഉദ്പാദനം പ്രോത്സാഹിപ്പിക്കുക. അതിനാവശ്യമായ സാമ്പത്തിക സഹായം ധനകാര്യസ്ഥാപനങ്ങൾ വഴി ലഭ്യമാക്കുക.
- ദുർബല ജനവിഭാഗങ്ങൾക്ക് ആവശ്യമായ പദ്ധതികൾ നടപ്പാക്കുമ്പോൾ മതിയായ ബോധവൽക്കരണം നടത്തേണ്ടതാണ്

- ഭൂരഹിതർക്കുള്ള ഭവനനിർമ്മാണ പദ്ധതികൾ പ്രാദേശിക സാദ്ധ്യതകൾക്ക് അനുസൃതമായി രൂപം നൽകുക.
- കോളനികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ശാസ്ത്രീയമായി പ്രാദേശിക പങ്കാളിത്തത്തോടെ നടപ്പാക്കുക.
- ജൈവ വേലികളുടെ പ്രചരണം ഊർജ്ജിതമാക്കുക.
- ലക്ഷം വീട് കോളനികൾ പുനരുദ്ധീകരിക്കുക.

സാമൂഹ്യക്ഷേമം

രണ്ടു വിധത്തിലുള്ള സാമൂഹ്യക്ഷേമ പദ്ധതികളാണ് പഞ്ചായത്തിൽ നടപ്പാക്കികൊണ്ടിരിക്കുന്നത്. ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളും (IRDP , Trysem , DWCRA) വിവിധ വിഭാങ്ങൾക്കുള്ള പെൻഷൻ ധനസഹായപദ്ധതികളും. ഐ.ആർ.ഡി.പി. സർവ്വേ അനുസരിച്ച് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ 2989 ആണ്. ഇതിൽ പട്ടികജാതി-വർഗ്ഗ കുടുംബങ്ങൾ 490 ആണ്. കഴിഞ്ഞ 5 വർഷത്തിനിടയിൽ ഐ.ആർ.ഡി.പി സഹായം ലഭിച്ച കുടുംബങ്ങൾ 268 ആണ്. ഇതിൽ 165 കുടുംബങ്ങൾ പട്ടികജാതിക്കാരാണ്. ഈ സഹായം വഴി 85 കുടുംബങ്ങൾ മാത്രമാണ് ദാരിദ്ര്യരേഖയ്ക്കു മുകളിൽ എത്തിയിട്ടുള്ളത്. ഇതിൽ നിന്നും ഈ പദ്ധതി ശരിയായ വിധത്തിൽ വിനിയോഗിച്ചില്ല എന്നു മനസ്സിലാക്കാം. ഐ.ആർ.ഡി.പി പദ്ധതിയുടെ ഉപവിഭാഗമായി തൊഴിൽ പരശീലന പരിപാടി (ട്രൈസം) ഗ്രാമീണ വനിത ശിശു വികസന പദ്ധതി, (ഡി. ഡബ്ല്യു, സി. ആർ. എ) എന്നിവയും സാമൂഹ്യക്ഷേമവകുപ്പ് വഴി നടപ്പാക്കുന്നു. ട്രൈസം പദ്ധതിയിലൂടെ തൊഴിൽ ലഭിച്ചവരുടെ എണ്ണം 51 ആണ്. ഇതിൽ 46 പേർ സ്വയം തൊഴിൽ കണ്ടെത്തിയവരാണ്. ഡി. ഡബ്ല്യു, സി.ആർ.എ പദ്ധതി പ്രകാരം ഈ കാലയളവിൽ പഞ്ചായത്ത് പ്രദേശത്ത് രണ്ട് പശു വളർത്തൽ യൂണിറ്റുകളാണ് ആരംഭിക്കാൻ സാധിച്ചത്. 20 സ്ത്രികൾക്ക് ഇതിലൂടെ ഗുണം ലഭിക്കുന്നു.

1996-ലെ കണക്കനുസരിച്ച് പഞ്ചായത്തിൽ വിവിധ ധനസഹായം ലഭിക്കുന്നവരുടെ എണ്ണം പട്ടിക 26 ൽ കാണുക.

പട്ടിക-26

(അവലംബം - വില്ലേജ്, എംപ്ലോയ്മെന്റ് രേഖ)

നമ്പർ	ആനുകൂല്യങ്ങളുടെ പേര്	ലഭിക്കുന്നവരുടെ എണ്ണം
1	വിധവാ പെൻഷൻ	62
2	വികലാംഗ പെൻഷൻ	03
3	വാർദ്ധക്യകാല പെൻഷൻ	27
4	ക്ഷയരോഗ പെൻഷൻ	07
5	കുഷ്ഠരോഗി പെൻഷൻ	04
6	ക്യാൻസർരോഗി പെൻഷൻ	17
7	കർഷക തൊഴിലാളി പെൻഷൻ	586
8	തൊഴിലില്ലായ്മ വേതനം	475

ധനസഹായം ലഭിക്കുന്നവരെല്ലാം അതിനർഹരാണ്. എന്നാൽ അർഹതയുള്ള നല്ലൊരു ഭാഗം ആളുകൾക്ക് ധനസഹായം ലഭിക്കുന്നില്ല എന്ന് ഗ്രാമസഭ റിപ്പോർട്ടുകളിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുന്നു. അതുപോലെ അപേക്ഷ നൽകാതിരിക്കുന്ന നിരവധി ജനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടെന്നു മനസ്സിലാക്കാം നിലവിലുള്ള എല്ലാ ക്ഷേമപദ്ധതികളുടേയും വ്യാപ്തി ഏറെ വർദ്ധിപ്പിക്കുകയും കാര്യക്ഷമമാക്കേണ്ടിയുമിരിക്കുന്നു.

വികാലാംഗർക്കുള്ള നിരവധി ക്ഷേമപദ്ധികൾ കാര്യക്ഷമമായി നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കുന്നില്ല. വളരെ ചുരുക്കം ആളുകൾക്ക് മാത്രമെ ഈ പദ്ധതികളുടെ ആനുകൂല്യം ലഭ്യമാകുന്നുള്ളു. ഇവ പരിഹരിക്കാൻ കഴിയുകയും വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ട കർമ്മപരിപാടി ആവിഷ്കരിക്കുകയും വേണം.

നമ്മുടെ പഞ്ചായത്തിൽ സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ അറയ്ക്കൽ, കൊമ്പേറ്റിമല എന്നിവിടങ്ങളിൽ രണ്ട് അംഗൻവാടികളാണ് പ്രവർത്തിക്കുന്നത്. ഇവയുടെ പ്രവർത്തനങ്ങൾ പൂർണ്ണമായ തോതിൽ ലഭിക്കുന്നില്ല എന്ന വസ്തുതയും നിലനിൽക്കുന്നു. അംഗൻവാടികളുടെ കുറവ്, ആരോഗ്യ പോക്ഷണ രംഗത്ത് പിന്നോക്കം പോകുന്നതിന് കാരണമായിട്ടുണ്ട്.

പ്രശ്നങ്ങൾ

- ദാരിദ്ര്യ നിർമാർജ്ജന പദ്ധതികൾ വളരെക്കുറച്ച് കുടുംബങ്ങൾക്ക് മാത്രമെ പ്രയോജനപ്പെടുന്നുള്ളു.
- പദ്ധതി വിവരങ്ങളെകുറിച്ചുള്ള അഞ്ജത.
- അഴിമതി
- ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള കാലതാമസം
- പദ്ധതി പ്രകാരം ലഭ്യമാക്കുന്ന സാധനസാമഗ്രികൾ വ്യവസ്ഥകൾക്കുവിപരീതമായി കൈമാറ്റം ചെയ്യപ്പെടുന്നു.
- ധനകാര്യ സ്ഥാപനങ്ങളിലൂടെ വായ്പ ലഭിക്കുന്നതിനുള്ള കാലതാമസം.
- സാങ്കേതിക പരിശീലന കേന്ദ്രങ്ങളുടെ അഭാവം.
- ട്രൈസം പദ്ധതി പ്രകാരം പരിശീലനം ലഭിച്ചവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വേണ്ട സ്കീമുകളുടെ അഭാവം.
- അവശവിഭാഗങ്ങളിൽ അർഹതയുള്ളവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.
- ക്ഷേമപ്രവർത്തനങ്ങളുടെ കാര്യക്ഷമതയില്ലായ്മ.
- വൃദ്ധമന്ദിരങ്ങളുടെ അഭാവം.
- ബോധവൽക്കരണത്തിന്റെ അഭാവം.

നിർദ്ദേശങ്ങൾ

- ☆ ഐ.ആർ.ഡി.പി ആനുകൂല്യം ലഭിക്കാത്തവർക്ക് ലഭ്യമാക്കാനുള്ള പരിപാടി.
- ☆ വനിതകൾക്കായി 20-25 പുതിയ D.W.C.R.A. യൂണിറ്റുകൾ രൂപികരിക്കൽ.
- ☆ ട്രൈസം പരിശീലനം പദ്ധതിയിൽ തൊഴിൽ സാദ്ധ്യതകൾക്കനുസരിച്ചുള്ള പരശീലനപരിപാടി ആവിഷ്കരിക്കുക.

☆ ധനസഹായ പദ്ധതികൾക്ക് അർഹരായവരെ കണ്ടെത്തുന്നതിനും ലഭ്യമാക്കുന്നതിനും പഞ്ചായത്തു തലത്തിൽ ജനകീയസംവിധാനം.

☆ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഗ്രാമസഭകളെ ഉപയോഗിക്കുക.

☆ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.

☆ മഹിളാസമാജങ്ങൾ, അംഗൻവാടികൾ, കോളനികൾ എന്നിവ കേന്ദ്രീകരിച്ച് പോഷകാഹാര വിതരണം, പ്രതിരോധ ചികിത്സാസംവിധാനം എന്നിവ നടപ്പാക്കുക.

☆ അംഗവൈകല്യം സംഭവിച്ചവർക്കുള്ള ക്ഷേമപദ്ധതികൾ നടപ്പാക്കുക.

☆ വൃദ്ധമന്ദിരം, അഗതി മന്ദിരം, സീസൺ ഡേകെയർ സെന്റർ എന്നിവ സ്ഥാപിക്കുക.

☆ ബോധവൽക്കരണം സംഘടിപ്പിക്കുക.

8- സംസ്കാരം

മാനവസമൂഹം ഇന്നുവരെ കൈവരിച്ചിട്ടുള്ള നേട്ടങ്ങളുടെ ആകെ തുകയാണ് സംസ്ക്കാരം. നമ്മളുടെ ഭാഷ, വേഷം ആചാരാനുഷ്ഠാനങ്ങൾ, ആരാധനാലയങ്ങൾ, ഉത്സാവാഘോഷങ്ങൾ വിവാഹങ്ങൾ, ഗ്രന്ഥശാലകൾ, കലാസംഘടനകൾ എന്നിവ നമ്മുടെ സംസ്കാരത്തിന്റെ പ്രതീകങ്ങളാണ്.

പ്രാചീനകാലത്ത് വായ്മൊഴിയിലൂടെ തലമുറകളിലേയ്ക്ക് കൈമാറിവന്ന സംസ്കാരം വരമൊഴിയിലൂടെ ഇന്ന് സമ്പുഷ്ടമായിത്തീർന്നിട്ടുണ്ട്. ഇലക്ട്രോണിക് മാധ്യമങ്ങൾ നമ്മുടെ പ്രാചീന സംസ്കാരത്തിന് മേൽ ചെലുത്തുന്ന സ്വാധീനം സാംസ്കാരികഅപചയങ്ങൾക്ക് വഴിയൊരുക്കുകയും സാധാരണകാർക്ക് അപ്രാപ്യമാകുകയും ചെയ്യുന്നു. മനുഷ്യാധ്വാനത്തിലും ജനപങ്കാളിത്വത്തിലും അടിയുറച്ച ഒരു വികസന പ്രക്രീയയിൽ ഇത്തരം സാംസ്കാരിക അപചയത്തെ തിരസ്കരിക്കുകയും ഒരു പുതിയ വികസന സംസ്കാരം വളർത്തിയെടുക്കുകയും ചെയ്തേ മതിയാകു.

സാംസ്കാരിക വളർച്ചയിൽ നമ്മുടെ വിദ്യാലയങ്ങളും , ഗ്രന്ഥശാലകളും, കലാസംഘടനകളും ആരാധനാലയങ്ങളും വഹിച്ചിട്ടുള്ള പങ്ക് വളരെ വലുതാണ്.

നമ്മുടെ പഞ്ചായത്തിൽ അറയ്ക്കൽ, മലമേൽ അസുരമംഗലം, പെരുമണ്ണൂർ കളരി ക്ഷേത്രങ്ങളോട്നുബന്ധിച്ച്. കഥകളി, ഓട്ടൻതുള്ളൽ, തിരുവാതിര, കുത്തിയോട്ടം, കമ്പടികളി, കുതിരകെട്ട് തുടങ്ങിയ കലകൾ അഭിവൃദ്ധി പ്രാപിച്ചിരക്കുന്നു. അറയ്ക്കൽ കേന്ദ്രമാക്കി കഥകളിയോഗം പ്രവർത്തിച്ചിരുന്നു . ഇന്ന് അവ നാമാവശേഷമായിരിക്കുന്നു. പ്രാചീന നാടൻകലകളായ കോലംതുള്ളൽ, പടയണി, കൂത്ത്, പാഠകം, തുടങ്ങിയവയും നാമാവശേഷമായികൊണ്ടിരിക്കുന്നു. ഇവയുടെ പുനഃരുദ്ധാരണത്തിന് യാതൊരുവിധമായ പരിശ്രമവും നടത്തിയിട്ടില്ല.

ഹിന്ദു, ക്രിസ്ത്യൻ, ഇസ്ലാം തുടങ്ങിയ മതവിഭാഗങ്ങൾ ഇടകലർന്ന് സൗഹാർദ്ദത്തോടെ ഇവിടെ കഴിയുന്നു. അറയ്ക്കൽ, മലമേൽ, പെരുമണ്ണൂർ, അസുരമംഗലം, കളരി ഭൂതനാഥക്ഷേത്രം, ആയൂർ ഭുവനേശ്വരി ക്ഷേത്രം എന്നിവ ഹിന്ദുക്കളുടെ പ്രധാന ആരാധനാലയങ്ങളാണ്, ആയൂർ ഓർത്തഡോക്സ് പള്ളി, അഞ്ചൽ ഓർത്തഡോക്സ് പള്ളി, പെരിങ്ങള്ളൂർ മാർത്തോമപള്ളി, മരങ്ങാട്ടുകോണം പള്ളി, ഇടമുളയ്ക്കൽ റീത്തു പള്ളി എന്നിവയാണ് ക്രിസ്തീയ ആരാധനാലയങ്ങൾ. പെരുങ്ങള്ളൂർ, വയയ്ക്കൽ,

തടിക്കാട് പള്ളികളാണ് മുസ്ലിങ്ങളുടെ പ്രധാന ആരാധനാലയങ്ങൾ.

ദേശീയ പ്രസ്ഥാനത്തോടൊപ്പം നമ്മുടെ പഞ്ചായത്തിലും അനൗപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉയർന്നു വന്നു. ഇവയിൽ പ്രധാനപ്പെട്ടവയാണ് വായനശാലകൾ, ഏകദേശം 50 വർഷങ്ങൾക്കുമുൻപ് പെരുമണ്ണൂർ, തടിക്കാട് എന്നിവിടങ്ങളിലാണ് വായനശാലകൾ ആദ്യമായി ഉണ്ടാകുന്നത്. തുർന്ന് പലഭാഗത്തും വായനശാലകളും, ഗ്രന്ഥാലയങ്ങളും പ്രവർത്തിച്ച് തുടങ്ങി. ഇപ്പോൾ പഞ്ചായത്ത് സാംസ്കാരിക നിലയമുൾപ്പടെ 9 ഗ്രന്ഥശാലകൾ നിലവിലുണ്ട്. മിക്കവാറും ഗ്രന്ഥശാലകളിന്ന് കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. വായനശാലകൾക്കു പുറമെ ഏകദേശം 15 കലാസമിതികളും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പല ഗ്രന്ഥശാലകൾക്കും കലാസമിതികൾക്കും സ്വന്തമായി സ്ഥലമോ, കെട്ടിടമോ ഇല്ല.

ടെലിവിഷൻ ശൃംഖലയുടെ അതിപ്രസരം സാംസ്കാരിക പ്രവർത്തനങ്ങളുടെ തീവ്രത കുറച്ചിട്ടുണ്ട്. ജനങ്ങളുടെ വായനാശീലവും കുറഞ്ഞ് വരുന്നതായി കാണാം. സാംസ്കാരിക പ്രസ്ഥാനങ്ങളുടെ ഉന്നമനത്തിന് പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളുടെ സഹായം വേണ്ടത്ര ലഭിക്കുന്നില്ലായെന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്.

പ്രശ്നങ്ങൾ

1 പഞ്ചായത്തിലെ 2,3,5,6,7 10 11 വാർഡുകളിൽ വായനശാലകളോ ഗ്രന്ഥശാലകളോ നിലവില്ല.
2. നിലവിലുള്ള ഗ്രന്ഥശാലകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.
3. വായനക്കാരുടെ എണ്ണം കുറഞ്ഞ് വരുന്നു.
4. നാടൻകലകൾ നാമാവശേഷമായികൊണ്ടിരിക്കുന്നു.
5 കലാസമിതികളുടെ പ്രവർത്തനം കാര്യക്ഷമമല്ല
6 പഞ്ചായത്തിലെ പല വാർഡുകളിലും കലാപോഷണത്തിനുള്ള സൗകര്യങ്ങളില്ല.
7 ടി.വി., കുട്ടികളുടെ വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുന്നു.
8. ഗ്രന്ഥശാലകളിലും സാംസ്കാരിക നിലയത്തിലും ദൃശ്യമാധ്യമസൗകര്യങ്ങളില്ല.
9. നമ്മുടെ വിവാഹങ്ങൾക്കും ആഘോഷങ്ങൾക്കും ആർഭാടം വർദ്ധിച്ചുവരുന്നു.

നിർദ്ദേശങ്ങൾ

1. നിലവിലുള്ള ഗ്രന്ഥശാലകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
2. ഗ്രന്ഥശാലകൾ നിലവിലില്ലാത്ത പ്രദേശങ്ങളിൽ ഗ്രന്ഥശാലകളോ, സാംസ്കാരിക നിലയങ്ങളോ ആരംഭിക്കുകയും, ടി.വി. സെറ്റുകൾ സ്ഥാപിക്കുകയും ചെയ്യുക.
3. വായനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ബോധവൽക്കരണം നടത്തുകയും മൊബൈൽ ഗ്രന്ഥശാലകൾ ആരംഭിക്കുകയും ചെയ്യുക.
4. കലാസമിതികളോട് ബന്ധപ്പെടുത്തി നാടൻ കലകൾക്ക് പ്രോത്സാഹനം നൽകുക.
5. കലാസമിതികൾക്കും, ഗ്രന്ഥശാലകൾക്കും സ്വന്തമായി കെട്ടിടവും ഗ്രാന്റും നൽകുക.
6. വിദ്യാർത്ഥികളെ ആകർഷിക്കുന്ന പരിപാടികൾ വൈകിട്ട് 7 മണിമുതൽ 9 മണിവരെ ടി.വി.യിലൂടെ പ്രക്ഷേപണം ചെയ്യാതിരിക്കുക.

7. വിവാഹങ്ങളും ആഘോഷങ്ങളും അനാർഭാടമാക്കുന്നതിന് ബോധവൽക്കരണം സംഘടിപ്പിക്കുക.
8. പഞ്ചായത്ത് സാംസ്കാരിക നിലയം വൈദ്യുതീകരിക്കുക. ടി.വി. സെറ്റ് സ്ഥാപിക്കുക.

9– വനിത

ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യയിൽ 51.03 % സ്ത്രീകളാണ്. പട്ടികജാതി വിഭാഗത്തിലും പുരുഷനേക്കാൾ കൂടുതൽ സ്ത്രീകൾ തന്നെയാണ്. മൊത്തം ജനസംഖ്യയിൽ 1000 പുരുഷൻമാർക്ക് 1042 സ്ത്രീകൾ വരും ഇത് സംസ്ഥാന–ജില്ലാ ശരാശരിയേക്കാൾ കൂടുതലാണ്. ഗ്രാമസഭാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആകെ 7565 കുടുംബങ്ങളിൽ 905 കുടുംബങ്ങൾ വനിതകളുടെ നിയന്ത്രണത്തിലുള്ളതാണ്. വിദ്യാഭ്യാസയോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം പുരുഷന്മാരെ അപേക്ഷിച്ച് കുറവാണെന്ന് കണക്കുകൾ കാണിക്കുന്നു. ആനുകാലികമായി നടത്തിയ ദ്വിതീയവിവര ശേഖരണത്തിലൂടെ ലഭിച്ചകണക്കുകൾ പ്രകാരം സ്ത്രികളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് പട്ടിക 27ൽ വ്യക്തമാക്കുന്നു.

പട്ടിക 27

തൊഴിൽ മേഖല	പുരുഷൻ	സ്ത്രി
കർഷകർ	2907	118
കർഷകതൊഴിലാളി	1450	1665
കശുവണ്ടി വ്യവസായം	126	3348
നിർമ്മാണപ്രവർത്തനം	168	155
വ്യാപാരവാണിജ്യം	767	62
ഇതരമേഖലകൾ	950	474
നാമമാത്ര തൊഴിൽ (തയ്യൽ etc)	420	653
മൃഗ–മത്സ്യമേഖല	311	12
ഖനനം	60	44
കുടിൽ വ്യവസായം	47	03
ഗതാഗതം	289	07
ആകെ	7507	6529

പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്തം 42.6 % വരുമ്പോൾ സ്ത്രീകളുടേത് 35.56 % മാത്രമാകുന്നു. കർഷകതൊഴിലാളികൾ, കശുവണ്ടിതൊഴിലാളികൾ, എന്നീ വിഭാഗങ്ങൾ മാത്രമാണ് സ്ത്രികളുടെ പ്രാതിനിധ്യത്തിൽ മുൻപന്തിയിൽ നിൽക്കുന്നത്. കശുവണ്ടി മേഖലയിലെ ,ഷെല്ലിംഗ്, പീലിംഗ്, ഗ്രെയിഡിംഗ് മുതലായവ സ്ത്രീകൾ മാത്രം ചെയ്യുന്ന തൊഴിലത്രേ. ഈ മേഖലയിൽ കഴിഞ്ഞ കുറേവർഷങ്ങളായി സ്ത്രീകളുടെ എണ്ണം കൂടി വരുന്നതായി കാണുന്നു. പാറക്വാറികളിലും മറ്റും ഈ അടുത്ത കാലത്തായി സ്ത്രീ തൊഴിലാളികൾ വർദ്ധിച്ച് വരുന്നതായി കാണാം. പൊതു പ്രവർത്തനത്തിന്റെ

വിവിധമേഖലകളിൽ വനിതകളുടെ പങ്കാളിത്തം വളരെ ക്കുറവാണ്. വനിതകളുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന തൊഴിൽ സ്ഥാപനങ്ങൾ വളരെ പരിമിതമാണ്. തൊഴിൽ രഹിതരായ യുവജനങ്ങളുടെ കൂട്ടത്തിൽ കൂടുതലും വനിതകളാണ്.

പ്രശ്നങ്ങൾ.

1. പൊതുരംഗത്ത് വനിതകളുടെ പങ്കളിത്തം വളരെക്കുറവാണ്.
2. വനിതകളുടെ തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കുന്നതിൽ കൂട്ടായ പരിശ്രമങ്ങൾ നടക്കുന്നില്ല.
3. സ്ത്രീകളിൽ സ്വാശ്രയശീലവും നേതൃഗുണവും വളർത്തിയെടുക്കാൻ ശ്രമിച്ചിട്ടില്ല.
4. പരമ്പരാഗത തൊഴിൽ മേഖലകളായ കശുവണ്ടി വ്യവസായത്തിലും, പാറകഖാറകളിലും നിലവിലുള്ള മോശപ്പെട്ട ഭൗതിക സാഹചര്യങ്ങൾ അനാരോഗ്യം സൃഷ്ടിക്കുന്നു.
5. സ്ത്രീകളുടെ സാമൂഹ്യ പദവി ഉയർത്താൻ ബോധവൽക്കരണപരിപാടികൾ ആസൂത്രിതമായി നടക്കുന്നില്ല.

നിർദ്ദേശങ്ങൾ

- പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വനിതയ്ക്കോ, വനിതകളുടെ കൂട്ടായ്മക്കോ നേതൃത്വമുള്ള ചെറുകിട വ്യ.വസായ സംരംഭങ്ങൾ ഉണ്ടാവണം.
- പഞ്ചായത്തിലെ രണ്ടു വില്ലേജുകളിലായി ഇപ്പോൾ നലവിലുള്ള രണ്ട് ഗ്രാമീണ വനിതാ ശിശുവികസന പദ്ധതി (DWCRA) യൂണിറ്റുകളുടെ മാതൃകയിൽ എല്ലാവാർഡുകളിലും (DWCRA) യൂണിറ്റുകൾ ആരംഭിക്കണം.
- വനിതകൾക്കനുയോജ്യമായ സ്വയം തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പഞ്ചായത്തിൽ ഒരു കേന്ദ്രീകൃത വനിതാ സാങ്കേതിക പരിശീലനകേന്ദ്രം ആരംഭിക്കണം.
- സ്ത്രീകളിൽ സമ്പാദ്യശീലവും സ്വാശ്രയത്വവും വളർത്താൻ നബാർഡിന്റെ നിർദ്ദേശാനുസരണമുള്ള സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകൾ (എസ്.എച്ച്. ജി) എല്ലാ വാർഡുകളിലും സംഘടിപ്പിക്കണം.
- തൊഴിലാളികളായ അമ്മമാരുടെ ശിശുക്കളെ പകൽ സമയങ്ങളിൽ സംരക്ഷിക്കുവാൻ ലക്ഷം വീടുകളും പട്ടികജാതി സങ്കേതങ്ങളും കേന്ദ്രീകരിച്ച് ക്രഷുകൾ സ്ഥാപിക്കുക.
- കശുവണ്ടി ഫാക്ടറികളിലും, പാറകഖാറികളിലും സ്ത്രീതൊഴിലാളികളുടെ ആരോഗ്യസംരക്ഷണത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉണ്ടാക്കുകുക.
- സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക.
- സ്ത്രീകളുടെ നേരെയുള്ള അതിക്രമങ്ങൾ തടയാനും സ്ത്രികളുടെ സാമൂഹ്യ പദവി ഉയർത്താനും, പ്രമുഖരായ വനിതാ പ്രവർത്തകരുടെ നേതൃത്വത്തിൽ വാർഡ്തോറും വിജിലൻസ് കമ്മിറ്റികൾ സംഘടിപ്പിക്കുക.
- അംഗൻ വാടികൾ ആരംഭിക്കുക.
- ഫാമിലി കൗൺസിലിംഗ് സെന്റർ ആരംഭിക്കുക.
- അശ്ലീല പരസ്യങ്ങൾ നിരോധിക്കുക.

10- സഹകരണം

ഇടമുളയ്ക്കൽ പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ച ആദ്യത്തെ സഹകരണ പ്രസ്ഥാനം 1929-ൽ അറയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കാണ്. അംഗങ്ങളിൽ നിന്ന് ഓഹരിയായി 5 രൂപ വീതം സ്വീകരിച്ച് കൊണ്ടാണ് പ്രവർത്തനം ആരംഭിച്ചത്.1936 ൽ ഇടമുളയ്ക്കൽ സഹകരണബാങ്കും പ്രവർത്തനം ആരംഭിച്ചു. സഹകരണ സംഘങ്ങൾ തങ്ങളുടെ അംഗങ്ങളിൽ നിന്ന് ഓഹരിയായി പിരിച്ചെടുത്ത തുക വായ്പയായി കൊടുക്കുകയും, റേഷൻ സാധനങ്ങൾ വിറ്റഴിക്കുകയും ചെയ്യുകയെന്നതായിരുന്നു ആദ്യകാലങ്ങളിൽ നടത്തിയിരുന്ന പ്രവർത്തനം 1960 ൽ ജില്ലാ സഹകരണ ബാങ്കുകൾ പ്രഥമിക സഹകണസംഘങ്ങൾക്ക് വായ്പ അനുവദിച്ചപ്പോൾ ഈ സഹകരണ പ്രസ്ഥാനങ്ങൾ തങ്ങളുടെ അംഗങ്ങൾക്ക് കാർഷിക വായ്പകൾ വിതരണം ചെയ്യുവാൻ തുടങ്ങി നമ്മുടെ പഞ്ചായത്തിലെ ആകെ വോട്ടർ മാരിൽ 50% ആളുകൾ സഹകരണപ്രസ്ഥാനങ്ങളിൽ അംഗങ്ങളാണ്. 80 % കർഷകരും ഇന്ന് സഹകരണമേഖലയെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിലെ സഹകരണസംഘങ്ങളുടെ വിവരം പട്ടിക 27-ൽ കൊടുക്കുന്നു.

പട്ടിക 27

അവലംബം- സഹകരണ രേഖ

സ്ഥാപിച്ച വർഷം	സംഘത്തിന്റെ പേര്	ജീവനക്കാരുടെ എണ്ണം	ഓഹരി മൂലധനം	വാർഷിക ടേൺ ഓവർ	അംഗങ്ങളുടെ എണ്ണം	ലാഭം/ നഷ്ടം
1929	അറയ്ക്കൽ സർവ്വീസ് സഹകരണബാങ്ക്	16	20 ലക്ഷം	5കോടി	9763	ലാഭം
1936	ഇടമുളയ്ക്കൽ സ. സഹകരണ ബാങ്ക്	6	30 ലക്ഷം	4.91 കോടി	5955	നഷ്ടം
1979	അറയ്ക്കൽ ക്ഷീരോ-ൽപ്പാദക സ.സംഘം	5	4080	4.82 ലക്ഷം	358	നഷ്ടം
1973	ആയൂർ ക്ഷീരവ്യവസാ-യ സഹകരണ സംഘം	12	35720	15 ലക്ഷം	800	ലാഭം
1974	കളക്ടീവ് ഡയറിഫാം ആയൂർ.	15	2.49 ലക്ഷം	35763	650	ലാഭം
1992	അറയ്ക്കൽ വനിതാ വ്യവസായ സ.സംഘം	9	60,000	15,804	26	നഷ്ടം

പഞ്ചായത്തിലെ മൂന്ന് സഹകരണപ്രസ്ഥാനങ്ങൾ നഷ്ടത്തിലും മൂന്നെണ്ണം ലാഭത്തിലും ആണ്.

കഴിഞ്ഞ കാലങ്ങളിൽ നിന്ന് വ്യത്യസ്ഥമായി സഹകരണ പ്രസ്ഥാനങ്ങൾ മറ്റ് ധനകാര്യ സ്ഥാപങ്ങളോടൊപ്പം മത്സരിക്കുന്നതിന് വേണ്ടി കൂടുതൽ കച്ചവട മനോഭാവം പ്രകടിപ്പിക്കുന്നതായി കാണാം. ഉയർന്ന ജനകീയ പിൻബലം സഹകരണ പ്രസ്ഥാനങ്ങളുടെ വിജയത്തിന്റെ അടിസ്ഥാനമായി കാണുവാൻ കഴിയും. തങ്ങളുടെ ലാഭവും നിക്ഷേപവും ഉൽപാദന സേവന മേഖലകൾ കണ്ടെത്തി പുനർനിക്ഷേപിക്കുവാൻ സഹകരണപ്രസ്ഥാനങ്ങൾ ശ്രമിക്കുന്നില്ലായെന്ന വസ്തുതയും നിലനിൽക്കുന്നു. ഈ പ്രസ്ഥാനങ്ങൾക്ക് നമ്മുടെ കാർഷിക വ്യവസായ മേഖലകളിൽ വലിയ സംഭവാനകൾ നൽകാൻ കഴിയും.

ക്ഷീരോൽപാദനമേഖലകളിൽ 3 സഹകരണസംഘങ്ങളാണ് പ്രവർത്തിക്കുന്നത്. ക്ഷീരകഷകർ പാൽ പ്രധാനമായും വിറ്റഴിക്കുന്നത് സഹകരണപ്രസ്ഥാനങ്ങളിലൂടെയാണ്. പഞ്ചായത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന പാൽ മുഴുവൻ വാങ്ങി വിറ്റഴിക്കുന്നതിന് ഈ സഹകരണസംഘങ്ങൾക്ക് കഴിയുന്നില്ലായെന്ന് ഗ്രാമസഭാ റിപ്പോർട്ടുകളിൽ നിന്ന് മനസ്സിലാക്കുവാൻ സാധിക്കുന്നു. ഉൽപാദനരംഗത്ത് ഈ സംഘങ്ങൾ ശ്രദ്ധിച്ചുകൊണ്ട് കൂടുതൽ ഉൽപാദനത്തിനും വിപണനത്തിനുമുള്ള സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയണം.

പഞ്ചായത്തിൽ ഒരു വനിതാ വ്യവസായ സഹകരണസംഘംമാത്രാണ് പ്രവർത്തിക്കുന്നത് ഇത് പൂർണ്ണമായ അർത്ഥത്തിൽ പ്രവർത്തിക്കുന്നില്ലായെന്ന് മനസ്സിലാക്കുന്നു. ഈ രംഗത്തുള്ള സാദ്ധ്യത വളരെ വലുതാണ്. ഇടയം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന കൈത്തറി കുടിൽ വ്യവസായത്തിന്റെ വളർച്ചയ്ക്ക് വേണ്ടി രൂപീകരിച്ച കൈത്തറി വ്യവസായ സഹകരണസംഘം നാളിതുവരെ ആരംഭിച്ചിട്ടില്ല. സ്വന്തമായി വസ്തു ഉള്ള ഈ പ്രസ്ഥാനം പ്രവർത്തനം തുടങ്ങുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ചെയ്യേണ്ടിരിക്കുന്നു ഈ രംഗത്തുള്ള സാധ്യത മനസ്സിലാക്കികൊണ്ട് ആവശ്യമായ പദ്ധതികൾ ആവ്ഷ്കരിക്കണം.

പ്രശ്നങ്ങൾ

- ക്രഡിറ്റ് സഹകരണസംഘങ്ങളും, ക്ഷീരോത്പാദക സഹകരണസംഘങ്ങളും കൃഷിക്കാരുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുന്നതിൽ വേണ്ടത്ര താൽപര്യം കാണിക്കുന്നില്ല.
- സങ്കുചിതമായ കക്ഷി-രാഷ്ട്രീയാടിസ്ഥാനത്തിലുള്ള മത്സരങ്ങൾ
- പുതിയ പ്രവർത്തനമേഖലകളിയലേയ്ക്ക് കടന്ന കയറുവാനുള്ള ആത്മധൈര്യമില്ലായ്മ
- അമിതമായ എസ്റ്റാബിളിഷ്മെന്റ് ചിലവ്.
- ദുർവ്യയം.
- ക്ഷീരോൽപാദകരംഗത്തുള്ള സാധ്യതകൾ ഉപയോഗിക്കുന്നില്ല.
- വനിതാ- വ്യവസായ സഹകരണസംഘങ്ങൾ രൂപീകരിക്കുവാനുള്ള സാധ്യത പ്രയോജനപ്പടുത്തുന്നില്ല.
- കൈത്തറിമേഖല വികസിപ്പിക്കുന്നതിനു ള്ള സാധ്യത പ്രയോജനപ്പടുത്തുന്നില്ല.
- പഞ്ചായത്തിന്റ പൊതു വികസനത്തിൽ സഹകരണസ്ഥാപനങ്ങളുടെ പങ്കാളിത്തക്കുറവ്.
- ഡിപ്പാർമെന്റൽ മേധാവിത്വം.
- അമിത പലിശ.
- സാങ്കേതിക നവീകരണത്തിന്റെ അഭാവം.
- കർശനമായ വായ്പാനടപടിച്ചട്ടങ്ങൾ.

നിർദ്ദേശങ്ങൾ

- ✯ ക്രെഡിറ്റ് സംഘങ്ങൾ അംഗങ്ങളുടെ ആവശ്യത്തിനനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുക.
- ✯ പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കുക.
- ✯ സഹകരണമേഖലകളിൽ ചെറുകിട വ്യവസായ സംരഭങ്ങൾ രൂപീകരിക്കുക.
- ✯ പ്രൊഫഷണൽ മാനേജ്മെന്റ് പരിശീലനം.
- ✯ പുതിയ ക്ഷീരോത്പാദക സഹകരണസംഘങ്ങൾ രൂപികരിക്കുക.
- ✯ വനിതാ വ്യവസായ സഹകരണസംഘങ്ങൾ രൂപികരിക്കുക.
- ✯ കാർഷിക വായ്പകളുടെ പലിശ കുറയ്ക്കുകയും ദീർഘകാലവായ്പകൾ ആവിഷ്കരിക്കുകയും ചെയ്യുക.
- ✯ കൈത്തറി സഹകരണസംഘത്തിന്റെ പ്രവർത്തനം ആരംഭിക്കുക.
- ✯ മത്സ്യകൃഷി ആരംഭിക്കുന്നതിന് സഹകരണപ്രസ്ഥാനങ്ങൾ മുന്നോട്ട് വരുകയും മത്സ്യസഹകരണ സംഘങ്ങൾ രൂപികരിക്കുകയും ചെയ്യുക.
- ✯ പഞ്ചായത്തിന്റെ വികസനപദ്ധതികൾ ഏറ്റെടുക്കുക.
- ✯ വായ്പാനടപടിച്ചട്ടങ്ങൾ ലഘൂകരിക്കുക.
- ✯ കാർഷിക ഉൽപന്നങ്ങൾ വാങ്ങി വിൽപനനടത്തുക.
- ✯ മാതൃകാ സഹകരണ നിയമം നടപ്പിലാക്കുക.

11- പട്ടികജാതി-പട്ടിക വർഗ്ഗക്ഷേമം

നമ്മുടെ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യ 1991 ലെ സെൻസസ് കണക്ക് പ്രകാരം 4056 ആണ്. പട്ടിക ജാതിക്കാരിൽ 1992 പുരുഷന്മാരും , 1998 സ്ത്രീകളും ഉൾപ്പെടെ 3990 പേരും പട്ടിക വർഗ്ഗത്തിൽ 29 പുരുഷന്മാരും 37 സ്ത്രികളും ഉൾപ്പടെ 66 പേരുമുണ്ട്. പട്ടികജാതി വിഭാഗത്തിൽ 490 കുടുംബങ്ങൾ ദാരിദ്യരേഖയ്ക്കുതാഴെയാണ് 1 മുതൽ 12 വരെ വാർഡുകളിൽ ഏതാണ്ട് 30 കേന്ദ്രങ്ങളിലായി പട്ടികജാതിക്കാൽ കൂട്ടമായി താമസ്സിക്കുന്നു. 10-ാം വാർഡിലെ മാരൂർ-ഇടുപടിക്കലും , 11-ാം വാർഡിലെ കുരുവിക്കുന്നും മാത്രമാണ് തീവ്ര പട്ടികജാതിസങ്കേതങ്ങളായി അംഗീകരിച്ചട്ടുള്ളത്. ആഗീകൃത പട്ടികജാതി സങ്കേതങ്ങളായി 17 എണ്ണവും ഉണ്ട്. ഇനിയും നിരവധി സങ്കേതങ്ങളെ പട്ടിക ജാതി സങ്കതങ്ങളായി സർവ്വേ നടത്തി അംഗീകരിക്കേണ്ടതുണ്ട്. അംഗീകൃത പട്ടികജാതിസങ്കേതങ്ങളിൽ മിക്കവയിലും അടിസ്ഥാന സൗകര്യങ്ങളില്ല. 11 സങ്കേതങ്ങളിൽ മാത്രമാണ്, വൈദ്യുതി എത്തിയിട്ടുള്ളത്. ഇതിൽ 97 കുടുംബങ്ങൾ വൈദ്യുതീകരിച്ചിട്ടുണ്ട്. കുടിവെള്ളം, ശുചിത്വപരിപാലനം എന്നിവയിലും പുരോഗതിയില്ല. പട്ടികജാതിക്കാരിൽ നല്ലൊരു വിഭാഗം കർഷകത്തൊഴിലാളികളാണ്. സ്ത്രീകളിൽ ഒരു വിഭാഗം കശുവണ്ടി തൊഴിലാളികളുമാണ്. 25 % ആളുകൾ നിരക്ഷരരാണ്. കുട്ടികളിൽ ഒട്ടുമിക്കവരും സ്കൂളിൽ പോകുന്നുണ്ടെങ്കിലും പഠനകാലത്തുതന്നെ കൊഴിഞ്ഞ്പോകുന്ന പ്രവണതകാണുന്നു.

ബഹുജന സംഘടനാ നേതൃത്വത്തിൽ അപൂർവ്വമായെങ്കിലും പട്ടികജാതികാർക്ക് പങ്കുണ്ട്. പുരോഗമനപ്രസ്ഥാനങ്ങളുടെ ശക്തമായ ഇടപെടൽ നിമിത്തം ഇവരുടെ സാമൂഹ്യ പദവി ഉയർത്താനും, ഉച്ചനീചത്വം ഒരു പരിധിവരെ ഒഴിവാക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഭവനരാഹിത്യവും സാനിട്ടറി സൗകര്യക്കുറവും കൂടുതലാൾക്കാരേയും ബാധിക്കുന്നു. ജാതി പറഞ്ഞ് ആക്ഷേപിക്കുന്ന രീതി നിലവിലില്ല. കോളനികളിലല്ലാതെ ഒറ്റപ്പെട്ടുകഴിയുന്ന പട്ടിക ജാതികാർക്കും പലപ്പോഴും ആനുകൂല്യങ്ങൾ കിട്ടാറില്ലെന്ന് പരാതിയുണ്ട്. പട്ടിക ജാതി പട്ടികവർഗ്ഗ ക്ഷേമത്തിന് സംസ്ഥാനത്ത് നിരവധി പദ്ധതികൾ ഉണ്ടായിട്ടുകൂടി ഉദ്ദേശിച്ച അളവിൽ ഫലം ഉണ്ടായിട്ടുണ്ടോ എന്ന കാര്യത്തിൽ സംശയമുണ്ട്.

പ്രശ്നങ്ങൾ

- ✯ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത.
- ✯ സാമ്പത്തിക പിന്നോക്കാവസ്ഥ.
- ✯ തൊഴിൽ പരമായ പിന്നോക്കാവസ്ഥ..
- ✯ അർഹമായ ആനുകൂല്യങ്ങൾ നേടിയെടുക്കുവാനുള്ള മാർഗ്ഗളെപ്പറ്റിയുള്ള അറിവല്ലായ്മ.
- ✯ ഗവൺമെന്റ് ചിലവാക്കുന്ന പണത്തിന്റെ ഗുണഫലങ്ങൾ പൂർണ്ണമായും ലഭിക്കാത്ത അവസ്ഥ .

നിർദ്ദേശങ്ങൾ

- ✯ 20 കുടുംബങ്ങളിൽ കൂടുതൽ തിങ്ങിപ്പാർക്കുന്ന എല്ലാ സങ്കേതങ്ങളിലും തീവ്രപട്ടികജാതി സങ്കേതങ്ങളാക്കണം.
- ✯ ഇനിയും അംഗീകരിക്കപ്പെട്ടിട്ടില്ലാത്ത കോളനികളെ സർവ്വെ നടത്തി പട്ടികജാതി കോളനികളാക്കണം.
- ✯ 3-ാം വാർഡിലെ അകമൺ, 10-ാം വാർഡിലെ മാരൂർ 11-ാം വാർഡിലെ കുരുവികുന്ന്, 12-ാം വാർഡിലെ ചേന്നറ തുടങ്ങിയ പട്ടിക ജാതി കോളനികളിലേയ്ക്ക് ഗ്രാമ സഭാ നിർദ്ദേശത്തിൻറെ അടിസ്ഥാനലത്തിൽ പുതിയ റോഡുകൾ നിർമ്മിക്കണം.
- ✯ ഇനിയും വൈദ്യുകരിച്ചിട്ടില്ലാത്ത എല്ലാ കോളനികളും വൈദ്യുതീകരിക്കണം.
- ✯ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന കോളനികളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി കുഴൽക്കിണറുകൾ നിർമ്മിക്കണം.
- ✯ 20 കുടുബങ്ങളിലധികം താമസിക്കുന്ന കോളനികളിൽ കമ്മ്യൂണിറ്റിഹാളും ടി. വി. സെറ്റും സ്ഥാപിക്കുക. ചെറിയ കോളനികളിൽ കിയോസ്ക് സ്ഥാപിച്ച് ടി.വി. നൽകുക.
- ✯ ഒറ്റപ്പെട്ടു കഴിയുന്ന പട്ടികജാതി കുടുംബകാർക്കും കോളനികളുടെ പ്രയോജനം ലഭ്യമാക്കുക.
- ✯ അടുത്തുള്ള കോളനികൾക്ക് 1 എന്ന നിലയിൽ സീസൺ ഡേകെയർ സെന്റർ സ്ഥാപിക്കുക.
- ✯ ആരോഗ്യം, വിദ്യാഭ്യാസം, സമ്പാദ്യശീലം, സാമൂഹ്യപദവി എന്നിവയെപ്പറ്റി ബോധവൽക്കരണം നടത്തുന്നചുമതല ത്രൈമാസപദ്ധതിയായി ഗ്രാമ പഞ്ചായത്ത് ഏറ്റെടുക്കുക.
- ✯ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്തോഫിസിൽ ഏകജാലകപരിപാടി നടപ്പിലാക്കുക.

12–വിഭവസമാഹരണം.

ഇതര പഞ്ചായത്തുകളെ അപേക്ഷിച്ച് ധനസ്ഥിതിയിൽ നമ്മുടെ പഞ്ചായത്ത് മുന്നിലാണെങ്കിലും കഴിഞ്ഞ കുറെ വർഷങ്ങളായി വരുമാനത്തിൽ വളർച്ച കാണുന്നില്ല. പഞ്ചായത്തിന്റെ വിസ്തൃതിയ്ക്കും ജനസംഖ്യക്കും അനുസരിച്ച് വികസനപ്രവർത്തനങ്ങൾ നടത്താൻ ആവശ്യമായ വരുമാനം ഇല്ലെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. (പട്ടിക–28)

പട്ടിക–28

സാമ്പത്തിക വർഷം	വരവ് രൂപ	ചെലവ് രൂപ
1992–93	12,004,88	13,283,55
1993–94	14,930,34	13,015,39
1994–95	14,617,82	12,284,74
1995–96	20,070,11	14,352,47

വിവിധ മേഖലകളിലുള്ള ധനവിനിയോഗം പരിശോധിച്ചാൽ ആകെയുള്ള 32 % തുക പൊതുമരാമത്ത് പണികൾക്കാണ് വിനിയോഗിക്കുന്നതെന്ന് കാണാം. 1994–95 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്ക് പട്ടിക 29 ൽ കാണുക. പട്ടിക പരിശോധിക്കുമ്പോൾ സേവനമേഖലകൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനും വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ലെന്ന് കാണാം. ഭരണ ചിലവ് മൊത്തം ചിലവിന്റെ 33% ആയിരിക്കുന്നു. മനുഷ്യാദ്ധ്വാനം സംഘടിപ്പിച്ച് നിർമ്മാണപ്രവർത്തനങ്ങൾ ജനകീയ മാക്കാനുള്ള ശ്രമങ്ങൾ ഒന്നും നടക്കുന്നില്ല. പഞ്ചായത്ത് ഫണ്ടിനെ ആശ്രയിച്ച് മാത്രമാണ് വികസനപ്രവർത്തനങ്ങൾ നടക്കുന്നത്. ഗ്രാമപഞ്ചായത്തുകൾ വഴിയും ബ്ലോക്ക്പഞ്ചായത്ത് വഴിയും ദുർബലവിഭാഗങ്ങൾക്ക് വേണ്ടി നടത്തുന്ന സാമ്പത്തിക സഹായ പദ്ധതികളോട് ചില ദേശവൽകൃതബാങ്കുകൾ മുഖം തിരിഞ്ഞ് നിൽക്കുന്നതും ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. ബാങ്ക് മേധാവികളുടെ വ്യക്തിപരമായ താത്പര്യക്കുറവാണിതിന് കാരണം.

പട്ടിക 29

അവലംബം – പഞ്ചായത്ത് രേഖ

വരവ്			ചെലവ്		
ഇനം	തുക	ശതമാനം	ഇനം	തുക	ശതമാനം
കെട്ടിടനികുതി	297104	26.92	ഭരണചിലവ്	600483	33.14
തൊഴിൽ നികുതി	259305	23.40	മരാമത്ത്	567652	31.33
E.T	51061	4.63	വിദ്യാഭ്യാസം	54628	3.01
A.E.T	30701	2.78	ആരോഗ്യം	1688	0.09
S. Tax	9821	0.34	തെരുവ് വിളക്ക്	146508	8.08
ചന്ത	116746	10.55	മറ്റിനം	440964	29.33
ലൈസൻസ് ഫീസ്	29528	2.67			
ഡ്യൂട്ടി വിഹിതം	222445	20.15			
മറ്റിനം	68669	6.22			
നിക്ഷേപം	20955				
ആകെ	1461782		ആകെ	1228474	

നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ ജീവിതമാർഗ്ഗംകൃഷിയും അനുബന്ധമേഖലയിൽനിന്നുള്ള വരുമാനമാണ്. സർക്കാർ ഉദ്യോഗം, കച്ചവടം, കൈത്തൊഴിൽ എന്നിവ കൊണ്ട് ഉപജീവനം തടത്തുന്നവർ മറ്റൊരു വിഭാഗമുണ്ട്. ചന്ത, സ്റ്റാൾ എന്നിവ ലേലം ചെയ്ത്കൊടുത്തു ലഭിക്കുന്ന വാർഷിക വരുമാനമാണ് പഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗങ്ങളിലൊന്ന്. കെട്ടിടനികുതി, തൊഴിൽക്കരം, ലൈസ,ൻസ് ഫീസ്, വിനോദനികുതി എന്നിവയിലൂടെയും തനത് വരുമാനമുണ്ട്.

പഞ്ചായത്തതിർത്തിയ്ക്കുള്ളിൽ സാമ്പത്തിക സേവനം നടത്തുന്ന പ്രധാന ധനകാര്യ സ്ഥാപനങ്ങൾ പൊതുമേഖലാബാങ്കുകളും, സഹകരണസ്ഥാപനങ്ങളുമാണ്. ചില സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളും പ്രവർത്തിച്ച് വരുന്നു. എന്നാൽ പഞ്ചായത്തിനുള്ളിൽ നിന്നും സ്വീകരിക്കുന്ന നിക്ഷേപത്തിനനുസരിച്ച് വായ്പ നൽകുന്നതിൻ ഒട്ടു മിക്ക ബാങ്കുകളും പിന്നിലാണ്. വിദേശമലായാളികളായി 850 ലധികം ആളുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. വിദേശത്തുനിന്നും സമ്പാദിക്കുന്ന പണം കെട്ടിനിർമ്മാണത്തിനും, പ്രത്യുൽപാദനപരമല്ലാത്ത കാര്യങ്ങൾക്കുമായി അവർ ചിലവിടുന്നു.

മനുഷ്യാദ്ധ്വാനം യഥേഷ്ടം ലഭ്യമായ നമ്മുടെ പഞ്ചായത്തിൽ അത് സംഘടിപ്പിച്ച്

വികസനപ്രവർത്തനങ്ങൾ നടത്താനുള്ള ശ്രമങ്ങളൊന്നും ശ്രദ്ധേയമായി നടന്നിട്ടില്ല. സേവനമേഖലയിൽ കൂടുതൽ ധനവിനിയോഗം നടന്നാൽ മാത്രമെ പഞ്ചായത്തിലുള്ള ജനസംഖ്യക്കനുസൃതമായ ക്ഷേമപ്രവർത്തനങ്ങളൾ നടത്തുവാൻ കഴിയുകയുള്ളു. വിവിധ ഏജൻസികളിൽ നിന്നും ഗ്രാന്റ് ലഭിക്കുന്നത് പരിശോധിച്ചാൽ വളരെ പരിമിധമാണെന്ന് കാണാം . ഭൂമിശാസ്ത്രപരമായി അതിവിസ്തൃതവും 200 കി.മി. ലധികം നീളംവരുന്ന പഞ്ചായത്തു റോഡുകളും ഉള്ള നമ്മുടെ പഞ്ചായത്തിന് വില്ലേജ് റോഡ് മെയിന്റനൻസ് ഗ്രാന്റായി കഴിഞ്ഞ വർഷം ലഭിച്ചത് 64283 രൂപയാണ്. മൈനർ ഇറിഗേഷന് വേണ്ടി 24000 രൂപയും, വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ ഇനത്തിൽ 4,73,372 രൂപയും, ജവഹർ തൊഴിൽദാനപദ്ധതിയനുസരിച്ച് 3,31,145 രൂപയും കിട്ടി. ഗ്രാന്റുകൾ പങ്കുവയ്ക്കുമ്പോൾ കഴിഞ്ഞകാലങ്ങളിൽ തുല്യത പാലിച്ചിട്ടില്ലെന്ന് മറ്റു പല പഞ്ചായത്തുകളുടേയും കണക്ക് പരിശോധിച്ചാൽ മനസ്സിലാകും

പ്രശ്നങ്ങൾ

- ✯ തനതു വരുമാനത്തിന്റെ നിരക്ക് തൃപ്തികരമല്ല, നികുതി സാദ്ധ്യതകളൾക്കനുസരിച്ച് വരുമാനം ഉയർന്നിട്ടില്ല.
- ✯ നികുതി അസ്സെസ്സ്മെന്റ് ശാസ്ത്രീയമല്ല.
- ✯ വിനോദനികുതിയുടെ 25 % ശ്രദ്ധക്കുറവുമൂലം നഷ്ടമാവുന്നു.
- ✯ പ്രത്യുൽപാദനപരമല്ലാത്ത ചിലവ് വർദ്ധിക്കുന്നു,
- ✯ ഗൾഫ് പണം ഉൽപാദന, സേവനമേഖലകളിൽ വിനിയോഗിക്കപ്പെടുന്നില്ല.

നിർദ്ദേശങ്ങൾ

- ✱ വിദേശ സമ്പാദ്യം ഉപയോഗിച്ച് പഞ്ചായത്തിൽ തൊഴിൽ സംരംഭം നടത്തുക.
- ✱ നികുതി വെട്ടിപ്പ് തടഞ്ഞും, യഥാർത്ഥവരുമാനം കണക്കാക്കിയും അസ്സസ്സ്മെന്റ് നടത്തിയും വരുമാനം വർദ്ധിപ്പിക്കുക.
- ✱ വിവിധ വകുപ്പുകളുടെ കീഴിലുള്ള പുറംപോക്ക് ഭൂമികൾ പഞ്ചായത്തിന് കൈമാറുക.
- ✱ ആയൂരിലുള്ള ഫോറസ്റ്റ് വക ഭൂമി പഞ്ചായത്ത് ഏറ്റെടുത്ത് ഷോപ്പിംഗ് കോപ്ലക്സ് നിർമ്മിക്കുക.
- ✱ ഒരു ഹെക്ടർ മുതൽ റബ്ബർ തോട്ടങ്ങൾക്ക് പ്ലാന്റേഷൻ ടാക്സ് ഏർപ്പെടുത്തുക.
- ✱ റജിസ്ട്രേഷൻ വകുപ്പിന്റെ വസ്തു കൈമാറ്റനികുതി പൂർണ്ണമായും പഞ്ചായത്തിന് നൽകുക.
- ✱ ടാറിംഗ് ഒഴികെയുള്ള പഞ്ചായത്തിന്റെ പണികൾ ജനകീയ സമിതികളെ ഏൽപ്പിക്കുക.
- ✱ ആയൂരിൽ ആവശ്യമായ സ്ഥലം വാങ്ങി ബസ് സ്റ്റാൻഡും, ഷോപ്പിങ്ങ് കോപ്ലക്സും നിർമ്മിക്കുക.
- ✱ ആയൂരിലുള്ള പഞ്ചായത്ത് ഹാൾ ഉപയോഗയോഗ്യമാക്കി വാടകയ്ക്ക് നൽകുക.
- ✱ ടൂറിസത്തിന് വളരെയധികം സാധ്യതയുള്ള മലമേൽ പ്രദേശം ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിക്കുക.
- ✱ പരസ്യബോർഡുകൾക്ക് നികുതി ഏർപ്പെടുത്തുക.
- ✱ സ്റ്റെപ്പ്-അപ്പ് ട്രാൻസ്ഫോർമറുകൾ ഉപയോഗിക്കുന്ന വൈദ്യുത ഉപഭോക്താക്കളിൽനിന്നും ആഡംബരനികുതി പിരിയ്ക്കുക.

ഒൻപതാം പദ്ധതി ജന പങ്കാളിത്തത്തോടെ, പഞ്ചായത്തുതലത്തിൽ നടപ്പാക്കുന്നതിനുള്ള ഒരു മാർഗ്ഗരേഖയാണ് ഈ വികസന റിപ്പോർട്ട്. ഇത് ഒരു തുടക്കമാണ്, ഒരു മാതൃകയാണ്.

കഴിഞ്ഞ നാലു പതിറ്റാണ്ടിനുള്ളിൽ വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങി സാമൂഹ്യ ജീവിതത്തിന്റെ വിവിധ മേഖലകളിൽ നമ്മുടെ നാട് വന്മിച്ച നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്ന് നാം അഭിമാനത്തോടെ സ്മരിക്കുന്നു. അതേ സമയം ജീവിതത്തിന്റെ മറ്റു പല മേഖലകളിലും നമ്മുട നാട് പിറകിലാണെന്നും സമഗ്രവികസനം എന്ന ലക്ഷ്യത്തിലേയ്ക്ക് ഇനിയും ദൂരമേറെയുണ്ടെന്നും നാം മനസ്സിലാക്കുന്നു. പുരോഗതിയിലേയ്ക്ക് സഞ്ചരിക്കാൻ ജനകീയ ഐക്യമാണ് ഏറ്റവും ആവശ്യമായതെന്ന് നാം വിശ്വസിക്കുന്നു. സമൂഹത്തിന്റെ അടിത്തട്ടിലുള്ളവരെ വിസ്മരിച്ചും വിഗണിച്ചും ജനപങ്കാളിത്തമില്ലാതെ നടത്തുന്ന വികസന പദ്ധതികൾ വിജയിക്കുകയില്ലെന്ന ചരിത്രപാഠം കാലത്തിന്റെ ചുവരിൽ തെളിഞ്ഞു കാണുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് സമസ്ത ജനവിഭാഗങ്ങളേയും ഉൾക്കൊള്ളുന്ന ജനകീയാസൂത്രണത്തിന്റെ വിശാല നൂതന മാർഗ്ഗത്തിൽ നാം എത്തിനിൽക്കുന്നത്.

അധികാരം ഇപ്പോൾ നമ്മുടെ കൈകളിലാണ്. നമ്മേ നയിക്കേണ്ടതും, നാടു വളർത്തേണ്ടതും നമ്മൾ തന്നെ. നമ്മുടെ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് വേണ്ടി ഒത്തൊരുമയോടെ പ്രയത്നിയ്ക്കാൻ ഈ വികസന റിപ്പോർട്ട് സഹായകരമാകട്ടെ !



ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്ത് ഭരണസമിതി

വാർഡ് നമ്പർ	വാർഡ്	പേര്	സ്ഥാനം
6	പടിഞ്ഞാറ്റിക്കര	സരോജാവിദ്യാധരൻ	പ്രസിഡന്റ്
9	ഇടയം	എം. രാജേന്ദ്രൻ	വൈ. പ്രസിഡന്റ്
10	പൊടിയാട്ടുവിള	കെ. ഷംസുദ്ദീൻ	സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ
1	ആയൂർ	കടയിൽ ബാബു	പഞ്ചാ: മെമ്പർ
2	ആയൂർ ഈസ്റ്റ്	പി. ഗോപിനാഥൻപിള്ള	പഞ്ചാ: മെമ്പർ
3	പെരിങ്ങള്ളൂർ	സി.ജി. വർഗ്ഗീസ്	പഞ്ചാ: മെമ്പർ
4	ഇടമുളയ്ക്കൽ	ബാബുജോർജ്ജ്	പഞ്ചാ: മെമ്പർ
5	ചെമ്പകരാമനല്ലൂർ	ലീലാമ്മകോശി	പഞ്ചാ: മെമ്പർ
7	മതുരഷ	ശ്യാമളരാജൻ	പഞ്ചാ: മെമ്പർ
8	തടിക്കാട്	ലൈലാസലീം	പഞ്ചാ: മെമ്പർ
11	വാളകം ഈസ്റ്റ്	എം.സി. സുരേഷ്കുമാർ	പഞ്ചാ: മെമ്പർ
12	വാളകം	ഓമനക്കുഞ്ഞമ്മ	പഞ്ചാ: മെമ്പർ
13	പെരുമണ്ണൂർ	പി. ആർ. ജയപ്രകാശ്	പഞ്ചാ: മെമ്പർ

ജനകീയാസൂത്രണ ജില്ലാതല പരിശീലനം നേടിയവർ

പി. അനിൽ (കൺവീനർ), എസ്സ്. ദേവദാസൻ , കെ. ജെ. ജോർജ്ജ്, കെ. എൽ. ജേക്കബ്ബ്, എ. അജനപ്രസാദ്, എൽ. പ്രസാദ്, എൻ. സുന്ദരേശൻ, ജി. സത്യദിനേശൻ (പഞ്ചായത്ത് സെക്രട്ടറി), എസ്. ഷീബ (കൃഷി ആഫീസർ)

ശാസ്ത്രീയ വിവരങ്ങൾ തയ്യാറാക്കാൻ സഹായം നൽകിയത്
വിനയൻ (CESS)

Typesetting by: Zed, College jn., Kollam-1, Printed at: Jaicem Offset ,Kollam-1, Ph: 76174